بسم الله الرحمن الرحیم
نحمده ونصلی علي رسوله الکریم. وعلی عبده المسیح الموعود

# സത്യമിത്രം
മാസിക

ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം


എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

**2006**
**മാർച്ച് – ഏപ്രിൽ**

1180 മീനം– മേടം
1427 സഫർ – റബീഉൽഅവ്വൽ
1385 അമാൻ – ശഹാദത്ത്

പുസ്തകം 6
ലക്കം 2
വില 10 രൂപ

**SATHYAMITHRAM**
ANSARULLAH PUBLICATION

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.



***Postal Address :***
Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1


## വി ഷ യ വി വ രം


**ആമുഖം**

ആദ്യത്തിലും അവസാനത്തിലും നബിക്കുശേഷം ഖിലാഫത്ത് ............ 4

**യുഗനാദം**

ദൃഢജ്ഞാനം കരസ്ഥമാക്കുക ............ 5

**വിശുദ്ധ ഖുർആൻ**

സൂറത്തുൽ ബഖ്റഃ അർത്ഥം വ്യാഖ്യാനം ............ 6

**ലേഖനം**

മഹായുദ്ധത്തിന് തിരികൊളുത്തുമോ? ............ 12
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്

വസിയ്യത്ത് ചെയ്തവർ ............ 13

ഇറാഖ് തകർക്കപ്പെടും ............ 14
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

ഖിലാഫത്ത് ഒരു മഹാനുഗ്രഹം ............ 24
ഹസ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.

വാഗ്ദത്ത പരിവർത്തനകാരി ............ 28
ടി. ശംസുദ്ദീൻ, കണ്ണൂർ


തങ്ങൾ സാഹിബ്; ഭക്തിസാന്ദ്രമായ ജീവിതം ............ 31
മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് എച്ച്.എ.

അമുസ്ലിം രാഷ്ട്രവും മുസ്ലിംകളും ............ 35

അനുസ്മരണം ............ 39

വാർത്തകൾ, ഏകദിന തർബിയത്ത് ക്യാമ്പ് ............ 41

സിദ്ദീഖ് സാഹിബിന്റെ വേർപാട് ............ 42


കവർ:
**മുഹമ്മദീ മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ വഫാത്തിനുശേഷം ഖിലാഫത്ത് സ്ഥാനത്ത് ഉപവിഷ്ഠനായ അൽഹാജ് മൗലാനാ ഹസ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ)**

**മെയ് 27 ഖിലാഫത്ത് ദിനം**




بسـم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

# ആദ്യത്തിലും അവസാനത്തിലും നബിക്കുശേഷം ഖിലാഫത്ത്

നബി(സ) തിരുമേനിയുടെ ഐശ്വര്യസമ്പൂർണ്ണമായ കാലഘട്ടത്തിൽ പ്രതാപവാനായ അല്ലാഹു ആ മഹാത്മാവിന്റെ കാലത്തിനുശേഷം വരാൻപോകുന്ന ആത്മീയനേതൃത്വത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: "നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്കു മുമ്പുള്ളവർക്ക് ഖിലാഫത്ത് നല്കിയതുപോലെ തീർച്ചയായും അവർക്കും ഖിലാഫത്ത് നല്കുമെന്നും അവർക്കായി അവൻ തൃപ്തിപ്പെട്ട ദീനിനെ പ്രബലപ്പെടുത്തിക്കൊടുക്കുമെന്നും അവരുടെ ഭയത്തിനുശേഷം നിർഭയത്വം പകരം കൊടുക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു." (*അന്നൂർ, 56*)

തനിക്കുശേഷം ഉണ്ടാകാൻപോകുന്ന ആത്മീയനേതൃത്വത്തെക്കുറിച്ച് സുവാർത്ത അറിയിച്ചതിനുശേഷം ആ ആത്മീയനേതൃത്വത്തിന് ഭാവിയിലുണ്ടാകാൻപോകുന്ന വ്യതിയാനത്തെ സംബന്ധിച്ച് നബി(സ) തിരുമേനി തന്റെ പ്രതാപകാലത്തുതന്നെ മുന്നറിയിപ്പു നല്കി: "അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം നിങ്ങളിൽ നുബുവ്വത്ത് നിലനില്ക്കും; പിന്നെ അവനതിനെ ഉയർത്തും. അനന്തരം, അല്ലാഹു ഇച്ഛിക്കുന്നകാലത്തോളം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലനിർത്തും; പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം അല്ലാഹു ഇച്ഛിക്കുന്നതുവരെ സ്വേച്ഛാധിപത്യം നിലനില്ക്കും; പിന്നെ അവൻ അതിനെ എടുത്തുകളയും. അനന്തരം, അല്ലാഹു ഇച്ഛിക്കുന്നകാലത്തോളം ബലാൽക്കാരപൂർവ്വമായ ഭരണം നിലനിർത്തും; പിന്നെ അവൻ അതിനേയും എടുത്തുകളയും. പിന്നീട് നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് ഉണ്ടായിവരും." (*മിശ്കാത്ത്- കിതാബുർരിഖാഖ്*)

ഇതിൽനിന്ന് ആദ്യവും അവസാനവും നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലനില്ക്കുമെന്ന് വ്യക്തമായി. അതായത്, ബലാൽക്കാരപൂർവ്വമായ ഭരണത്തിനുശേഷം ഒരു നബി ആഗതനാവുകയും അദ്ദേഹത്തിനുശേഷം, നബി(സ)ക്കുശേഷം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് വന്നതുപോലെ, ഖിലാഫത്ത് നിലവിൽവരികയും വേണം.

ഈ ഖിലാഫത്ത് വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിമസീഹായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നു ശേഷം അല്ലാഹു പൂർത്തിയാക്കി. വാഗ്ദത്ത മസീഹ് നബിയായിരിക്കുമെന്ന് നബി(സ) തിരുമേനി നാല് പ്രാവശ്യം പറഞ്ഞതായി സഹീഹ് മുസ്‌ലിമിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ വാഗ്ദത്ത മഹ്ദി മസീഹിന്റെ വഫാത്തിനുശേഷം 1908 മെയ് 27 -ന് നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്തിനെ അല്ലാഹു സ്ഥാപിച്ചു.

മുസ്‌ലിംകളുടെ രക്ഷ മുഴുവൻ കുടികൊള്ളുന്നത് ഇസ്‌ലാമിന്റെ ശക്തികേന്ദ്രമായ ഈ ഖിലാഫത്തിൽ വിശ്വസിക്കുന്നതിലാണ്. ഇല്ലെങ്കിൽ കഴിഞ്ഞതിനേക്കാൾ ദാരുണമായ അവസ്ഥയായിരിക്കും വരാൻ പോകുന്നത്. കാരണം അല്ലാഹു ഖിലാഫത്ത് നല്കിയതിനു ശേഷം അതിനെ നിഷേധിക്കുന്നവർ അധർമ്മികളാണെന്ന് (25:56) അവൻ പറയുന്നു.

•



# ദൃഢജ്ഞാനം കരസ്ഥമാക്കുക

ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)

**ദൈ**വം എന്നെ ഈ ലോകത്തേക്ക് അയച്ചിരിക്കുന്നത്, മാർഗ്ഗഭ്രംശം സംഭവിച്ച മനുഷ്യരാശിയെ സഹിഷ്ണുതയിലൂടെയും സൽസ്വഭാവത്തിലൂടെയും സഹനത്തിലൂടെയും ദൈവത്തിലേക്കും അവന്റെ സംശുദ്ധമായ അദ്ധ്യാപനങ്ങളിലേക്കും അടുപ്പിക്കുകയും എനിക്ക് നൽകപ്പെട്ട പ്രകാശത്താൽ അവരെ സത്യമാർഗ്ഗത്തിൽ ചലിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ്. ദൈവം ഉണ്ട് എന്ന ദൃഢബോധ്യം ലഭിക്കുന്നതരത്തിലുള്ള പ്രബലമായ തെളിവുകളാണ് മനുഷ്യന് ഇന്നാവശ്യം. കാരണം ദൈവത്തിന്റെ അസ്തിത്വത്തിലും അവന്റെ വെളിപാടിലൂടെ ലഭിച്ചിട്ടുള്ള മാർഗ്ഗദർശനത്തിലും വിശ്വാസം ഇല്ലാത്തതുകൊണ്ടാണ് ഒരു വലിയ സമൂഹം നാശത്തിലേക്ക് ഇന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ അസ്തിത്വം അംഗീകരിക്കുന്നതിനുള്ള ഋജുവും യുക്തവുമായ ഒരേയൊരു മാർഗ്ഗം ദൈവം തന്റെ വരിഷ്ഠദാസർ മുഖേന നൽകുന്ന പരോക്ഷജ്ഞാനങ്ങളെ കുറിച്ചും ഗുപ്തമായ കാര്യങ്ങളെക്കുറിച്ചും ഭാവിയിൽ നടക്കാൻ പോകുന്ന സംഭവങ്ങളെക്കുറിച്ചുമുള്ള അറിവുകളാണ്. മനുഷ്യശക്തിക്ക് ഒരിക്കലും ചെന്നെത്താൻ കഴിയാത്ത അതിനിഗൂഢ രഹസ്യങ്ങൾ അവൻ തന്റെ സമീപസ്ഥരായ ദാസർക്ക് അറിയിച്ചുകൊടുക്കുന്നു. ദൈവികശക്തിപ്രഭാവവും ദൈവകല്പനയും അടങ്ങിയ ഭാവിസംഭവങ്ങളും പരോക്ഷവാർത്തകളും മനുഷ്യന് തന്റെ കയ്യൂക്കുകൊണ്ട് ഒരിക്കലും നേടിയെടുക്കാൻ സാധ്യമല്ലെന്ന് നിസ്സംശയം പറയാം. അതുകൊണ്ട് വഴിതെറ്റിയ ജനതയെ ദൈവികാടയാളങ്ങൾ മുഖേന യഥാർത്ഥപന്ഥാവിലൂടെ നടത്താൻ മുഴുവൻ മനുഷ്യരിൽനിന്ന് എന്നെ തിരഞ്ഞെടുത്തു എന്നത് ദൈവം എന്നോട് ചെയ്ത വലിയൊരു ഔദാര്യമാണ്. എന്നാൽ, ക്രിസ്തീയ മതാനുയായികളും പാതിരിമാരും സത്യത്തിൽനിന്ന് ബഹുദൂരം അകന്നതായും, അവർ നേർമാർഗ്ഗത്തിൽനിന്ന് സ്വയം അകലുക മാത്രമല്ല ആയിരക്കണക്കിന് മൈലുകൾ താണ്ടി കരയിലും കടലിലും സഞ്ചരിച്ച് മറ്റുള്ളവരേയും തങ്ങളെപ്പോലെ ആക്കിത്തീർക്കാൻ ശ്രമിക്കുന്നതായും വാനലോകത്തുനിന്ന് ദൈവം ദർശിച്ചതു കാരണം മനുഷ്യരോട് കരുണയുള്ള ദൈവം മനുഷ്യരെ ഇവരുടെ ചതിക്കുഴിയിൽനിന്നും രക്ഷിക്കാൻ ആഗ്രഹിക്കുകയും അങ്ങനെ അവൻ തന്റെ മസീഹായ ഈയുള്ളവനെ അയക്കുകയും ചെയ്തു. ഹദ്റത്ത് ഈസാ നബി(അ)ന്റെ ശരീരത്തെ തുളയ്ക്കുകയും മുറിവേൽപ്പിക്കുകയും ചെയ്ത ആ കുരിശ്, ഈ മസീഹ് തെളിവുകളാകുന്ന ആയുധംകൊണ്ട് തകർക്കുന്നതാണ്. *(തരിയാഖുൽ ഖുലൂബ്, പേ-13-14)*

•

**വിശുദ്ധ ഖുർആൻ**

# സൂറ: ബഖറ

**(മക്കയിൽ അവതരിച്ച അദ്ധ്യായം)**

## അർത്ഥം, വ്യാഖ്യാനം

وَاتَّبَعُوا مَا تَتْلُوا الشَّيٰطِيْنُ عَلٰى مُلْكِ سُلَيْمٰنَ ۚ وَ
مَا كَفَرَ سُلَيْمٰنُ وَلٰكِنَّ الشَّيٰطِيْنَ كَفَرُوْا يُعَلِّمُوْنَ
النَّاسَ السِّحْرَ وَمَآ اُنْزِلَ عَلَى الْمَلَكَيْنِ بِبَابِلَ
هَارُوْتَ وَمَارُوْتَ ۚ وَمَا يُعَلِّمٰنِ مِنْ اَحَدٍ حَتّٰى
يَقُوْلَآ اِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ ۚ فَيَتَعَلَّمُوْنَ مِنْهُمَا
مَا يُفَرِّقُوْنَ بِهٖ بَيْنَ الْمَرْءِ وَزَوْجِهٖ ۚ وَمَا هُمْ بِضَآرِّيْنَ
بِهٖ مِنْ اَحَدٍ اِلَّا بِاِذْنِ اللّٰهِ ۚ وَيَتَعَلَّمُوْنَ مَا يَضُرُّهُمْ
وَلَا يَنْفَعُهُمْ ۚ وَلَقَدْ عَلِمُوْا لَمَنِ اشْتَرٰىهُ مَا لَهٗ فِى
الْاٰخِرَةِ مِنْ خَلَاقٍ ۚ وَلَبِئْسَ مَا شَرَوْا بِهٖٓ اَنْفُسَهُمْ ۚ
لَوْ كَانُوْا يَعْلَمُوْنَ ﴿١٠٢﴾

**103**

**"സുലൈമാന്റെ ഭരണകൂടത്തിനെതിരെ പിശാചുക്കൾ ഓതിക്കേൾപ്പിക്കാറുള്ള കാര്യത്തെയാണ് ഇവർ (യഹൂദികൾ) പിൻതുടർന്നിരിക്കുന്നത്. സുലൈമാൻ കുഫ്ർ(അവിശ്വാസം) ചെയ്തിട്ടില്ല. എന്നാൽ പിശാചുക്കളാണ് അവിശ്വസിച്ചിരിക്കുന്നത്. അവർ ജനങ്ങൾക്ക് സിഹ്റ് (വഞ്ചനാകൃത്യം) പഠിപ്പിക്കാറുണ്ടായിരുന്നു. എന്നാൽ (ഇതിനു വിരുദ്ധമായി) ബാബിലോണിയായിൽ ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ട് മലക്കുകളിൽ ഇറക്കപ്പെട്ടതിന്റെ (യഥാർത്ഥ അവസ്ഥ) ഇതാണ്. "ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്. അതുകൊണ്ട് നീ നിഷേധിയാവരുത്" എന്ന് പറയാതെ അവർ ആർക്കും ഒന്നും പഠിപ്പിക്കാറുണ്ടായിരുന്നില്ല. ആ ജനത അവർ രണ്ടുപേരിൽനിന്നും ഭർത്താവിനും ഭാര്യക്കും ഇടയിൽ അകൽച്ചയുണ്ടാക്കുന്നതരത്തിലുള്ള കാര്യങ്ങൾ പഠിച്ചിരുന്നു. എന്നാൽ, അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ അതുമുഖേന ആർക്കും അവർ ഒരുപദ്രവും ഏൽപ്പിക്കാറുണ്ടായിരുന്നില്ല. എന്നാൽ (ഇതിനുവിരുദ്ധമായി) പിശാചുക്കളിൽനിന്ന് പഠിക്കുന്നവർ അവർക്ക് ഉപദ്രവമുണ്ടാക്കുന്ന, ഒരു ഗുണവും ചെയ്യാത്ത കാര്യങ്ങളാണ് പഠിച്ചിരുന്നത്. ഈ കച്ചവടം ചെയ്തവർക്കറിയാം അവർക്ക് പരലോകത്ത് യാതൊരംശവും ഉണ്ടാവില്ലെന്ന്. എന്തിനുപകരം അവർ സ്വന്തം ആത്മാക്കളെ വിറ്റിരിക്കുന്നുവോ അതെത്ര നികൃഷ്ടം- അവർ ഇത് ഗ്രഹിച്ചിരുന്നുവെങ്കിൽ."**

*പദാർത്ഥം*

وَاتَّبَعُوا അവർ പിൻപറ്റുന്നു. مَا تَتْلُوا ഏതൊന്ന് ഓതിക്കേൾപ്പിച്ചോ الشَّيٰطِيْنُ പിശാചുക്കൾ عَلٰى مُلْكِ ഭരണകൂടത്തിനെതിരെ سُلَيْمٰنَ സുലൈമാൻ وَمَا كَفَرَ നിഷേധിച്ചിട്ടില്ല سُلَيْمٰنُ സുലൈമാൻ وَلٰكِنَّ പക്ഷെ الشَّيٰطِيْنَ പിശാചുക്കൾ كَفَرُوْا അവർ നിഷേധിച്ചു يُعَلِّمُوْنَ അവർ പഠിപ്പിക്കുന്നു النَّاسَ ജനങ്ങൾക്ക് السِّحْرَ മാരണം. വഞ്ചനാകൃത്യം وَمَآ اُنْزِلَ ഏതൊന്ന് ഇറക്കപ്പെട്ടുവോ عَلَى الْمَلَكَيْنِ രണ്ട് മലക്കുകളിൽ بِبَابِلَ ബാബിലോണിയായിൽ هَارُوْتَ നല്ലതുപോലെ പിളർക്കുന്നവൻ وَمَارُوْتَ നല്ലതുപോലെ തകർക്കുന്നവൻ وَمَا يُعَلِّمٰنِ അവർ രണ്ടുപേരും പഠിപ്പിച്ചിരുന്നില്ല مِنْ اَحَدٍ ആർക്കും حَتّٰى يَقُوْلَآ അവർ രണ്ടുപേരും പറയുന്നതുവരെ (പറയാതെ) اِنَّمَا نَحْنُ നിശ്ചയമായും ഞങ്ങൾ فِتْنَةٌ ഒരു പരീക്ഷണമാണ്. فَلَا تَكْفُرْ അതിനാൽ നീ അവിശ്വസിക്കരുത് فَيَتَعَلَّمُوْنَ എന്നിട്ട് അവർ പഠിച്ചിരുന്നു مِنْهُمَا രണ്ടാളിൽനിന്നും

مَا يُفَرِّقُونَ ഭിന്നിപ്പുണ്ടാക്കുന്നത് بِهِ അതുകൊണ്ട്, അതിനാൽ
بَيْنَ الْمَرْءِ മനുഷ്യന്റെ ഇടയിൽ وَزَوْجِهِ അവന്റെ ഇണയുടേയും
وَمَا هُمْ അവരല്ലതാനും بِضَارِّينَ ഉപദ്രവം വരുത്തുന്നവർ بِهِ ഇതു
മുഖേന مِنْ أَحَدٍ ആർക്കും إِلَّا بِإِذْنِ اللَّهِ അല്ലാഹുവിന്റെ അനു
മതി കൂടിയല്ലാതെ وَيَتَعَلَّمُونَ അവർ പഠിക്കുന്നു مَا يَضُرُّهُمْ
അവർക്ക് ഉപദ്രവം വരുത്തുന്നത് وَلَا يَنْفَعُهُمْ അവർക്ക് ഉപകാരം
ചെയ്യാത്തതും وَلَقَدْ عَلِمُوا തീർച്ചയായും അവർ അറിഞ്ഞിട്ടുണ്ട്
لَمَنِ اشْتَرَاهُ അതിനെ വാങ്ങിയവൻ مَا لَهُ അവനില്ല
فِي الْآخِرَةِ പരലോകത്തിൽ مِنْ خَلَاقٍ ഒരു ഓഹരിയും وَلَبِئْسَ
വളരെ ചീത്തതന്നെ مَا شَرَوْا بِهِ അവർ വിറ്റത് أَنْفُسَهُمْ തങ്ങളെ
لَوْ كَانُوا അവർ ആയിരുന്നെങ്കിൽ يَعْلَمُونَ അറിയുന്നവർ.

---

*വ്യാഖ്യാനം*

വിശുദ്ധഖുർആൻ വ്യാഖ്യാതാക്കൾക്ക് വ്യാഖ്യാനിക്കുന്നതിൽ വളരെ പ്രയാസം നേരിട്ട ആയത്തുകളിൽ ഒരായത്താണിത്. ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് ചില വ്യാഖ്യാതാക്കൾ പറഞ്ഞത് ലോകത്ത് രണ്ട് പ്രാവശ്യം സിഹ്റ് (മാരണം) പഠിപ്പിക്കപ്പെടുകയുണ്ടായി എന്നാണ്. ഒന്ന് സുലൈമാൻ നബി(അ)ന്റെ കാലത്ത് പിശാച് ജനങ്ങളുടെ ഇടയിൽ വേഷപ്രച്ഛന്നനായി അവരോടൊപ്പം ചേരുകയും അങ്ങനെ അവർക്ക് സിഹ്റ് പഠിപ്പിക്കുകയും ചെയ്തു. മറ്റൊരിക്കൽ ബാബിലോണിയായിൽ ഹാറൂത്ത് മാറൂത്ത് എന്നു പേരുള്ള രണ്ട് മലക്കുകളെ അല്ലാഹു ഇറക്കുകയും അവർ രണ്ടുപേരും ജനങ്ങൾക്ക് സിഹ്റ് പഠിപ്പിക്കുകയും ചെയ്തു. എന്നാൽ, ഇവർ അല്ലാഹു ഞങ്ങളെ നിങ്ങൾക്ക് ഒരു പരീക്ഷണമായിട്ടാണ് ഇറക്കിയിട്ടുള്ളതെന്നും, സിഹ്റ് പഠിക്കുന്നത് കുഫ്റാണെന്നും (നിഷേധമാണ്) നിങ്ങൾ നിഷേധികളാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ഞങ്ങൾ സിഹ്റ് പഠിപ്പിച്ചുതരാമെന്നുമാണ് ജനങ്ങളോട് പറഞ്ഞത്." ഈ രണ്ട് സംഭവങ്ങളാണ് ഈ ആയത്തിൽ വിവരിക്കുന്നതെന്നാണ് വ്യാഖ്യാതാക്കളുടെ അഭിപ്രായം.

ഇതുമായി ബന്ധപ്പെട്ട പല കഥകളും ജനങ്ങൾക്കിടയിൽ നിലവിലുണ്ട്. അതിൽ ചിലത് ഇതാണ്. ഹദ്റത്ത് സുലൈമാൻ(അ)ന്റെ വിരലിൽ ഒരു മോതിരമുണ്ടായിരുന്നു. അതിന്റെ പേര് 'ഖാത്തമു സുലൈമാൻ'എന്നാണ്. ഇതിന്റെ അനുഗ്രഹം കൊണ്ടായിരുന്നു അദ്ദേഹം എല്ലാ പ്രവർത്തിയും ചെയ്തിരുന്നത്. ഒരിക്കൽ അദ്ദേഹത്തെ പറഞ്ഞുപറ്റിച്ച് പിശാച് ഈ മോതിരം കൈക്കലാക്കി. മോതിരം നഷ്ടപ്പെട്ടതുകാരണം സുലൈമാൻ നബി(അ) വർഷങ്ങളോളം അലഞ്ഞുതിരിഞ്ഞുനടന്നു. ആ കാലത്ത് അദ്ദേഹത്തിന്റെ രൂപത്തിൽ പിശാച് ഭരണം നടത്തിക്കൊണ്ടിരുന്നു. വർഷങ്ങൾക്കുശേഷം ഈ മോതിരം ഒരാൾക്ക് കിട്ടുകയും അദ്ദേഹം അത് സുലൈമാൻ(അ)ന് നൽകുകയും ചെയ്തു.

ഹാറൂത്ത്, മാറൂത്ത് എന്നിവരും ഇവരുടെ കഥയിലെ കഥാപാത്രങ്ങളാണ്. കഥ ഇപ്രകാരമാണ്. ഹാറൂത്ത്, മാറൂത്ത് എന്നിവർ രണ്ട് മലക്കുകളാണ്. ആദം നബിയുടെ കാര്യത്തിൽ മലക്കുകൾ പറഞ്ഞതാണ് പിന്നീട് സത്യമായി പുലർന്നതെന്ന് പറഞ്ഞ് അല്ലാഹുവിനെ ആക്ഷേപിച്ചവരാണ് ഇവർ രണ്ടുപേരും. ആദമിനെ സൃഷ്ടിച്ചപ്പോൾ അല്ലാഹുവിനോട് മലക്കുകൾ പറഞ്ഞിരുന്നു അല്ലാഹുവേ, ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും രക്തച്ചൊരിച്ചിലുകൾ ഉണ്ടാക്കുകയും ചെയ്യുന്ന സൃഷ്ടികളേയാണ് നീ സൃഷ്ടിക്കുന്നത്. ഇതുകേട്ടപ്പോൾ അല്ലാഹു പറഞ്ഞത് നിങ്ങൾക്ക് അതിനെക്കുറിച്ചറിയില്ല എന്നാണ്. എന്നാൽ പിന്നീട് മനുഷ്യൻ പിശാചുമായി കൂട്ടുകൂടുകയും ഭൂമിയിൽ കുഴപ്പവും രക്തച്ചൊരിച്ചിലും ഉണ്ടാക്കുകയും ചെയ്തു. അങ്ങനെ മലക്കുകൾ പറഞ്ഞവാക്കുകൾ സത്യമായി പുലർന്നു. "ഹാറൂത്തും മാറൂത്തും അല്ലാഹുവിനോട് പറഞ്ഞു. ഞങ്ങളാണ് ഭൂമിയിൽ ഉണ്ടായിരുന്നതെങ്കിൽ ഒരു കുഴപ്പവും ഭൂമിയിൽ ഉണ്ടാകുമായിരുന്നില്ല." ഇതുകേട്ടപ്പോൾ അല്ലാഹു പറഞ്ഞു. "അങ്ങനെയാണെങ്കിൽ നിങ്ങൾ ഭൂമിയിലേക്ക് പോവുക. നിങ്ങൾ അവിടെ എന്തുചെയ്യുന്നു എന്ന് നോക്കട്ടെ." ഇതിനുശേഷം ഹാറൂത്തും മാറൂത്തും ഭൂമിയിൽ വരികയും ജനങ്ങളോടൊപ്പം താമസിക്കുകയും ചെയ്തു. അവർക്ക് 'ഇസ്മെ അഅ്സമും' 'സിഹ്റും' അറിയാമായിരുന്നു. അവർ ജനങ്ങൾക്ക് സിഹ്റ് പഠിപ്പിച്ചുകൊടുത്തു. ജനങ്ങൾ സ്വന്തം ഇഷ്ടപ്രകാരമാണ് നിഷേധം സ്വീകരിക്കുന്നത് എന്ന് വരുത്തിത്തീർക്കാനാണ് അവർ സിഹ്റ് ജനങ്ങൾക്ക് പഠിപ്പിച്ചുകൊടുത്തിരുന്നത്. സിഹ്റ് പഠിപ്പിക്കുമ്പോൾ ആദ്യം അവർ ജനങ്ങളോട് പറയും. "ഇതാ നോക്കൂ! ഇത് പഠിച്ചാൽ നിഷേധിയായിത്തീരും. ആർക്കാണോ നിഷേധിയാകാൻ ആഗ്രഹമുള്ളത് അവർ ഇത് പഠിക്കുക." ഇതെല്ലാം പറഞ്ഞതിനുശേഷവും ജനങ്ങൾ സിഹ്റ് പഠിക്കും. അവർ സിഹ്റ് പഠിപ്പിച്ചിരുന്നത് പുരുഷന്മാർക്ക് മാത്രമാണ്. ഇതുകാരണം സിഹ്റ് പഠിച്ച ഭർത്താക്കന്മാരിൽനിന്നും ഭാര്യമാർ വേർപിരിഞ്ഞുപോകും. ഇങ്ങനെ സിഹ്റ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നതിന്നിടയിലാണ് സുഹ്റ എന്ന പേരുള്ള ഒരു ദുർന്നടപ്പുകാരി 'ഇസ്മെ അഅ്സം' പഠിക്കാൻവേണ്ടി ഹാറൂത്തിന്റേയും മാറൂത്തിന്റേയും അടുത്ത് വരുന്നത്. ഈ സ്ത്രീയെ കണ്ടപ്പോൾ അവരിരുവരും അവളിൽ ആകൃഷ്ടരായി. അങ്ങനെ ഒരു ദിവസം അവർ രണ്ടുപേരും (നഊദുബില്ലാഹ്) അവൾക്ക് മദ്യം നൽകി വശീകരിച്ച് അവളോട് ദുഷ്കൃത്യം ചെയ്തു. ഈ ദുഷ്കൃത്യത്തിന് അല്ലാഹു അവരെ ശിക്ഷിച്ചു. അല്ലാഹു അവരെ രണ്ടുപേരേയും വിളിച്ചുചോദിച്ചു. 'ഇതിന്റെ ശിക്ഷ നിങ്ങൾ ഭൂമി

യിൽവെച്ച് അനുഭവിക്കുന്നോ അതോ പരലോകത്തു വെച്ച് മതിയോ?' അല്ലാഹുവിന്റെ ശിക്ഷയുടെ കാഠിന്യം കണ്ടവരായിരുന്നു ഇരുവരും. അവർ പറഞ്ഞു. ഞങ്ങൾക്ക് ഈ ലോകത്തുവെച്ചുതന്നെ ശിക്ഷ തന്നാൽമതി. അങ്ങനെ അല്ലാഹു അവർക്ക് ഈ ലോകത്തുവെച്ചുതന്നെ ശിക്ഷ നൽകുകയും ബാബിലോണിയായിലെ ഒരു പൊട്ടക്കിണറ്റിൽ കെട്ടിത്തൂക്കിയിട്ടിരിക്കുകയുമാണ്. അവർ ഇപ്പോഴും അവിടെ തൂങ്ങിക്കിടക്കുകയാണ്. കഥ ഇങ്ങനെ തുടരുന്നു. ചിലർ പറയുന്നത് തങ്ങൾ ആ കിണറും അതിൽ ഹാറൂത്തും മാറൂത്തും കെട്ടിത്തൂങ്ങിക്കിടക്കുന്നതും നേരിൽ കണ്ടിട്ടുണ്ട് എന്നാണ്. സുഹ്റ എന്ന സ്ത്രീ സുഹ്റ നക്ഷത്രമായിത്തീരുകയും ആകാശത്തേക്കുയർന്നുപോവുകയും ചെയ്തു.

ഇവിടെ നാം മനസ്സിലാക്കേണ്ട ഒരു കാര്യം ഈ കഥക്ക് ഒരടിസ്ഥാനവുമില്ല എന്നാണ്. യുക്തി ഇതിനെ നിരാകരിക്കുന്നു എന്ന് മാത്രമല്ല വിശുദ്ധഖുർആന്റെ വാക്കുകൾതന്നെ ഇതിനെ നിഷേധിക്കുന്നു. ഈ കഥകൾ നാം അംഗീകരിക്കുകയാണെങ്കിൽ ഈ ആയത്തിനും തൊട്ടുമുമ്പുള്ള ആയത്തിനും തമ്മിൽ ഒരു ബന്ധവുമില്ലെന്ന് കാണാം. മാത്രമല്ല മലക്കുകളുടെ ഗുണങ്ങൾക്ക് കടകവിരുദ്ധമായ പ്രവർത്തികളാണ് ഇവിടെ ആരോപിക്കപ്പെട്ടിരിക്കുന്നത്. മലക്കുകൾക്ക് തെറ്റ് ചെയ്യാനുള്ള കഴിവ് തന്നെ അല്ലാഹു നൽകിയിട്ടില്ല.

ഇനി നമുക്ക് ഈ ആയത്തിന്റെ യഥാർത്ഥ ആശയമെന്താണെന്ന് നോക്കാം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) ഇതിന് വളരെ വിശദമായ വ്യാഖ്യാനം നൽകിയിട്ടുണ്ട്. അതിന്റെ ചുരുക്കം ഇവിടെ രേഖപ്പെടുത്താം.

ഹദ്റത്ത് റസൂൽ(സ.അ) തിരുമേനിയുടെ കാലത്തുള്ള ജൂതന്മാരുടെ നിഗൂഢ പ്രവർത്തനങ്ങളെക്കുറിച്ചാണ് ഈ ആയത്തിൽ അല്ലാഹു പരാമർശിച്ചിട്ടുള്ളത്. തിരുനബിയുടെ കാലത്ത് കാണിക്കുന്ന വഞ്ചനാപരമായ പ്രവർത്തനങ്ങൾ ജൂതന്മാർ ഇതിനുമുമ്പും ചെയ്തിട്ടുള്ളതാണ്. അതിന്നൊരുദാഹരണമാണ് ഹദ്റത്ത് സുലൈമാൻ (അ)ന്റെ കാലത്ത് അദ്ദേഹത്തിന്റെ എതിരാളികൾ അദ്ദേഹത്തിന്റെ ഭരണത്തെ തകർക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്നെതിരിൽ നടത്തിയ നിഗൂഢ പ്രവർത്തനങ്ങൾ. സുലൈമാൻ നബി(അ)ന്റെ പേരിൽ അവർ ആക്ഷേപങ്ങളും, അപവാദങ്ങളും പ്രചരിപ്പിക്കുകയും അങ്ങനെ അദ്ദേഹത്തെ പരാജയപ്പെടുത്താനുള്ള രഹസ്യസംഘങ്ങൾ രൂപീകരിക്കുകയും ചെയ്തു. ഇതുപോലെ തിരുനബി(സ.അ)ക്കെതിരിലും മദീനയിലെ യഹൂദികൾ രഹസ്യപ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. സുലൈമാൻ നബി(അ)ക്ക് എതിരെ പ്രവർത്തിച്ചിരുന്നത് ജൂതരായിരുന്നതുപോലെ ഇവിടേയും ഇവർതന്നെയാണ് പ്രവർത്തിക്കുന്നത്. ഈ പ്രവർത്തനങ്ങളെ ജൂതന്മാർ ന്യായീകരിക്കുന്നത് ബാബിലോണിയായിൽ രണ്ട് പ്രവാചകന്മാർ (മലക്കുകൾക്ക് തുല്യരായവർ) ചെയ്ത പ്രവർത്തിയെയാണ്. അവിടേയും ഭരണകൂടത്തിന്നെതിരിൽ പ്രവാചകന്മാർ മുഖേന പ്രവർത്തനം നടന്നിട്ടുണ്ടെങ്കിലും അത് രണ്ടും തികച്ചും വ്യത്യസ്തമായ സംഭവങ്ങളാണ്. ഇവരുടെ ഈ പ്രവർത്തനത്തിന് ബാബിലോണിയൻ സംഭവവുമായി ഒരു ബന്ധവുമില്ല. അതുകൊണ്ട് മദീനയിലെ ജൂതന്മാർ മനസ്സിലാക്കേണ്ടത് സുലൈമാൻ നബി(അ)ന്റെ ശത്രുക്കൾ പരാജയപ്പെട്ടതുപോലെ നിങ്ങളും പരാജയപ്പെടുമെന്നാണ്.

'***വത്തബഊ മാതത്‌ലൂശ്ശയാത്തീനു അലാ മുൽകി സുലൈമാന***' സുലൈമാന്റെ ഭരണകൂടത്തിനെതിരെ പിശാചുക്കൾ ഓതിക്കേൾപ്പിക്കാറുള്ള കാര്യം എന്ന് വിശുദ്ധഖുർആൻ വിവരിക്കുന്ന സംഭവം ബൈബിളിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. സുലൈമാൻ(അ) അന്യദൈവങ്ങളെ പൂജിച്ചിരുന്നുവെന്നും തൗഹീദിൽനിന്ന് അകലുകയും ശിർക്കിൽ അകപ്പെടുകയും ചെയ്തിരുന്നു എന്നും അദ്ദേഹത്തിന്റെ ശത്രുക്കൾ ജനങ്ങൾക്കിടയിൽ പ്രചാരണം നടത്തി. അങ്ങനെ കുതന്ത്രങ്ങളിലൂടെ ജനങ്ങളെ അദ്ദേഹത്തിന്നെതിരിൽ തിരിച്ചുവിട്ടു. ഹദ്റത്ത് സുലൈമാൻ(അ)ന്നെതിരെ ശിർക്ക് ആരോപിച്ചതിനെ സംബന്ധിച്ച് ബൈബിൾ പറയുന്നു.

"അവനു(സുലൈമാൻ) രാജ്ഞിസ്ഥാനമുള്ള എഴുനൂറു ഭാര്യമാരും മുന്നൂറ് ഉപനാരികളും ഉണ്ടായിരുന്നു. അവർ അവന്റെ ഹൃദയം വ്യതിചലിപ്പിച്ചു. സോളമന് വാർദ്ധക്യമായപ്പോൾ ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്ക് തിരിച്ചു. പിതാവായ ദാവീദ് ദൈവമായ കർത്താവിനോട് വിശ്വസ്തനായിരുന്നതുപോലെ അവൻ അവിടുത്തോടു പരിപൂർണ്ണ വിശ്വസ്തത കാട്ടിയില്ല." (*1.രാജാക്കന്മാർ, 11:3,4*)

ബൈബിളിൽ വീണ്ടും പറയുന്നു: 'രണ്ടുപ്രാവശ്യം പ്രത്യക്ഷനാവുകയും അന്യദേവന്മാരെ സേവിക്കരുതെന്ന് ആജ്ഞാപിക്കുകയും ചെയ്ത ഇസ്റായേലിന്റെ ദൈവമായ കർത്താവിൽനിന്ന് അവൻ അകന്നുപോവുകയും അവിടുത്തെ കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്തതിനാൽ അവിടന്ന് അവനോട് കോപിച്ചു. (*1. രാജാക്കന്മാർ 11:9,10*)

മേൽഉദ്ധരണികളിൽനിന്നും ജൂതന്മാർ സുലൈമാൻ നബി(അ) കാഫിറാണെന്നും ശിർക്ക് ചെയ്തിരുന്നുവെന്നു ആരോപിച്ചിരുന്നതായി വ്യക്തമാണല്ലോ. ഇത് അവർ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകകൂടി ചെയ്തിരുന്നു. '***അലാമുൽകി സുലൈമാന***' സുലൈമാന്റെ നാട്ടിൽ എന്നതിൽനിന്നും ഇത് നാട്ടിൽ മുഴുവൻ പാട്ടായിരുന്നുവെന്ന് വ്യക്തമാണ്. ഇതിൽനിന്നും മറ്റൊരു കാര്യം മനസ്സിലാകുന്നത് പ്രത്യക്ഷത്തിൽ അദ്ദേഹത്തിന്റെ ആളുകളാണെന്ന് നടിച്ചിരുന്നവർ തന്നെയാണ് ഇവ്വിധ കുപ്രചാരണങ്ങൾ ചെയ്തത് എന്നാണ്. സുലൈമാൻ ബഹുദൈവ വിശ്വാസിയായ കാരണത്താൽ അദ്ദേഹത്തിന് മൂന്ന് ശത്രുക്കളെ ദൈവം നിയോഗിച്ചിരുന്നു എന്നും ബൈബിളിൽനിന്ന് വ്യക്തമാകുന്നു. കാരണം അദ്ദേഹം ദൈവത്തിൽ നിന്നും അകന്നുപോയിരുന്നു. ആ മൂന്ന് ശത്രുക്കൾ ഇവരാണ്.

1. ഏദോമ്യനായ ഹദാദ് (ഹുദ്ഹുദ്) "കർത്താവ് ഏദോമ്യനായ ഹദാദിനെ സോളമനെതിരായി തിരിച്ചുവിട്ടു. (*1. രാജാക്കന്മാർ 11:14*)

2. എലിയാദായുടെ മകൻ റസോണി. 'എലിയാദായുടെ മകൻ റസോണിനേയും ദൈവം സോളമന്റെ എതിരാളിയാക്കി. (*1. രാജാക്കന്മാർ, 11:23*)

3. ജറോബോവാം. ഇവരെല്ലാം സുലൈമാൻ നബിയുടെ ശത്രുക്കളായിരുന്നു. മാത്രമല്ല, വഞ്ചനാപരമായ നിഗൂഢപ്രവർത്തനങ്ങളാണ് ഇവരെല്ലാം ചെയ്തിരുന്നത്.

ബൈബിൾ പറയുന്നു. "ഒരു ദിവസം ജറോബോവാം ജറുസലേമിൽനിന്നു പുറത്തുപോകവേ ഷീലോന്യനായ അഹിയാ പ്രവാചകൻ അവനെ കണ്ടുമുട്ടി. അഹിയ ഒരു പുതിയ അങ്കി ധരിച്ചിരുന്നു. ആ വെളിമ്പ്രദേശത്ത് അവർ ഇരുവരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അഹിയാ താൻ ധരിച്ചിരുന്ന പുതിയ അങ്കിയെടുത്ത് പന്ത്രണ്ട് കഷണങ്ങളായി കീറി. അവൻ ജറോബോവാമിനോടു പറഞ്ഞു. പത്തുകഷണം നീ എടുത്തുകൊള്ളുക. ഇസ്രായേലിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. ഞാൻ സോളമന്റെ കയ്യിൽനിന്ന് രാജ്യമെടുത്ത് പത്ത് ഗോത്രങ്ങൾ നിനക്കു തരും. എന്റെ ദാസനായ ദാവീദിനെ ഓർത്തും ഇസ്രായേലിലെ എല്ലാ ഗോത്രങ്ങളിൽനിന്നും ഞാൻ തിരഞ്ഞെടുത്ത ജറുസലേം നഗരത്തെയോർത്തും അവന് ഒരു ഗോത്രം നൽകും.' (*1. രാജാക്കന്മാർ, 11:29-32*)

ഈ വചനങ്ങളിൽനിന്ന് ദൈവത്തിന്റെ പേർ യഹൂദർ പിന്നീട് കൂട്ടിച്ചേർത്തതാണെന്നാണ് മനസ്സിലാകുന്നത്. ജറോബോവാം ധീരനായിരുന്നു. അദ്ദേഹം അംഗരക്ഷകരുടെ മേലധികാരിയായിരുന്നു എന്ന് പറയാം. അതുകൊണ്ടാണ് ഇദ്ദേഹത്തെ ശത്രുക്കൾ കൂട്ടിനുപിടിച്ചത്. രഹസ്യസംഘടനകൾ കാര്യങ്ങൾ പറയാറുള്ളത് ആലങ്കാരിക ഭാഷയിലാണ്. അതുകൊണ്ടാണ് ഇവിടെ അങ്കിയെടുത്ത് 12 കഷണങ്ങളായി ഭാഗിച്ചത്. കാരണം ഇസ്രായേൽ 12 ഗോത്രങ്ങളായിരുന്നു. ജറോബോവാമിന് പത്ത് കഷണങ്ങൾ നൽകിയതിന്റെ അർത്ഥം 10 ഗോത്രങ്ങൾ താങ്കളോടൊപ്പമുണ്ട് എന്നതിനുള്ള സൂചനയായിരുന്നു. അതുകൊണ്ട് സധൈര്യം സുലൈമാന്നെതിരിൽ വിപ്ലവം അഴിച്ചുവിടുക. പിന്നീട് ഈ പത്ത് ഗോത്രങ്ങളും ഇദ്ദേഹത്തെ രാജാവായി അംഗീകരിക്കുകയും ചെയ്തു.

ചുരുക്കത്തിൽ വിശുദ്ധഖുർആന്റെ വിവരണപ്രകാരം ഹദ്റത്ത് സുലൈമാൻ(അ)ന്റെ ശത്രുക്കൾ ആദ്യം സുലൈമാൻ നബിയിൽ ആരോപണങ്ങൾ ഉന്നയിക്കുകയും, അദ്ദേഹം കാഫിറാണെന്ന് പ്രചരിപ്പിക്കുകയും അദ്ദേഹത്തിന്നെതിരിൽ വിധ്വംസകപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു എന്ന് പറഞ്ഞത് ശരിയാണെന്ന് ബൈബിൾ സ്ഥിരീകരിക്കുന്നു. അതോടൊപ്പം ജറോബോവാം അധികാരത്തിൽ വന്നപ്പോൾ ഈ ആക്ഷേപം ഉന്നയിച്ച ശത്രുക്കൾതന്നെ വിവിധ ബിംബങ്ങൾക്കായി അമ്പലങ്ങൾ പണിയുകയും ബഹുദൈവ പൂജയിൽ അകപ്പെടുകയും ചെയ്തു. വിശുദ്ധഖുർആൻ പറഞ്ഞ ***വലാക്കിന്നശ്ശയാത്തീന കഫറൂ*** എന്ന വാക്കും ബൈബിൾ സ്ഥിരീകരിക്കുന്നു. ബൈബിൾ പറയുന്നു:

താനുണ്ടാക്കിയ പൂജാഗിരികളിൽ ആരാധന നടത്താനും ദുർഭൂതങ്ങൾക്കും കാളക്കുട്ടികൾക്കും ശുശ്രൂഷ ചെയ്യാനും ജറോബോവാം പുരോഹിതന്മാരെ നിയമിച്ചു. (*2. ദിനവൃത്താന്തം, 11:15*)

ഇനി നമുക്ക് നോക്കാനുള്ളത് ബാബിലോണിയായിൽ എന്തു നടന്നു എന്നതാണ്. ചരിത്രപരമായി ഇതിന് എന്ത് തെളിവാണുള്ളത്? ബാബിലോണിയായിലും രഹസ്യസംഘടനകളുമായി ജൂതർ കൂട്ടുകൂടുകയും ഗവർമ്മെന്റിനെതിരിൽ നിഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിരുന്നു. പക്ഷേ, ബാബിലോണിയായിൽ നടന്നതും സുലൈമാൻ നബിക്കെതിരിൽ നടന്നതും തമ്മിൽ അജഗജാന്തരമുണ്ട്. ബാബിലോണിയായിൽ ഇതിന് നേതൃത്വം നൽകിയിരുന്നത് രണ്ട് പ്രവാചകന്മാരായിരുന്നു. ഹാറൂത്ത്, മാറൂത്ത് ഇവർ മലക്കുകളല്ല. മലക്കുകളുടെ ഗുണങ്ങളുള്ള രണ്ട് പ്രവാചകന്മാരായിരുന്നു. ഇവർ ബനുഇസ്രായീല്യരുടെ മോചനത്തിനായി ദൈവത്താൽ നിയോഗിക്കപ്പെട്ടവരായിരുന്നു. ബനുഇസ്രായീല്യരുടെ ശത്രുക്കളെ പരാജയപ്പെടുത്തുക എന്നതായിരുന്നു ഇവരുടെ ദൗത്യം. ഈ ഉദ്യമത്തിൽ അവരോടൊപ്പം ചേരുന്നവരോട് ഒരു കാര്യം അവർ വ്യക്തമാക്കിയിരുന്നു. "ഞങ്ങൾ അല്ലാഹുവിൽനിന്നുള്ള ഒരു പരീക്ഷണമായി അയക്കപ്പെട്ടിരിക്കുകയാണ്. ഞങ്ങൾ മുഖേന നല്ലവരും ദുഷ്ടരും വേർതിരിക്കപ്പെടുന്നതാണ്. അതുകൊണ്ട് ഞങ്ങളുടെ വാക്കുകളെ നിങ്ങൾ നിരാകരിക്കരുത്. നിരാകരിച്ചാൽ അത് നിഷേധമാണ്. കുഫ്റാണ്. തങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവർ സ്ത്രീകൾക്ക് വിവരം നൽകുകയോ അവരെ തങ്ങളോടൊപ്പം ചേർക്കുകയോ ചെയ്യാറുണ്ടായിരുന്നില്ല. മിക്ക രഹസ്യസംഘടനകളും സ്ത്രീകളെ തങ്ങളുടെ കൂട്ടത്തിൽ ചേർക്കാറില്ല. അല്ലാഹു ആർക്കെതിരിലാണോ നടപടിയെടുക്കാൻ കല്പിച്ചിരുന്നത് അവർക്കെതിരിൽ മാത്രമേ ഹാറൂത്തും മാറൂത്തും നടപടി എടുക്കാറുണ്ടായിരുന്നുള്ളൂ. ബാബിലോണിയായിൽ നടന്ന യഥാർത്ഥ സംഭവം നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം.

ഹദ്റത്ത് സുലൈമാൻ(അ)ന് നൂറ്റാണ്ടുകൾക്കുശേഷം ബാബിലോണിയായിലെ നബൂക്കദ്നസർ എന്ന രാജാവ് യറുസലേം ആക്രമിക്കുകയും അവിടെനിന്ന് യഹൂദരെ തടവിലാക്കി ബാബിലോണിയായിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഇവർ 12 ഗോത്രമായിരുന്നു. അതിൽ 10 ഗോത്രത്തെയാണ് അദ്ദേഹം പിടിച്ച് തടവുകാരാക്കി കൊണ്ടുപോയത്. മറ്റു രണ്ട് ഗോത്രത്തെ യറൂസലേമിൽതന്നെ ഉപേക്ഷിച്ചു. (ഈ പത്ത് ഗോത്രം പിന്നീട് കശ്മീരിലും മറ്റും വ്യാപിക്കുകയുണ്ടായി) ഇവരെ നാടുകടത്താനുള്ള കാരണം യർമിയ പ്രവാചകന്റെ പ്രവചനത്തിൽനിന്നും മനസ്സിലാക്കാം.

യർമിയ പ്രവാചകൻ അവരോട് പറഞ്ഞു.

“നിങ്ങൾ സബത്തിനെ ലംഘിക്കുകയാണെങ്കിൽ നിങ്ങൾക്ക് നാശം വരുന്നതാണ്.” യഹൂദർ ബാബിലോണിയായിൽ വർഷങ്ങളോളം പ്രവാസികളായി കഴിഞ്ഞെങ്കിലും ഇതിൽനിന്നും അവർക്ക് മോചനം ലഭിക്കാതെയായി. ‘സ്വന്തം കേന്ദ്രത്തിലേക്ക് തന്നെ നിങ്ങൾ തിരിച്ചുകൂട്ടപ്പെടും’ എന്ന ബനീ ഇസ്‌റാഈൽ പ്രവാചകന്മാരുടെ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ 70 വർഷത്തിനുശേഷം ഇവരുടെ മോചനത്തിനുള്ള വഴികൾ തുറക്കപ്പെട്ടു. സൈറസ് രാജാവും ബാബിലോണിയൻ രാജാവുമായി യുദ്ധമുണ്ടായി. സൈറസ് രാജാവ് ശക്തിയാർജ്ജിക്കുന്നതിൽ അസൂയപൂണ്ട ബാബിലോണിയായിലേയും അതിന്റെ അയൽരാജ്യങ്ങളിലേയും രാജാക്കന്മാർ സൈറസിന്നെതിരിൽ തിരിഞ്ഞു. സൈറസ് രാജാവ് ഓരോരുത്തരേയും വധിക്കുകയും ബാബിലോണിയായെ ആക്രമിക്കുകയും ചെയ്തു. ഹാറൂത്ത്, മാറൂത്ത് എന്നീ പ്രവാചകന്മാർ നേരത്തെ സൈറസ് രാജാവുമായി ഒരു രഹസ്യഉടമ്പടി ഉണ്ടാക്കിയിരുന്നു. അവർ രണ്ടുപേരും ബാബിലോണിയായിലായിരുന്നു. സൈറസ് രാജാവ് പുറത്തുനിന്ന് ബാബിലോണിയായെ ആക്രമിക്കുകയാണെങ്കിൽ അകത്തുനിന്ന് യഹൂദർ അദ്ദേഹത്തെ സഹായിക്കുന്നതാണ്. ഇതിന്നായി അവർ രണ്ടുപേരും യഹൂദികളോട് ഒരു രഹസ്യധാരണയുണ്ടാക്കുകയും ബാബിലോണിയായിൽ വിജയം കൈവരിച്ചാൽ നിങ്ങളെ യറുശലേമിലേക്ക് തിരിച്ചുകൊണ്ടുപോവുകയും ചെയ്യുന്നതാണെന്ന് യഹൂദരോട് പറയുകയും ചെയ്തു.

ഈ പദ്ധതിപ്രകാരം സൈറസ് രാജാവ് പുറത്തുനിന്ന് ബാബിലോണിയായെ ആക്രമിക്കുകയും അതിനെ കീഴ്പ്പെടുത്തുകയും ചെയ്തു. അതിനുശേഷം യഹൂദർക്ക് യരുശലേമിലേക്ക് തിരിച്ചുപോകാനുള്ള അനുവാദം നൽകി. എസ്‌റാ പ്രവാചകന്റെ കാലത്ത് യറുശലേം വീണ്ടും ജനവാസമുള്ളതായിത്തീർന്നു. ‘Historian’s history of the world’ എന്ന പുസ്തകത്തിൽ (*Vol 2, p-126*) യഹൂദർ സൈറസ് രാജാവുമായി രഹസ്യധാരണ ഉണ്ടാക്കിയിരുന്നു എന്ന് കാണാം.

**ഹാറൂത്ത്, മാറൂത്ത് ആരാണ്?**

ഈ ആയത്തിൽ വിവരിക്കപ്പെട്ട ഹാറൂത്ത് മാറൂത്ത് എന്നിവർ ബാബിലോണിയൻ പ്രവാസകാലത്ത് യഹൂദരെ മോചിപ്പിക്കാൻ വേണ്ടി നിയോഗിക്കപ്പെട്ട പ്രവാചകന്മാരായിരുന്നു എന്ന് പറഞ്ഞുവല്ലൊ. വിശുദ്ധഖുർആൻ അവരുടെ യഥാർത്ഥ പേരല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. അവരുടെ ഗുണനാമങ്ങളാണ് പറഞ്ഞിട്ടുള്ളത്. ഹാറൂത്ത് എന്ന പദം ‘ഹറത്ത’ എന്ന വാക്കിൽനിന്നാണ് വന്നിട്ടുള്ളത്. പിളർക്കുക എന്നർത്ഥം. മാറൂത്ത് എന്ന പദം ‘മാറത്ത’ എന്ന പദത്തിൽനിന്നും. അർത്ഥം തകർക്കുക. (താജുൽ ഉറൂസ്) ഇവരുടെ ജോലി ചില ഭരണകൂടങ്ങളെ പിളർക്കുകയും തകർക്കുകയും ചെയ്യുക എന്നതായതുകൊണ്ടാണ് ഈ വിശേഷണ നാമം അവർക്ക് വെച്ചിരിക്കുന്നത്. ബൈബിൾ കൂലങ്കശമായി പഠനവിധേയമാക്കുമ്പോൾ ഹഗ്ഗായിയും ഇദ്ദോയുടെ മകൻ സകരിയ്യാവുമാണ് ഹാറൂത്ത്, മാറൂത്ത് എന്ന് മനസ്സിലാകുന്നതാണ്. എസ്രാ അഞ്ചാം അദ്ധ്യായം വായിക്കുമ്പോൾ ഈ രണ്ട് പ്രവാചകരുമാണ് യഹൂദരുടെ മോചനത്തിനായി പ്രവർത്തിച്ചത് എന്ന് കാണാം. ഇവർ സൈറസ് രാജാവുമായി രഹസ്യധാരണ ഉണ്ടാക്കുകയും ഓർഡർ എഴുതിപ്പിക്കുകയും ചെയ്തതായും കാണാം.

റസൂൽ തിരുമേനിയുടെ കാലത്ത് യഹൂദർ തിരുനബിയുടെ ഭരണം അട്ടിമറിക്കുന്നതിന് ഗൂഢതന്ത്രങ്ങൾ ആസൂത്രണം ചെയ്തു എന്നതിന് ചരിത്രം സാക്ഷിയാണ്. അതിവിടെ വിവരിക്കുന്നില്ല. യഹൂദർ പണ്ടുകാലം മുതലെ ഇവ്വിധത്തിലുള്ള രഹസ്യസംഘടനകൾ രൂപീകരിച്ച് പ്രവാചകർക്കും ഭരണകൂടങ്ങൾക്കുമെതിരെ പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ തിരുനബിക്കെതിരിൽ അവർക്ക് ഒരിക്കലും വിജയം വരിക്കാൻ സാധ്യമല്ല.

**സംശയനിവാരണം**

ഇവിടെ സുപ്രധാനമായ ഒരു സംശയനിവാരണം അനിവാര്യമാണ്. ബാബിലോണിയായിൽ ഒരു സർക്കാരിന്റെ കീഴിൽനിന്നുകൊണ്ട് ആ സർക്കാരിന്നെതിരിൽ പ്രവർത്തിക്കാൻ അല്ലാഹു രണ്ട് പ്രവാചകന്മാരെ നിയമിക്കുകയുണ്ടായി. അഹ്മദിയ്യാ മുസ്‌ലിംജമാഅത്തിന്റെ ഇന്നുവരേയുള്ള നിലപാട് ഏതൊരു ഭരണത്തിൻകീഴിലാണോ നാമുള്ളത് ആ ഭരണകൂടത്തിന്നെതിരിൽ പ്രവർത്തിക്കാൻ പാടില്ല എന്നാണ്. ഇത് രണ്ടും പരസ്പരവിരുദ്ധമല്ലേ?

ഇത് പ്രത്യക്ഷത്തിൽ നോക്കുമ്പോൾ വളരെ കുഴഞ്ഞുമറിഞ്ഞ ഒരു പ്രശ്നം തന്നെയാണ്. ഒരുഭാഗത്ത് സർക്കാരിന്നെതിരിൽ പ്രവർത്തിക്കാൻ അല്ലാഹു പ്രവാചകന്മാരെ നിയമിക്കുന്നു. മറുഭാഗത്ത് സർക്കാരിന്നെതിരിൽ പ്രവർത്തിക്കരുതെന്ന് പറയുന്നു. എന്നാൽ ബാബിലോണിയൻ സംഭവം വ്യക്തമായി വിലയിരുത്തപ്പെടുമ്പോൾ ഈ സംശയത്തിന് ഒരു പ്രസക്തിയുമില്ലെന്ന് മനസ്സിലാകും.

ഒരു സമുദായത്തിന് ഏതൊരു ഭരണകൂടമാണോ അവരുടെ പൗരാവകാശങ്ങൾ നൽകാത്തത് ആ സമൂഹത്തിന് ഒന്നുകിൽ അല്ലാഹുവിന്റെ സഹായം ഇറങ്ങുന്നതുവരെ ക്ഷമിച്ചുകൊണ്ട് അവിടെ കഴിയുകയോ ഇനി തീരെ സഹിക്കാൻ കഴിയുന്നില്ലെങ്കിൽ ആ രാജ്യം വിട്ട് മറ്റൊരു സ്ഥലത്തേക്ക് പോവുകയോ ചെയ്യാം. ഇതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. എന്നാൽ ഒരു ഗവർമ്മെന്റ് ഒരു പൗരന്റെ അവകാശങ്ങൾ നൽകാതിരിക്കുകയും അതോടൊപ്പം ആ രാജ്യം വിട്ടുപോകാൻ അനുവദിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ തന്റെ അവകാശം നേടിയെടുക്കുന്നതിന്നായി ആ ഭരണകൂടത്തോട് അവിടെ നിന്നുകൊണ്ടുതന്നെ പോരാടാവുന്നതാണ്. കാരണം ഈ പോരാട്ടത്തിന് ആ സമുദായം ഒരിക്കലും ഉത്തരവാദിയായിരിക്കില്ല. മറിച്ച്, വിശ്വാസസംരക്ഷണത്തിനായി സ്വന്തം രാജ്യം

പോലും വിടാൻ അനുവദിക്കാത്ത സർക്കാരാണ് ഉത്തരവാദി. ഒന്നുകിൽ പൗരന്റെ അവകാശങ്ങൾ നൽകുക. അല്ലെങ്കിൽ ചുരുങ്ങിയപക്ഷം ആ നാട് വിടാൻ അനുവദിക്കുക. ഇവിടെ ബാബിലോണിയായിൽ നടന്നത് എന്താണ്? യഹൂദരെ ബാബിലോണിയായിൽ തടവുകാരാക്കി- അവരെ രാജ്യം വിടാൻ അവർ അനുവദിച്ചുമില്ല. ഇത് അവരുടെ മതത്തിനുനേരെയുള്ള അതിക്രമം ആയിരുന്നു. അവർ അവിടെ അന്യനാട്ടുകാരെപോലെയാണ് ജീവിച്ചിരുന്നത്. ഈ പരിതസ്ഥിതിയിൽ ആ ഭരണകൂടത്തിനെതിരെ വിപ്ലവം നടത്തുകയല്ലാതെ അവർക്ക് മറ്റൊരു പഴുതും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഗവർമ്മെന്റിനെ അനുസരിക്കുക എന്ന തത്വം ഇവിടെ ഇല്ലാതായിത്തീരുകയാണ്. ഇങ്ങനെയൊരു സാഹചര്യം വന്നാലല്ലാതെ സർക്കാരിന്നെതിരിൽ വിപ്ലവം നടത്താൻ ഇസ്ലാം അനുവദിക്കുന്നില്ല.

***യുഅല്ലിമൂന ന്നാസ സ്സിഹ്റ*** അവർ ജനങ്ങൾക്ക് സിഹ്റ് പഠിപ്പിക്കാറുണ്ടായിരുന്നു. ഇവിടെ സിഹ്റ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പുറത്തൊന്നും അകത്ത് മറ്റൊന്നുമായുള്ള പ്രവർത്തനമാണ്. അഥവാ അവർ ജനങ്ങളുടെ മുമ്പാകെ തങ്ങൾ തൗഹീദ് വാദികളാണെന്നും സുലൈമാൻനബിയാണ് ശിർക്ക് ചെയ്യുന്നതെന്നും പ്രചരിപ്പിക്കുക. യഥാർത്ഥത്തിൽ കൊടിയശിർക്കന്മാർ അവർതന്നെയായിരിക്കും. കപടവിശ്വാസികൾ എല്ലാ കുഴപ്പവും ഉണ്ടാക്കുമെങ്കിലും കുഴപ്പമുണ്ടാക്കരുത് എന്നവരോട് പറയപ്പെടുമ്പോൾ തങ്ങൾ സമാധാനമുണ്ടാക്കുന്നവരാണെന്ന് അവർ പറയും. എന്നാൽ, യഥാർത്ഥ കുഴപ്പക്കാർ ഇവരാണെന്ന് അല്ലാഹു പറയുന്നു. സുലൈമാൻ നബി(അ)ന്റെ ശത്രുക്കൾ (പിശാചുക്കൾ) ഇതാണ് ചെയ്തിരുന്നത്. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്, ഈ മദീനയിലെ യഹൂദികൾ പിൻപറ്റുന്നത് ഹദ്റത്ത് സുലൈമാൻ(അ)ന്റെ ശത്രുക്കളുടെ കാൽപ്പാടുകളെയാണ്. ബാബിലോണിയായിലെ പ്രവാചകന്മാരെയല്ല. അതുകൊണ്ട് ഇവർക്ക് പരലോകത്ത് ഒരംശവും ലഭിക്കുകയില്ല. മറിച്ച്, ഇവർ വാങ്ങിക്കൂട്ടിയിരിക്കുന്നത് വളരെ നീചമാണ്- നഷ്ടവും ശാപവുമാണ് ഇവർക്ക് ലഭിക്കുക. സുലൈമാൻ നബി(അ)യുടെ ശത്രുക്കളുടെ സംഭവം ഇവരറിഞ്ഞിരുന്നെങ്കിൽ അതിൽനിന്നും ഇവർക്ക് പാഠം പഠിക്കാമായിരുന്നു. പക്ഷേ, ഇവരത് മനസ്സിലാക്കുന്നില്ല.

---

وَلَوْ أَنَّهُمْ آمَنُوا وَاتَّقَوْا لَمَثُوبَةٌ مِّنْ عِندِ اللَّهِ خَيْرٌ ۖ لَّوْ كَانُوا يَعْلَمُونَ ﴿١٠٣﴾

**104**

**“അവർ വിശ്വസിക്കുകയും തഖ്‌വ കൈക്കൊള്ളുകയും ചെയ്തിരുന്നുവെങ്കിൽ അല്ലാഹുവിൽനിന്ന് ലഭിക്കുന്ന പ്രതിഫലം ഏറ്റവും ഉത്തമമാകുമായിരുന്നു. അവർ അത് അറിഞ്ഞിരുന്നുവെങ്കിൽ!”**

---

*പദാർത്ഥം*

وَلَوْ أَنَّهُمْ അവർ ആയിരുന്നുവെങ്കിൽ آمَنُوا അവർ വിശ്വസിച്ചു وَاتَّقَوْا അവർ തഖ്‌വ (ഭയഭക്തി, ദോഷബാധയെ സൂക്ഷിക്കുക) കൈകൊണ്ടു لَمَثُوبَةٌ പ്രതിഫലം مِّنْ عِندِ اللَّهِ അല്ലാഹുവിൽനിന്നുള്ള خَيْرٌ ഉത്തമം لَوْ كَانُوا يَعْلَمُونَ അവർ അറിഞ്ഞിരുന്നുവെങ്കിൽ.

---

*വ്യാഖ്യാനം*

ഇക്കൂട്ടർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനിയിൽ വിശ്വസിക്കുകയും ഭയഭക്തി കൈകൊള്ളുകയും ചെയ്തിരുന്നുവെങ്കിൽ ഇരുലോകത്തും ഉന്നതമായ വിജയം കരസ്ഥമാക്കാൻ ഇവർക്ക് സാധിക്കുമായിരുന്നു. എന്നാൽ, ഞങ്ങളിൽപെട്ട ഒരാളിൽ എന്തുകൊണ്ട് ഈ സന്ദേശം ഇറക്കപ്പെട്ടില്ല എന്ന വിദ്വേഷംകൊണ്ടാണ് ഇവർ ഇതിനെ നിഷേധിക്കുന്നത്. എന്നാൽ ഭാവിയിൽ വരാൻ പോകുന്ന വിപ്ലവം ഇവർക്ക് നേരത്തെ കാണാൻ കഴിഞ്ഞിരുന്നുവെങ്കിൽ, തിരുനബിക്കും മുസ്ലിംകൾക്കും ലഭിക്കാൻ പോകുന്ന വിജയവും ബഹുമതിയും ഇവർക്ക് അറിയാൻ സാധിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഇവർ ഇന്ന് തിരുനബിയുടെ തൃപ്പാദങ്ങളിൽ തങ്ങളെ സമർപ്പിക്കുമായിരുന്നു. ഇസ്ലാം ഉടനെ തന്നെ നശിച്ചുപോകും എന്ന കണക്കുകൂട്ടലുകൾ കൊണ്ടാണ് ശത്രുക്കൾ അതിനെ എതിർക്കുന്നത്.

ഹദ്റത്ത് അബൂബക്കർ(റ) ഇസ്ലാം സ്വീകരിച്ചപ്പോൾ ജനങ്ങൾ പറഞ്ഞതെന്താണ്- മക്കയിലെ ഉന്നതനിലയിലുള്ള ഒരു നേതാവ് ഇന്നിതാ നിന്ദ്യനായിത്തീർന്നിരിക്കുന്നു എന്ന്. ഇസ്ലാം വരുന്നതിന് മുമ്പേ അദ്ദേഹത്തെ നേതാവായി സ്വീകരിച്ചിരുന്നവർ മക്കക്കാരായ ഇരുന്നൂറോ മുന്നൂറോ ആളുകളാണ്. എന്നാൽ അദ്ദേഹം ഇസ്ലാം സ്വീകരിച്ചതിന്റെ ഫലമായി അദ്ദേഹം ഇസ്ലാമിന്റെ ഖലീഫയായി എന്ന് മാത്രമല്ല ലോകം മുഴുവനും ആദരിക്കപ്പെടുന്ന ഒരു വ്യക്തിയായി മാറി. ഇങ്ങനെയൊന്ന് അവർക്ക് ആദ്യകാലത്ത് ചിന്തിക്കാൻ കൂടികഴിയുമായിരുന്നില്ല. അതുകൊണ്ടാണ് അല്ലാഹുവിൽനിന്ന് ലഭിക്കുന്ന പ്രതിഫലമാണ് ഉന്നതമെന്നും അതുമാത്രം നശിക്കുകയില്ലെന്നും അല്ലാഹു പറയുന്നത്.

•

ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്

# മഹായുദ്ധത്തിന് തിരികൊളുത്തുമോ?

ഇന്ന് മുസ്‌ലിംലോകം നേരിടുന്ന അതീവഗുരുതരമായ പ്രശ്നങ്ങൾക്ക് വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ പരിഹാരം നിർദ്ദേശിച്ചുകൊണ്ട് അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) 17.3.2006-ലെ ഖുത്ബയിൽ ഇപ്രകാരം പറഞ്ഞു.

“ഗൾഫ് യുദ്ധാവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ചെയ്ത ഖുത്ബകളിൽ മുസ്‌ലിം രാഷ്ട്രങ്ങൾ ബോധവാന്മാരാകാനും, ഞങ്ങളുടെ കാര്യം ഞങ്ങൾതന്നെ കൈകാര്യം ചെയ്തുകൊള്ളാമെന്നും ഞങ്ങളുടെ കാര്യത്തിൽ നിങ്ങൾ ഇടപെടേണ്ടതില്ലെന്നും ഈ പാശ്ചാത്യശക്തികളോട് പറയാനും നിർദ്ദേശിച്ചിരുന്നു. പക്ഷേ, ഈ മുസ്‌ലിംരാഷ്ട്രങ്ങൾ പാശ്ചാത്യരുടെ സഹായികളായിമാറുകയാണ് ചെയ്തത്. ഇപ്പോഴും ഈ സഹായം തുടർന്നുകൊണ്ടിരിക്കുന്നു. മുസ്‌ലിം രാഷ്ട്രങ്ങൾ സംഘടിച്ചുകൊണ്ട്, ‘ഞങ്ങൾ ഒന്നുചേർന്ന് ഇവിടെ സമാധാനം സ്ഥാപിക്കാം നിങ്ങൾ ഇവിടെനിന്ന് പോവുക’ എന്ന് പാശ്ചാത്യശക്തികളോട് പറഞ്ഞാൽ ഒരുപക്ഷേ, ഇന്ന് ഇറാഖിൽ സമാധാനത്തിനുള്ള സാഹചര്യം ഒരുങ്ങുന്നതാണ്. മറ്റു രാഷ്ട്രങ്ങളിലും സമാധാനാന്തരീക്ഷം ഉണ്ടാകുന്നതാണ്. അഫ്ഗാനിസ്ഥാന്റെ അവസ്ഥയും ഇറാഖിലേതുപോലെതന്നെയാണ്.

ഇറാനും ഈ പാശ്ചാത്യരാഷ്ട്രങ്ങളുടെ ഭയാനകമായ പിടിയിലമരാൻ പോകുകയാണ്. ഞാൻ പറഞ്ഞതുപോലെ ചെയ്താൽ ഒരുപക്ഷേ, ഈ രാഷ്ട്രവും രക്ഷപ്പെടും. പക്ഷേ, നിങ്ങളെല്ലാവരും സഹോദരന്മാരായി വർത്തിക്കണം...

ഇറാൻ ആണവോർജ്ജ പരിപാടികളൊന്നും നടത്താൻ പാടില്ലെന്നാണ് ഇവർ പറയുന്നത്. അത് പിന്നീട് മറ്റുദ്ദേശ്യങ്ങൾക്കുവേണ്ടിയും ഉപയോഗിക്കുമത്രെ! സ്വന്തം ആവശ്യത്തിനുവേണ്ടി എന്തും ഈ പാശ്ചാത്യശക്തികൾക്ക് ചെയ്യാം. എന്നാൽ, മറ്റുള്ളവർക്ക് അത് ചെയ്തുകൂടാ. അതുകൊണ്ട് ***മുസ്‌ലിംരാഷ്ട്രങ്ങൾ ഒത്തുചേർന്നുകൊണ്ട് കാര്യങ്ങൾ പരിശോധിക്കുകയും, ഇറാനു കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും, സഹോദരങ്ങളായി വർത്തിക്കുകയും, തങ്ങൾ മുസ്‌ലിംരാഷ്ട്രങ്ങളാണെന്നും മനുഷ്യത്വപരമായി പ്രവർത്തിക്കുന്നവരാണെന്നും തെറ്റായ കാര്യങ്ങൾ ചെയ്യുകയില്ലെന്നും, അതുകൊണ്ട് നിങ്ങൾ ഞങ്ങളുടെ കാര്യങ്ങളിൽ ഇടപെടരുതെന്നും പറയുകയും ലോകജനതയ്ക്ക് ഉറപ്പുകൊടുക്കുകയും ചെയ്യുകയാണെങ്കിൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതാണ്.*** പക്ഷേ, നിർഭാഗ്യവശാൽ, മുസ്‌ലിംരാഷ്ട്രങ്ങൾക്ക് ഈ ശ്രമം നടത്താൻ പറ്റുകയില്ല. ഉറപ്പുകൊടുക്കാനും സാധ്യമല്ല. കാരണം, തഖ്‌വയുടെ കുറവ് കാരണത്താൽ പരസ്പരം വഞ്ചിച്ചുകൊണ്ടിരിക്കുന്നവരാണ് അവർ. ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**മുസ്‌ലിംകൾ ഒന്നിക്കുക**

മുസ്‌ലിംസമുദായം ഒന്നാകാൻ വേണ്ടിയുള്ള ശ്രമം പലപ്പോഴുമുണ്ടായിട്ടും എന്തുകൊണ്ട് അതിന് സാധിക്കുന്നില്ല എന്ന് അറിവുള്ളവരും നേതാക്കന്മാരും യോഗം ചേർന്ന് ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യട്ടെ. മുസ്‌ലിംകളെ ഒന്നിപ്പിക്കാൻ ഒരു ഇസ്‌ലാമിക സംഘടനയുണ്ടാക്കി. എന്നിട്ടും ഓരോ കാര്യവും പാശ്ചാത്യശക്തികളുടെ കയ്യിലാണ്. അറബികൾക്ക് ഒറ്റ ജനതയായി അറബികളെ സംഘടിപ്പിക്കാൻ കഴിയുന്നില്ല. വലിയ വൃത്തത്തിൽ മുസ്‌ലിംരാഷ്ട്രങ്ങൾക്ക് ഒന്നായിക്കൊണ്ട് തങ്ങളുടെ നില സ്ഥാപിക്കാനും കഴിയുന്നില്ല. ഇതിനുള്ള കാരണങ്ങൾ എന്താണ്? തഖ്‌വയുടെ കുറവ്. തഖ്‌വയുടെ മാർഗ്ഗം സ്വീകരിക്കുക എന്ന അല്ലാഹുവിന്റെ കല്പനയിലേക്ക് ഇവർ വരാൻ ആഗ്രഹിക്കാത്തത് എന്തുകൊണ്ട്? ഈ മാർഗ്ഗം ഇക്കാലഘട്ടത്തിൽ ഹദ്റത്ത് വാഗ്ദത്ത മസീഹിനെ വിശ്വസിക്കാതെ അവർക്ക് ലഭിക്കുകയില്ല. അതുകൊണ്ട് മുസ്‌ലിം സമുദായം തഖ്‌വയുടെ മാർഗ്ഗത്തിൽ ചലിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് കരുണയുണ്ടാകുമെന്നും ഇക്കാലത്തെ അതിക്രമങ്ങളിൽനിന്ന് അവരുടെ ജീവൻ രക്ഷപ്പെടുമെന്നും പറയുമ്പോൾ, തങ്ങൾ വലിയവരാണെന്ന് നടിക്കുന്നതുകൊണ്ട് ഇതിലേക്കുവരാൻ അവർ ആഗ്രഹിക്കുന്നില്ല. അവർ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്ന പ്രശ്നമേയില്ല. ഈ ഭാഗത്തേക്ക് ചിന്തിക്കാനെ അവർ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, ഒരു അഹ്മദിയുടെ ഉത്തരവാദിത്തമെന്ന് പറയുന്നത് അവർക്ക് കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കിക്കൊടുക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണ്. മാത്രമല്ല ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കാതെ നിങ്ങളുടെ ശക്തി സ്ഥാപിതമാകുകയില്ലെന്നും, നിങ്ങളുടെ ഉള്ളിൽ തഖ്‌വ ഉണ്ടാവുകയില്ലെന്നും അവരോട് പറയുകയും വേണം.

ഹുസൂർ തുടരുന്നു. “ഇപ്പോൾ ഇറാനുചുറ്റും വലയം സൃഷ്ടിച്ചിരിക്കുകയാണ്. മെല്ലെ മെല്ലെ ഈ വലയത്തിന്റെ വൃത്തം കുറച്ചുകൊണ്ടുവരികയാണ്. കർശനമായ ഈ നീക്കം ലോകയുദ്ധത്തിനും കാരണമാകാനിടയുണ്ട്. അതുകൊണ്ട് ഒരുപാട് ദുആ ചെയ്യേണ്ടതാണ്. ഒരഹ്മദി തന്റെ അന്ത്യശ്വാസംവരെ ഈ നാശം അകന്നുപോകുന്നതിനുവേണ്ടി ശ്രമിക്കേണ്ടതാണ്. നമ്മുടെ പക്കൽ ഇതുകൂടാതെ മറ്റൊരു വസ്തുവുമില്ല. ദുആ ചെയ്യുക എന്നതാണ് ഏറ്റവും വലിയ മാർഗ്ഗം. അല്ലാഹുതആല ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ മുസ്‌ലിംസമുദായത്തിനുവേണ്ടി പ്രാർത്ഥിക്കാൻ വെളിപാടിലൂടെ അറിയിക്കുകയുണ്ടായി.

***റബ്ബി അസ്‌ലിഹ് ഉമ്മത്ത മുഹമ്മദിൻ*** എന്റെ നാഥാ!

→ പേജ് 40-ൽ

**2005–06ലെ 'ബദ്ർ' പത്രത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിൽനിന്ന് വസിയ്യത്ത് ചെയ്തവരുടെ പേരും പിതാവിന്റെ പേരും സ്ഥലവും വസിയ്യത്ത് ചെയ്ത തിയ്യതിയും ബദ്ർ പത്രത്തിന്റെ ലക്കനമ്പറും താഴെ ചേർക്കുന്നു**

| | | | | |
|---|---|---|---|---|
| 15764 | പി.എ. ത്വാഹ | s/o പി.എ. മുഹമ്മദ് | അലനല്ലൂർ | 7.4.05 |
| 15765 | സി.കെ. സാബിറ | w/o എം. അബ്ദുൽ ബശീർ | അലനല്ലൂർ | 3.4.05 |
| 15766 | പി.ഇ. സുബൈദ | w/o സി.പി. സിദ്ദീഖ് | അലനല്ലൂർ | 3.4.05 |
| 15767 | ടി. നഫീസ | w/o ബശീർ അഹ്മദ് | അലനല്ലൂർ | 3.4.05 |
| 15768 | സി.പി. ആയിശ | w/o പി.എ. മുഹമ്മദ് | അലനല്ലൂർ | 7.4.05 |
| 15769 | കെ. ഖദീജ | w/o കെ. മുഹമ്മദ് അലവി | അലനല്ലൂർ | 3.4.05 |
| 15770 | സി.പി. ബിൻശാബീഗം | w/o പി.എ. ത്വാഹാ | അലനല്ലൂർ | 7.4.05 |
| 15771 | സി.മുഹമ്മദ് | s/o സി. അബ്ദു | അലനല്ലൂർ | 3.4.05 |
| 15772 | സി. ഫാത്വിമ | w/o കെ. അഹ്മദ്കുഞ്ഞി | അലനല്ലൂർ | 3.4.05 |
| 15773 | സി.സിറാജുൽമുനീർ | s/o സി. അബ്ദു | അലനല്ലൂർ | 8.4.05 |
| 15774 | സി. ബശീർ അഹ്മദ് | s/o സി. അബ്ദു | അലനല്ലൂർ | 3.4.05 (47) |
| 15775 | എം. അബ്ദുൽ ബശീർ | s/o എം. മുഹമ്മദ് | അലനല്ലൂർ | 2.4.05 |
| 15777 | സി.പി. സിദ്ദീഖ് | s/o സി.പി. കുഞ്ഞായമൗലവി | അലനല്ലൂർ | 3.4.05 |
| 15778 | ടി.ഇ. ഇമാത്ത് | w/o ടി.കെ. ബീരാൻകുട്ടി | കരുളായി | 1.4.05 |
| 15779 | കെ. റിയാസ് അഹ്മദ് | s/o കെ. അഹ്മദ് റശീദ് | കരുളായി | 1.4.05 |
| 15780 | ടി.കെ.ഖദീജ | w/o രാഈൗൻ മുസ്‌ലിയാർ | കരുളായി | 1.4.05 |
| 15782 | ടി.കെ.അബ്ദുൽ ഹക്കീം | s/o ടി.കെ. അബൂബക്കർ | കരുളായി | 1.4.05 |
| 15783 | പി. ഹഫ്സ | w/o കെ. അബ്ദുൽ അസീസ് | കരുളായി | 1.4.05 |
| 15784 | കെ. സുഹൈല | w/o സി.വി. അതാഉർറബ്ബ് | കരുളായി | 1.4.05 |
| 15785 | സി.. ശാഇനാസഫർ | w/o സഫർ അഹ്മദ് | കരുളായി | 1.4.05 (48) |
| 15786 | എം. പ്രസീന | w/o പി. ശരീഫ് അഹ്മദ് | കരുളായി | 1.4.05 |
| 15787 | കെ.പി. സുഹ്റ | w/o ടി.കെ. മഹ്മൂദ് | കരുളായി | 1.4.05 |
| 15788 | ടി.കെ. ലുഖ്മാൻ | s/o ടി.കെ. മഹ്മൂദ് | കരുളായി | 1.4.05 |
| 15789 | ടി.കെ. സിദ്ദീഖ് | s/o ടി.കെ. ബീരാൻകുട്ടി | കരുളായി | 1.4.05 |
| 15790 | കെ. ശിആസ് | s/o കെ. അഹ്മദ് റശീദ് | കരുളായി | 1.4.05 |
| 15791 | പി. ശരീഫ് അഹ്മദ് | s/o അബ്ദുൽ കരീം | കരുളായി | 1.4.05 |
| 15792 | ടി.കെ. അശ്റഫ് | s/o ടി.കെ. ബീരാൻകുട്ടി | കരുളായി | 1.4.05 |
| 15793 | ടി.കെ. ശരീഫ് അഹ്മദ് | s/o ടി.കെ. ബീരാൻകുട്ടി | കരുളായി | 1.4.05 |
| 15794 | എ. നജ്മ | w/o ഐ.കെ. ഫിറോസ് | എറണാകുളം | 8.4.05 |
| 15795 | ടി.പി. സുബൈദ | w/o ബി.ബി. അഹ്മദ് കബീർ | എറണാകുളം | 10.4.05 |
| 15796 | പി.എം. റാബിഅ | w/o പി.എ. ശൗക്കത്ത് | എറണാകുളം | 10.4.05 |
| 15797 | സി.എസ്. ഇൽയാസ് | s/o സി.പി. സിദ്ദീഖ് | അലനല്ലൂർ | 3.4.05 |
| 15798 | ടി.കെ. സമീഅ | w/o ബി.എ. മുഹമ്മദ് നജീബ് | എറണാകുളം | 10.4.05 |
| 15799 | കെ. സിദ്ദീഖ് | s/o കെ. അബ്ദുർറഹ്മാൻ | വാണിയമ്പലം | 1.4.05 |
| 15800 | കെ.കെ. അബ്ദുല്ലാ | s/o കോമു | എറണാകുളം | 8.4.05 |
| 15801 | എം.എം. അബ്ദുർറഹീം | s/o എം.എ. മുഹമ്മദ് അശ്റഫ് | എറണാകുളം | 9.4.05 (2006–3) |
| 15804 | വി.എം.ലിയാഖത്തലി | s/o വി.എം. മുഹമ്മദ് ശാഫി | പാലക്കാട് | 14.1.05 |
| 15812 | വി.പി. മുഹമ്മദ് | s/o വി.പി ഇബ്റാഹീം | പഴയങ്ങാടി | 20.1.05 |
| 15816 | നസ്മത്ത് നിസാഅ് | w/o മുഹമ്മദ് ലയ്സ് | കൊച്ചി | 13.10.04 |
| 15817 | ഐ.കെ. ഫിറോസ് | s/o കെ.ബി. ഇസ്മാഈൽ | എറണാകുളം | 8.4.05 |
| 15818 | ലുഖ്മാൻ അഹ്മദ് ഗോറി | s/o അനീസ് അഹ്മദ് ഗോറി | എറണാകുളം | 9.4.05 |
| 15819 | കെ.എ.നിസാർ അഹ്മദ് | s/o കെ.കെ. അബ്ദുല്ല | എറണാകുളം | 9.4.05 |

→ പേജ് 40–ൽ

ലേഖനം

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

# ഇറാഖ് തകർക്കപ്പെടും

(ഇറാൻ പ്രശ്നം സജീവമായി ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാണിപ്പോൾ. അമേരിക്ക ഇറാനെ തകർക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു കഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ മുസ്ലിംലോകം എന്തുചെയ്യണമെന്നറിയാതെ അലയുകയാണ്. ആത്മീയനേതൃത്വത്തിന്റെ അഭാവത്തിൽ അവർ തൊടുന്നതെല്ലാം നാശത്തിലേക്കാണ് പോയ്ക്കൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വിശുദ്ധഖുർആന്റെ അദ്ധ്യാപനമെന്താണെന്നുപോലും അറിയാത്തവരും അറിഞ്ഞാൽതന്നെ അത് പ്രാവർത്തികമാക്കാൻ സാധിക്കാത്തവരുമായി മുസ്ലിംലോകം മാറിയിരിക്കുന്നു എന്നത് എത്രമാത്രം വേദനാജനകമായ കാര്യമാണ്. അമീറുൽ മുഅ്മിനീൻ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു) 17.3.2006-ൽ ചെയ്ത ഖുത്ബയിൽ ഇറാന്നെതിരെയുള്ള അമേരിക്കൻ നടപടിയെ അപലപിക്കുകയും ഇത് മൂന്നാംലോകയുദ്ധത്തിനുവരെ ഇടയാകാമെന്നും പറയുകയുണ്ടായി. 1990-ൽ ഇറാഖ് കുവൈത്തിനെ പിടിച്ചടക്കിയപ്പോൾ അന്നത്തെ ഖലീഫാതിരുമനസ്സ് മുസ്ലിംലോകത്തോട് വിശുദ്ധ ഖുർആന്റെ വിധി സ്വീകരിക്കണമെന്നും അല്ലാത്ത പക്ഷം ഒരിക്കലും തലയുയർത്താൻ പറ്റാത്തവിധത്തിലുള്ള തിരിച്ചടി മുസ്ലിംലോകത്തിന് ഉണ്ടാകുമെന്നും താക്കീത് ചെയ്തിരുന്നു.

അദ്ദേഹം 1990 ആഗസ്ത് 17-ാം തിയ്യതി ചെയ്ത ഖുത്ബയിൽ ഭാവിയിൽ ഇറാഖിൽ നടക്കാൻ പോകുന്ന കാര്യങ്ങൾ മുൻകൂട്ടി പ്രവചിക്കുകയുണ്ടായി. ഇന്ന് നാമത് അക്ഷരംപ്രതി പുലർന്നുകാണുന്നു. ആ ഖുത്ബ പ്രസംഗം മലയാളത്തിൽ നേരത്തെ സത്യദൂതനിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഞങ്ങൾ അതിവിടെ പുനഃപ്രസിദ്ധീകരിക്കുകയാണ്. ഖലീഫാതിരുമനസ്സിന്റെ വാക്കുകൾക്ക് ഇറാനും മുസ്ലിംകളും ചെവികൊടുക്കുന്നില്ലെങ്കിൽ ഇറാഖിന്റെ ഗതിതന്നെയായിരിക്കും ഇവർക്കുമുണ്ടാകുക.)

മധ്യപൗരസ്ത്യദേശത്തെ സ്ഥിതിഗതികൾ ദിനേന വഷളായിക്കൊണ്ടിരിക്കുകയാണ്. ഇത് മിക്കവാറും മുഴുവനുംതന്നെ മുസ്ലിം ഭൂപ്രദേശമായതിനാൽ, ലോകത്തെങ്ങുമുള്ള മുസ്ലിംകൾക്ക് ഇക്കാര്യത്തിൽ നിശ്ചയമായും ആശങ്കയുണ്ട്. കാരണം, മറ്റുള്ള സകല വസ്തുക്കളെക്കാളും മുസ്ലിംകൾക്ക് പ്രിയങ്കരമായിട്ടുള്ള പരിശുദ്ധസ്ഥാനങ്ങൾ അവിടെയാണ്. ഏതൊരിടം ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പാദസ്പർശമേറ്റ് പരിപൂതമായിത്തീർന്നുവോ, എവിടത്തെ അന്തരീക്ഷം തിരുമേനിയുടെ ശ്വാസോച്ഛ്വാസത്താൽ സുരഭിലവും അനുഗൃഹീതവുമായിത്തീർന്നിരുന്നുവോ ആ വിശുദ്ധഭൂമി ഇന്ന് നാനാഭാഗത്തുനിന്നും വിപത്തുകളാലും ചതിയാലോചനകളാലും വലയം ചെയ്യപ്പെട്ടിരിക്കുന്നു. അതോർത്ത് ഇന്ന് മുസ്ലിംലോകം ഒന്നടങ്കം ദുഃഖിതമാണ്. ഏറ്റവും കൂടുതൽ ദുഃഖമനുഭവിക്കുന്നത് അഹ്മദിയ്യാ ജമാഅത്താണെന്നത് ഒരു വസ്തുതയത്രെ. അഹ്മദിയ്യാ ജമാഅത്ത് മാത്രമാണെന്ന് ഞാൻ തറപ്പിച്ചുപറയുമ്പോൾ, അതൊരു പൊങ്ങച്ചവും വ്യഥാവാദവും മറ്റു മുസ്ലിംകളെ പ്രകോപിപ്പിക്കുന്ന ഒരു കാര്യവുമാണെന്ന് വിവരമില്ലാത്തവർ വിചാരിച്ചേക്കാം. ഇസ്ലാമിനോട് യഥാർത്ഥ സഹതാപം അശേഷമില്ലാതെ, ഇസ്ലാമിന്റെ ധ്വജവാഹകരും കാവൽക്കാരുമായി ചമഞ്ഞു നടക്കുന്നു എന്ന് നമ്മെക്കുറിച്ച് അവർ കരുതിയെന്നും വരാം. പക്ഷേ, ഇസ്ലാമിന്റെ പേരിൽ യഥാർത്ഥ വേദന ഇന്ന് ഏതെങ്കിലും ജമാഅത്തിനുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്തിന് മാത്രമാണെന്ന് വസ്തുതകൾ വിശദീകരിച്ചുതരുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും.

**ഭക്തിശൂന്യമായ രാഷ്ട്രീയം**

ഇക്കാലത്തെ രാഷ്ട്രീയം മലീമസമാണ്. അത് നീതിരഹിതവും ഭക്തിശൂന്യവുമായിക്കഴിഞ്ഞിരിക്കുന്നു. ഇസ്ലാമിന്റെ പേരിൽ മേന്മ അവകാശപ്പെടുന്ന മുസ്ലിംരാഷ്ട്രങ്ങൾക്ക് ഇന്ന് ഇസ്ലാമിക സദാചാരത്തോടു കൂറില്ല. അതിന്റെ ഉന്നതമായ നീതിതത്വങ്ങളോടും അവർക്ക് ആഭിമുഖ്യമില്ല. അവരുടെ കൂറ് സ്വന്തം താൽപര്യങ്ങളോടാണ്. തൽഫലമായി ആഗോള ഇസ്ലാമിന്റെ പ്രവർത്തനശൈലിയിൽതന്നെ നിങ്ങൾക്ക് വൈരുദ്ധ്യം ദർശിക്കാൻ സാധിക്കും. അഹ്മദിയ്യാ ജമാഅത്തൊഴികെ ലോകത്തുള്ള സകല മുസ്ലിം കക്ഷികളും ഏതെങ്കിലുമൊരു മുസ്ലിംരാഷ്ട്രത്തോടു ഏതെങ്കിലും പ്രകാരത്തിൽ ഒട്ടിച്ചേർന്നിരിക്കുന്നു. അവർ തങ്ങളുടെ പിന്തുണയ്ക്കായി ഏതെങ്കിലും ഒരു രാഷ്ട്രത്തെ കൂട്ടുപിടിച്ചതായി കാണാം. ഭയഭക്തി ആവശ്യപ്പെടുന്നതാകട്ടെ, ഇസ്ലാമികമൂല്യങ്ങളോട് കൂറുപുലർത്തുവാനാണുതാനും. ഇസ്ലാമിനോട് യഥാർത്ഥ സ്നേഹമുണ്ടെങ്കിൽ ഇസ്ലാമിന്റേയും വിശുദ്ധഖുർആന്റേയും തിരുനബിയുടെ സുന്നത്തിന്റേയും നിർബന്ധങ്ങളോട് കൂറുപുലർത്തുകയാണ് വേണ്ടത്. ഈ

അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇന്നത്തെ രാഷ്ട്രീയസ്ഥിതി വിശേഷങ്ങളെ സംബന്ധിച്ച് നാം ചിന്തിക്കുമ്പോൾ, ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ ധാർമ്മികതയുടെ അടിത്തറയിലല്ല ഇന്നത്തെ മുസ്‌ലിംകളുടേയോ അമുസ്‌ലിംകളുടേയോ രാഷ്ട്രീയപ്രവർത്തനമുള്ളതെന്ന് കാണാം. അമുസ്‌ലിംരാഷ്ട്രങ്ങൾ നീതിയുടെ പേരിൽ വീരവാദങ്ങൾ മുഴക്കിക്കൊണ്ടിരിക്കുന്നു. തങ്ങളില്ലെങ്കിൽ, തങ്ങളുടെ പ്രതാപം നിലനിൽക്കുന്നില്ലെങ്കിൽ ലോകത്തുനിന്ന് നീതി നശിച്ചൊടുങ്ങിപ്പോകുമെന്നും ലോകത്ത് നീതി നിലനിർത്താൻ അവർ നിയുക്തരായിരിക്കുകയാണെന്നും തോന്നിപ്പോകുമാറാണ് അവരുടെ വീരവാദങ്ങൾ! മുസ്‌ലിംരാഷ്ട്രങ്ങളും ഇക്കാര്യത്തിൽ ഭിന്നരല്ല. അവരും ഇസ്‌ലാമിന്റെ പേരിൽ വലിയ വലിയ അവകാശവാദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും നിങ്ങൾ വിശദരൂപത്തിൽ നോക്കുന്നതായാൽ നീതി, വിശുദ്ധ ഖുർആൻ മുന്നോട്ടുവയ്ക്കുന്ന നീതി ഇരുവശങ്ങളിലും ഇല്ലെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും.

**അത് മുതലക്കണ്ണീർ!**

ഈയിടെ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങളെ പറ്റി ഞാൻ രേഖകൾ മുന്നിൽവച്ചുകൊണ്ടാണ് സംസാരിക്കാനുദ്ദേശിക്കുന്നത്. ഇറാഖ് എന്തോ തർക്കത്തെ തുടർന്ന് അതിനോടടുത്ത് കിടക്കുന്ന ഒരു ചെറിയ മുസ്‌ലിംരാഷ്ട്രത്തിനുമേൽ ആക്രമണം നടത്തി. തൽഫലമായി ലോകം അറിയുന്നതിന് മുമ്പേ ഞൊടിയിടകൊണ്ട് ആ രാഷ്ട്രം പൂർണ്ണമായും അധീനമാക്കപ്പെട്ടു. ഈ അധിനിവേശം ലോകത്തെങ്ങും പെട്ടെന്നു ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു. ഇതുപോലുള്ള മറ്റു സംഭവങ്ങളിൽ ഒരു വിഷമവും അനുഭവപ്പെടാതിരുന്നവർക്കും ഒരു അസ്വാസ്ഥ്യവും പ്രകടിപ്പിച്ചിട്ടില്ലാത്തവർക്കും സഹായവുംകൊണ്ട് ഓടിയെത്തിയിട്ടില്ലാതിരുന്നവർക്കും ഇപ്പോൾ കുവൈത്തിനുനേരെ അസാധാരണമായ അനുഭാവം തിളച്ചുമറിഞ്ഞിരിക്കുന്നു! ഈ കാലഘട്ടത്തിന്റെ ചരിത്രത്തിൽ അതുല്യമായൊരു ഇളക്കം തന്നെയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്.

ഇന്നേവരെയുള്ള സംഭവവികാസങ്ങളെ സംബന്ധിച്ച് പത്രവായനക്കാർ നന്നായി അറിയുന്നതുകൊണ്ട് ഞാൻ അങ്ങനെയുള്ള കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഇസ്‌ലാമിന്റെ ലക്ഷ്യങ്ങൾ അല്ലെങ്കിൽ ഇസ്‌ലാമിലെ നീതിതത്വങ്ങൾ എത്രത്തോളം പരിഗണിക്കപ്പെടുന്നു, ഇന്നത്തെ രാഷ്ട്രീയം ഇവയിൽനിന്നു എത്രത്തോളം ഒഴിഞ്ഞിരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കി ചില കാര്യങ്ങൾ സംസാരിക്കാനാണ് ഞാനാഗ്രഹിക്കുന്നത്.

അമേരിക്കയും അവരുടെ സഖ്യകക്ഷികളും ബഗ്ദാദ് ഭരണകൂടത്തിന്മേൽ ശക്തിപ്രയോഗിക്കാനും അതിനെ മുട്ടുകുത്തിക്കാനുമുള്ള നടപടികൾ ആരംഭിച്ചപ്പോൾ ഈ വലിയ ഇസ്‌ലാമികരാഷ്ട്രം ഭയാനകമായ പ്രതിസന്ധിയെ നേരിടാൻ പോകുകയാണെന്നും യുദ്ധം ചെയ്യുക എന്നത് അവരുടെ കഴിവിൽപെട്ടതാകുകയില്ലെന്നും തോന്നിതുടങ്ങിയിരുന്നു. അതുകൊണ്ട്, എന്റെ അസ്വസ്ഥത സ്വാഭാവികമായും അസാധാരണനിലയിൽ വർദ്ധിച്ചുവന്നു. നടന്നുകൊണ്ടിരിക്കുന്ന ചർച്ചകളേയും നിർദ്ദേശിക്കപ്പെടുന്ന പരിഹാരമാർഗ്ഗങ്ങളേയും ഞാൻ സസൂക്ഷ്മം നിരീക്ഷിച്ചുപോന്നു.

ജോർഡാനിലെ ഹുസൈൻ രാജാവ് ഈയിടെ അമേരിക്കൻ പര്യടനം നടത്തുകയുണ്ടായി. വല്ല കത്തുമായി പോയതാണെന്ന് ആദ്യം കരുതിയെങ്കിലും അതില്ലായിരുന്നുവെന്നു പിന്നീടറിയാൻ കഴിഞ്ഞു. ചില സന്ദേശങ്ങളും അല്പം ചില നിർദ്ദേശങ്ങളുമായി അദ്ദേഹം അവിടെ പോയതായിരുന്നു. ഇതിനെ തുടർന്ന് ടെലിവിഷനും റേഡിയോവും പത്രങ്ങളും മുഖേന അമേരിക്കൻ പ്രസിഡന്റും ഇറാഖ് പ്രസിഡന്റ് സദ്ദാം ഹുസൈൻ സാഹിബും പരസ്പരം ഉപയോഗിച്ച ഭാഷയിൽനിന്ന് അല്ലെങ്കിൽ അന്യോന്യം ഉന്നയിച്ച ആക്ഷേപങ്ങളിൽനിന്ന് സ്ഥിതിഗതികൾ എത്രമാത്രം രൂക്ഷമാണെന്ന് മനസ്സിലാക്കാം. ലോകത്തെ ഉന്നത രാഷ്ട്രങ്ങളുടെ നേതാക്കന്മാർ എത്രമാത്രം തരംതാണുപോകുന്നു! അവർ പരസ്പരം ഉപയോഗിച്ച കള്ളൻ, വൃത്തികെട്ടവൻ, വഞ്ചകൻ തുടങ്ങിയുള്ള സഭ്യേതരമായ ശകാരവാക്കുകൾ കേൾക്കുമ്പോൾ ആശ്ചര്യം തോന്നുന്നു. ഇതിനു പിന്നിലുള്ള സംഭവമോ? ഒരു വലിയ മുസ്‌ലിംരാഷ്ട്രം ഒരു ചെറിയ മുസ്‌ലിം രാഷ്ട്രത്തെ കീഴടക്കി എന്നതും.

**സദ്ദാം പറഞ്ഞത് നീതി**

ലോകത്ത് മറ്റു സ്ഥലങ്ങളിലും ഇതിനെക്കാൾ ഭയാനകമായ രൂപത്തിൽ ഇത്തരം നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു! അങ്ങനെ നോക്കിയാൽ അതിന്നെതിരിൽ ഈ സംഭവത്തിന് ഒരു പ്രാധാന്യവുമില്ല. എന്നാൽ, തീർച്ചയായും ധാരാളം പ്രേരണകൾ ഇതിനുപിന്നിലുണ്ട്. അസാധാരണമായ കോലാഹലങ്ങൾക്ക് കാരണം അതാണ്. എന്തുതന്നെയായാലും പിടിച്ചടക്കി കഴിഞ്ഞു. അതിനെ അംഗീകരിച്ചു കിട്ടേണ്ട പ്രശ്നം മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. എത്ര കനത്തപ്രതികരണമാണ് ലോകത്തുണ്ടായത്! അതുകൊണ്ടുതന്നെ ഇറാഖ് പ്രസിഡന്റ് സദ്ദാം ഹുസൈൻ സാഹിബ് അമേരിക്കയോട് പറഞ്ഞു. സത്യത്തിൽ നിങ്ങൾ നീതി ആഗ്രഹിക്കുന്നെങ്കിൽ ഈ പ്രദേശത്താകെ നീതി പുലർത്തുക. അങ്ങനെയാണെങ്കിൽ ഞങ്ങളുടെ കൊച്ചുസഹോദര രാഷ്ട്രത്തിന്റെ ഭരണം ഞങ്ങൾ പുനഃസ്ഥാപിച്ചുകൊള്ളാം. ആരാണോ അവിടെ ഭരിച്ചിരുന്നത് അവർക്കുതന്നെ ഈ രാജ്യത്തിന്റെ നിയന്ത്രണച്ചുമതല ഏല്പിച്ചുകൊടുക്കുകയും ചെയ്യാം. ഈ പ്രദേശങ്ങളിൽ ഇതുപോലുള്ള മറ്റു സംഭവങ്ങളുമുണ്ടായിട്ടുണ്ട്. അന്യായമായ അധിനിവേശവും നടന്നിട്ടുണ്ട്. അത് നിങ്ങളുടെ സഹകരണത്തോടെ നിങ്ങളുടെ സഖ്യകക്ഷിക്കാർ നിങ്ങളുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ളതാണ്. ഉദാഹരണത്തിന് യഹൂദികൾ കൈവശപ്പെടുത്തിയിട്ടുള്ള ജോർദാൻ നദിയുടെ പശ്ചിമതീരം. അന്യായമായി കൈവശപ്പെടുത്തിവച്ചിരിക്കുന്ന ഈ പ്രദേശത്തെ അവരുടെ നിയന്ത്രണത്തിൽ നിന്ന് മുക്തമാക്കുക. അവരാണെങ്കിൽ ആ നിയന്ത്രണം കൂടുതൽ കൂടുതൽ സുസ്ഥിരമാക്കിക്കൊണ്ടിരിക്കുകയുമാ

ണ്. റഷ്യയിൽനിന്ന് കുടിയേറിപാർത്തവരെ അവിടെ സ്ഥിരമായി താമസിപ്പിച്ചുവരികയും ചെയ്യുന്നു. സ്വന്തം മതക്കാർ പോലുമല്ലാത്ത അന്യരാണ് ആ പ്രദേശം അധീനപ്പെടുത്തിയിരിക്കുന്നത്. അറബികൾക്ക് കടുത്ത ശത്രുതയുള്ളവരാണവർ. നിങ്ങളുടെ പാശ്ചാത്യസംസ്കാരം ഇതിനെതിരിൽ ഒന്നും പ്രതികരിച്ചിട്ടില്ല. പാശ്ചാത്യരുടെ നീതിബോധത്തിന്റെ തലയിൽ ഒരുപേൻപോലും നിരങ്ങിയില്ല! അതിനാൽ അതിനേയും ഇതിൽ ഉൾപ്പെടുത്തുക. സിറിയ(ശാം) ഒരു ഇസ്‌ലാമിക രാഷ്ട്രമാണ്. അവർ ലബ്നാനിൽ തങ്ങളുടെ സൈന്യത്തെ അയച്ച് അത് കൈവശപ്പെടുത്തി. തോന്നുമ്പോഴൊക്കെ അവിടേയ്ക്ക് സൈന്യത്തെ അയക്കുകയും തോന്നുന്നതൊക്കെ ചെയ്യുകയും ചെയ്യുന്നു. അവരുടെ സൈന്യത്തെ അവിടെനിന്ന് പിൻവലിക്കാൻ അവരെ നിർബന്ധിക്കുകയും അവരെ ഒഴിപ്പിക്കുകയും ചെയ്യുക. ഈ പ്രദേശത്ത് നടന്നിട്ടുള്ള ഇത്തരം സംഭവങ്ങളെയെല്ലാം ഒരുപോലെ കാണുകയും ഇവയെക്കുറിച്ചെല്ലാം ഒപ്പം പരിഗണിക്കുകയും ചെയ്യേണ്ടതാണ്. തികച്ചും നീതിയുക്തമാണ് സദ്ദാം ഹുസൈൻ സാഹിബിന്റെ ഈ നിലപാട്. നീതിയുടെ പാഠം മുന്നിൽ കണ്ടുകൊണ്ട് പറയുകയാണെങ്കിൽ പ്രത്യേകനിലയിൽ ഈ പ്രദേശങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മുഴുവൻ സംഭവങ്ങളേയും ഒരുപോലെതന്നെ കാണേണ്ടതായിരിക്കുന്നു.

ഇതിനോടനുബന്ധിച്ച് മറ്റുചില കാര്യങ്ങളുമുണ്ട്. നീതിയുടേയും ഭയഭക്തിയുടേയും വീക്ഷണത്തിൽ കുവൈത്തിന്റെമേൽ സദ്ദാം ഹുസൈൻ സാഹിബ് നടത്തിയ ആക്രമണത്തിന് യാതൊരു ന്യായീകരണവുമില്ല. എന്നാൽ, മുൻവിവരിച്ചതുപോലെ ജോർദാന്റെ പശ്ചിമതീരം അധീനപ്പെടുത്താനും അത് സുസ്ഥിരമാക്കിവെക്കാനും അതിനെക്കാൾ കുറഞ്ഞ വല്ല ന്യായവും യഹൂദികളുടെ പക്കലുണ്ടോ?

**പാശ്ചാത്യമാധ്യമങ്ങളുടെ ഇരട്ടത്താപ്പ്**

ഇറാഖ് ചില ദ്രോഹനടപടികൾ ചെയ്തതായി പറയപ്പെടുന്നു. രാജ്യമുപേക്ഷിച്ച് അതിർത്തി കടക്കാൻ ശ്രമിച്ച ഒരു ഇംഗ്ലീഷുകാരനെ ഒരാൾ കൊല ചെയ്ത സംഭവമാണ് അതിലൊന്ന്. പാശ്ചാത്യപത്രങ്ങൾ ഈ സംഭവം പൊക്കിപിടിച്ചു വലിയ ഒച്ചപ്പാടുണ്ടാക്കി. യഹൂദികൾ ലബ്നാനിലും മറ്റു സ്ഥലങ്ങളിലും അടിക്കടി ആക്രമണം നടത്തുകയുണ്ടായിട്ടുണ്ട്. അവരുടെ പോർവിമാനങ്ങൾ പട്ടാപ്പകൽ ഇറാഖിന്റെ ആണവനിലയം ഒരു കൂസലും കൂടാതെ നിർലജ്ജം തകർത്തു. എന്നാൽ, ഈ സംഭവങ്ങളെയെല്ലാം പാശ്ചാത്യലോകം അവഗണിക്കുകയാണുണ്ടായത്. അതിന്നെതിരിൽ ഇവർ ചെറുവിരൽപോലും അനക്കിയിരുന്നില്ല. ഇവിടെ ഒരു വ്യക്തി വധിക്കപ്പെട്ടതിനെ തുടർന്ന് ലോകത്തുള്ള സകല പത്രങ്ങളിലും റേഡിയോവിലും ടെലിവിഷനിലും അത് അങ്ങേയറ്റത്തെ ദ്രോഹമായി ചിത്രീകരിച്ചു കോലാഹലങ്ങൾ സൃഷ്ടിക്കുന്നു. മറുവശത്ത് ആയിരക്കണക്കിന് വൃദ്ധരും കുട്ടികളും ചെറുപ്പക്കാരും തികച്ചും നിരാലംബരായി ക്യാമ്പുകളിൽ കഴിഞ്ഞുകൂടവെ ആ ദുരവസ്ഥയിൽ അവരെ വാളിന്നിരയാക്കുകയും കുട്ടികളുടെ തലകൾ കല്ലുകൾ കൊണ്ടിടിച്ചു തല്ലിപൊളിക്കുകയും ചെയ്യുന്നു. അലമുറയിടുന്ന മാതാക്കളുടെ മുമ്പിൽവെച്ച് അവരുടെ കുട്ടികളെ നിർദ്ദാക്ഷിണ്യം നിഗ്രഹിക്കുന്നു. പിന്നീട് ആ മാതാക്കളുടേയും ഊഴം വരികയായി. ലബ്നാനിലെ ഒരു ക്യാമ്പിലുണ്ടായ സംഭവം ഞെട്ടിപ്പിക്കുന്നതാണ്. ഇതിനെതിരിലൊന്നും ആരും ശബ്ദിച്ചില്ല! ഇതാണോ നീതി? അതല്ല, മറ്റുവല്ല താൽപര്യവുമാണോ? അപ്പോൾ പ്രശ്നം ഇതാണ്, നീതിയധിഷ്ഠിതമാണ് നടപടികളെങ്കിൽ നീതി മുഴുലോകത്തേയും നോക്കിക്കാണുന്നത് ഒരേ കണ്ണുകൊണ്ടാണ്. അതിന്റെ അളവുകോലിനു മാറ്റമുണ്ടാകാവതല്ല.

ഇംഗ്ലീഷുകാരികളായ ചില എയർഹോസ്റ്റസുമാരോട് ഇറാഖ് സൈന്യം അങ്ങേയറ്റം അപമര്യാദയായി പെരുമാറുകയും അവരെ മാനഭംഗപ്പെടുത്തുകയും ചെയ്തു എന്നതാണ് ഇറാഖിൽ പ്രചരിപ്പിച്ച മറ്റൊരു വാർത്ത. ഈ സംഭവവും ലോകത്ത് വളരെ ഒച്ചപ്പാടുണ്ടാക്കി. ഇതുപോലുള്ള നിരവധി സംഭവങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, ഒരു പാശ്ചാത്യമാധ്യമവും അതിനെപ്പറ്റി ലോകത്തോട് പറയുന്നില്ല. അവയുടെ നേരെ അവരുടെ കണ്ണുകളടഞ്ഞിരിക്കുന്നു. ഇറാഖിലുണ്ടായി എന്നു പറയുന്ന ഈ സംഭവത്തെ തുടർന്നുണ്ടായ കോലാഹലങ്ങൾ അണയുന്നതിനു മുമ്പേ ആ സംഗതികളെല്ലാം കളവും സാങ്കല്പികവുമായിരുന്നു എന്ന യാഥാർത്ഥ്യം വെളിച്ചത്തുവരികയും ചെയ്തു!

**ബന്ധികളാക്കൽ അനിസ്‌ലാമികം**

മറുഭാഗത്ത്, ഇറാഖും ഇസ്‌ലാമിക നീതിയുടെ നിർബന്ധമനുസരിച്ചല്ല പൂർണ്ണമായും പെരുമാറിയത്. യുദ്ധമുണ്ടായാൽ, നിങ്ങൾ യുദ്ധത്തിലേർപ്പെട്ടിട്ടുള്ള ജനതയുമായി ബന്ധം വയ്ക്കുന്ന ആളുകൾ നിങ്ങളുടെ രാജ്യത്ത് താമസിക്കുന്നുണ്ടെങ്കിൽ അവരെ ബന്ദികളാക്കാനോ ജാമ്യത്തടവുകാരാക്കാനോ കച്ചവടച്ചരക്കായി ഉപയോഗിക്കാനോ അവരുടെമേൽ ഭയഭക്തിക്ക് നിരക്കാത്ത ദ്രോഹം ചെയ്യാനോ ഇസ്‌ലാം ഒരിക്കലും അനുവദിക്കുന്നില്ല. എന്നുവച്ചാൽ, ദ്രോഹപ്രവൃത്തിയെ ദ്രോഹപ്രവൃത്തിയായിത്തന്നെ കാണണം. ദ്രോഹം ദൈവഭയത്തിനെതിരാണ്. ആ നിലയ്ക്ക് അവരോട് ഒരുതരത്തിലുള്ള അത്യാചാരവും ഇസ്‌ലാം അനുവദിക്കുന്നില്ല.

ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ജീവിതവും തിരുമേനിയുടെ ജീവിതകാലത്തു നടന്ന സകല യുദ്ധങ്ങളും സാക്ഷിയാണ്, ഇസ്‌ലാമികസൈന്യം ഏത് ജനതയോടാണോ യുദ്ധം ചെയ്തിരുന്നത് അവർ മുസ്‌ലിംകളുടെ അധീനത്തിലായപ്പോൾ അവരുടെ ആളുകളോട് അവർ അതിക്രമം നടത്തിയിട്ടുള്ള ഒരു ചെറിയ സംഭവംപോലും കാണുകയില്ല. അവർ പൂർണ്ണമായും സ്വതന്ത്രരായിരുന്നു. ഇഷ്ടാനുസൃതം അവർക്ക് കഴിഞ്ഞുകൂടാമായിരുന്നു. അവരുടെമേൽ ആരുംതന്നെ ഒരു ചെറിയ ദ്രോഹപ്രവർത്തനത്തിനുപോലും മുതിർന്നില്ല. ആരെങ്കിലും അഭയയാചന നടത്തിയാൽ, അയാൾ ശത്രുസമൂഹവുമായി ബന്ധപ്പെട്ട ആളാണെങ്കിൽത്ത

ന്നെയും അയാൾക്ക് അഭയം നല്കുകയെന്നതാണ് ഇസ്ലാമിന്റെ അദ്ധ്യാപനം. എന്നാൽ, ഇറാഖ്, ഇസ്ലാമിന്റെ ഈ വിശിഷ്ടമായ സ്വഭാവമാതൃകയെ പൂർണ്ണമായും വിസ്മരിച്ചുകൊണ്ട്, കുവൈത്തിലോ ഇറാഖിലോ താമസിക്കുന്ന ബ്രിട്ടീഷുകാരും അമേരിക്കക്കാരുമായ പൗരന്മാർക്കാർക്കുംതന്നെ അവിടംവിട്ടുപോകാനോ തങ്ങളുടെ വീടുകളിൽ വസിക്കാനോ അനുവാദമുണ്ടായിരിക്കുന്നതല്ലെന്നും അവരെല്ലാം നിശ്ചിത ഹോട്ടലുകളിലെത്തിച്ചേർന്നുകൊള്ളേണ്ടതാണെന്നും പ്രഖ്യാപിക്കുകയാണുണ്ടായത്. ഇപ്രകാരംതന്നെ മറ്റു ഇസ്ലാമികരാഷ്ട്രങ്ങളുമായി ബന്ധപ്പെട്ടവർക്കും പുറത്തുപോകാൻ അനുവാദം ഇല്ല!

പ്രശ്നം രൂക്ഷമാകുന്തോറും ഇവരെ ജാമ്യത്തടവുകാരെന്നനിലയിൽ ഉപയോഗിക്കുമെന്നത് വളരെ വ്യക്തമാണ്. ഇസ്ലാമികധാർമ്മികതയിൽനിന്ന് തികച്ചും വിഭിന്നമാണ് ഈ നടപടി. ലോകത്ത് നടപ്പിലുള്ള പൊതുവായ സദാചാരമുറകൾക്കും വിരുദ്ധമാണിത്. ഇന്ന് സദാചാരം എവിടെയെങ്കിലുമുണ്ടോ? ഭയഭക്തിയുടെ ആഴത്തിലേക്ക് പൂർണ്ണമായും ഇറങ്ങിയിട്ടുള്ള ഇസ്ലാമികധാർമ്മികതയുടെ അടിയിലെ പടിയിലെങ്കിലും നിൽക്കുന്നുവെന്നു പറയാൻ കഴിയുന്ന ഇസ്ലാമികമോ അനിസ്ലാമികമോ ആയ ഏതെങ്കിലും രാഷ്ട്രം ഇന്ന് ഭൂമുഖത്തുണ്ടോ? എല്ലായിടത്തും കുഴപ്പം!

**ഭക്ഷ്യോപരോധം കൂട്ടക്കൊലയേക്കാൾ കൊടൂരം!**

ഐക്യരാഷ്ട്രരക്ഷാസമിതിയുടെ പ്രമേയത്തെ മറയാക്കിക്കൊണ്ട് ഇപ്പോൾ ഇറാഖിനെതിരെ നാനാഭാഗത്തുനിന്നും ഉപരോധം ഏർപ്പെടുത്തിയിരിക്കയാണ്. അതായത്, ഇറാഖിൽ സാധനങ്ങൾ പ്രവേശിപ്പിക്കുന്നതും ഇറാഖിൽനിന്ന് സാധനങ്ങൾ പുറത്തുകൊണ്ടുപോകുന്നതും സൈനിക നടപടി മുഖേന തടഞ്ഞിരിക്കുന്നു. ധാർമ്മികമായി നോക്കിയാൽ രണ്ടുവിധം അതിക്രമങ്ങൾ ഇതിലുള്ളതായി കാണാം. അത് വളരെ ഭയാനകവുമാണ്. ഐക്യരാഷ്ട്രരക്ഷാസമിതി, ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യഉപഭോഗങ്ങളും ഉപരോധത്തിൽ ഒരിക്കലും ഉൾപെടുത്തിയിട്ടുണ്ടായിരുന്നില്ല എന്നതാണ് ഒന്ന്. മറ്റൊന്ന്, ഏതെങ്കിലും രാജ്യം ഉപരോധത്തിന്നു തയ്യാറില്ലെങ്കിൽ, അവരെ അതിന്നായി നിർബന്ധിക്കണമെന്ന് ഐക്യരാഷ്ട്രസഭ ഒരിക്കലും തീരുമാനിച്ചിട്ടില്ല എന്നതാണ്. ഈ രണ്ടുകാര്യങ്ങളിലും അമേരിക്കയും ബ്രിട്ടനും ഇപ്പോൾ തുറന്നനിലയിൽ വഞ്ചന കാണിച്ചിരിക്കുന്നു. ഒരുവശത്ത്, ഇറാഖിന്റെമേൽ അവർ അന്യായം ആരോപിക്കുന്നു. ഇസ്ലാമികവീക്ഷണത്തിൽ ഇറാഖ് ചെയ്തത് അന്യായമാണെന്ന് ഞങ്ങൾ സമ്മതിക്കുന്നു. എന്നാൽ, അടുത്തശ്വാസത്തിൽ അവർ സ്വയം ചെയ്തുകൊണ്ടിരിക്കുന്നതാകട്ടെ, രാജ്യതന്ത്രജ്ഞതയുടെ (ഡിപ്ലോമസിയുടെ) ഭാഷയിൽ പൊതിഞ്ഞതും പുറമെ അത്ര ഭയാനകമായി കാണാൻ സാധിക്കാത്തതുമായ അതിഭയങ്കരമായ പാതകമാണ്. ബഗ്ദാദ് ഭരണകൂടം ഇപ്പോൾ നാലായിരം ഇംഗ്ലീഷുകാരേയും രണ്ടായിരത്തോളം വരുന്ന അമേരിക്കക്കാരേയും ബന്ദികളാക്കി വച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ അവസാനം അവരെ ദാരുണമായി വധിക്കുകയാണെങ്കിൽതന്നെ, ഇംഗ്ലീഷുകാരും അമേരിക്കക്കാരും യോജിച്ചുകൊണ്ട് ഇറാഖിന്റെമേൽ നടത്തുന്ന ഈ ദ്രോഹം അതിനെക്കാൾ എത്രയോ ഭയാനകമായ കുറ്റമായിരിക്കും. ആ കുറ്റത്തിന്റെ വൃത്തത്തിൽ അതായത് ആ കുറ്റകൃത്യത്തിന്റെ ലക്ഷ്യസ്ഥാനമെന്നനിലയിൽ ഇപ്പോൾ ജോർദാനേയും അവർ ഉൾപ്പെടുത്താൻ പോകയാണ്!

**ജോർദാനെ ഭീഷണിപ്പെടുത്തുന്നു**

പാശ്ചാത്യരോട് എക്കാലവും കൂറുപുലർത്തിപോന്ന ഒരു രാജ്യമാണ് ജോർദാൻ. അല്ല, ലജ്ജാർഹമാകുംവിധം അവർ കൂറുപുലർത്തിയിട്ടുണ്ട്! ഈ പ്രദേശത്ത് ഏറ്റവും കൂടുതൽ അവരോട് കൂറ് പുലർത്തിയ രാജ്യം ഈ രാഷ്ട്രമാണ്. വാസ്തവത്തിൽ കൂറുപുലർത്തുന്നതിൽ സഊദി അറേബ്യ അവരെക്കാളും മുന്നലത്രെ. പക്ഷെ, അവരുടെ പ്രശ്നം കൂറിന്റേത് മാത്രമല്ല. സഊദി അറേബ്യയുടെ മുഴുവൻ താൽപര്യങ്ങളും അമേരിക്കൻ താൽപര്യങ്ങളുമായി കൂടിക്കുഴഞ്ഞുകിടക്കുകയാണ്; അതെ, ഒരേ വസ്തുവിന്റെ രണ്ടു പേരുകളായിത്തീർന്നിരിക്കുന്നു. അതുകൊണ്ടുതന്നെ അവിടെ കൂറിന്റെ പ്രശ്നമില്ല. എന്നാൽ ഒരു കൊച്ചുരാജ്യമായ ജോർദാൻ പാശ്ചാത്യലോകത്തിന്റെ പേരുകേട്ട ആജ്ഞാനുസാരിയെന്ന നിലയിൽ ദീർഘകാലമായി പ്രവർത്തിച്ചുവന്നിരിക്കയാണ്! ബ്രിട്ടീഷുകാരോട് അഗാധമായ സുഹൃത്ത്ബന്ധം; അതിനെക്കാളുപരി സാഹോദര്യബന്ധം! അമേരിക്കക്കാരോടും അപ്രകാരംതന്നെ ഈ രാജ്യത്തിനു ബന്ധമുണ്ട്. അവരുടെ പട്ടികയിൽ ഈ രാജ്യത്തിന്റെ നാമം എപ്പോഴും മുകളിൽത്തന്നെയാണുള്ളത്. ജോർദാന് ഇപ്പോൾ നേരിട്ടിരിക്കുന്ന വിഷമം ഇതാണ്: അവർ ഇറാഖിനെതിരിൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയാൽ സ്വയം മരിക്കേണ്ടതായി വരും. നിലനിൽപിന്നു അവർക്ക് മറ്റൊരു മാർഗ്ഗവും അവശേഷിക്കുന്നില്ല. ഇറാക്ക് ഇതിനെ മറയാക്കി ജോർദാനെ ആക്രമിച്ചാൽ മണിക്കൂറുകൾപോലും അവരുമായി യുദ്ധം ചെയ്യാനുള്ള ശേഷി ജോർദാന്നൊട്ടില്ലതാനും. അതുകൊണ്ട് ഇറാഖിനോട് ചേർന്ന് നില്ക്കാൻ ജോർദാൻ നിർബന്ധിതയായിരിക്കുന്നു. എന്നാൽ അവരുടെ ഈ നിർബന്ധിതാവസ്ഥയെ തികച്ചും വിസ്മരിച്ചുകൊണ്ട് പാശ്ചാത്യശക്തികൾ ജോർദാനേയും തങ്ങളുടെ കുറ്റകൃത്യത്തിന് കുറിയാക്കാൻ തീരുമാനം എടുത്തിരിക്കുകയാണ്. ഇറാഖിനെതിരെയുള്ള ഉപരോധത്തിൽ തങ്ങളെ സഹായിച്ചില്ലെങ്കിൽ ജോർദാനേയും ഉപരോധിക്കുമെന്ന് പറഞ്ഞ് അവർ ഭീഷണിപ്പെടുത്തുന്നു. ഈ ഉപരോധത്തിൽ ഭക്ഷ്യവസ്തുക്കളും ഉൾപ്പെടുന്നുണ്ട്. അസംഖ്യം മനുഷ്യരെ നീതിയാകട്ടെ, അനീതിയാകട്ടെ, ഇഞ്ചിഞ്ചായി പട്ടിണിക്കിട്ടു കൊല്ലാനും, അവസാനം നിന്ദിതരും നിസ്സഹായരുമായ നിലയിൽ തങ്ങളുടെ നിലപാടുകളിൽ നിന്നെല്ലാം അവർ പൂർണ്ണമായും പിൻമാറുന്നതുവരെ അത് തുടരാനുള്ള പരിപാടിയാണ്. ഇത്രയുമല്ല, ഭാവനയിൽപോലും മനുഷ്യന്റെ ആത്മാവിനെ വിറകൊള്ളിക്കുന്ന ദുഷ്ടലക്ഷ്യങ്ങൾ വേറെയും അതിനെ തുടർന്നുണ്ടാകുമത്രെ!

**ഡിപ്ലോമസി എന്ന വ്യാജതന്ത്രം**

അതുകൊണ്ട് എവിടെയാണ് നീതി എന്നതാണ് പ്രശ്നം: പാശ്ചാത്യലോകം ഇന്ന് ഡിപ്ലോമസിയുടെ- ഇതിനു ഇസ്‌ലാമികശൈലിയിൽ വ്യാജം (ദജൽ) എന്നാണ് പറയുന്നത്- വ്യാജോക്തിയുടെ പരമകാഷ്ഠയിൽ എത്തിനില്ക്കുന്നു. 'ഡിപ്ലോമസി'യുടെയും രാഷ്ട്രീയത്തിന്റേയും പേരിൽ പാശ്ചാത്യലോകം ഇന്ന് വ്യാജോക്തി ഏത് നിലവരെ എത്തിച്ചുവോ, മനുഷ്യകുലത്തിൽ ഇന്നേവരെ ആ നിലയിൽ വ്യാജം ഒരിക്കലുമെത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ അവരുടെ കുറ്റങ്ങൾ എപ്പോഴും മറയ്ക്കുള്ളിൽ പൊതിഞ്ഞ നിലയിലാണ്. അവർക്ക് വാക്ചാതുര്യമുണ്ട്. ശക്തമായ പ്രചാരണങ്ങളാൽ തങ്ങളുടെ കാര്യങ്ങൾ ന്യായയുക്തികളോടെ അവതരിപ്പിക്കാനുള്ള കഴിവുമുണ്ട്.

ഒരുവശത്ത് ഇതാണ് അവസ്ഥ. ഈ രോഗം ദിനേന ആഴ്ന്നിറങ്ങിക്കൊണ്ടിരിക്കുന്നു. തലപൊന്തിച്ച് പുറത്തുവരുന്ന നിരവധി വിപത്തുകളും മനുഷ്യർക്ക് കാണും വിധം തലപൊന്തിക്കാൻ സാധിക്കാത്ത ധാരാളം അപകടങ്ങളുമുണ്ട്. അഗാധമായി പഠിച്ചാൽ നിങ്ങൾക്കതും കാണാൻ സാധിക്കും. മത്സ്യങ്ങളുള്ള ചെറിയൊരു കുളം ഞങ്ങൾക്കുണ്ടായിരുന്നു. ഞങ്ങൾ മത്സ്യത്തെ കാണാൻ അവിടെ പോകാറുണ്ട്. ആദ്യ ദൃഷ്ടിയിൽ വെള്ളത്തിന്റെ ഉപരിതലവും പിന്നീട് അതിനോട് ചേർന്നുനില്ക്കുന്ന മത്സ്യങ്ങളേയും കാണും. പിന്നീട് സൂക്ഷിച്ചുനോക്കുമ്പോൾ ആഴത്തിൽ നില്ക്കുന്ന വേറെയും മത്സ്യങ്ങൾ! ലോകത്തെ രാഷ്ട്രീയപ്രശ്നങ്ങളുടെ അവസ്ഥയും ഇതുതന്നെ. പൊതുജനങ്ങൾക്ക് കാണാൻ സാധിക്കുന്ന ഒരു ഉപരിതലവും അതിനുണ്ട്. അല്പം കഴിഞ്ഞാൽ തലപൊന്തിക്കുന്ന മത്സ്യങ്ങളേയും കാണുമാറാകും. എന്നാൽ സത്യവിശ്വാസി തന്റെ സൂക്ഷ്മദൃഷ്ടികൊണ്ട് നോക്കുമ്പോൾ പാതാളം വരെയുള്ള കാര്യങ്ങൾ അവൻ കാണുന്നതാണ്. ***ഇങ്ങനെ നോക്കിയാൽ നിങ്ങളുടെ മുമ്പിൽ വെളിപ്പെട്ടിട്ടില്ലാത്ത ധാരാളം വിപത്തുകൾ വേറെയുമുണ്ട്. കാലം അതിനെ വെളിവാക്കും. ഞാൻ പ്രാർത്ഥിക്കുന്നു, എന്റെ പ്രാർത്ഥനയിൽ നിങ്ങളേയും ഉൾപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ആഗോള ഇസ്‌ലാമിന്റെ തലയ്ക്കുമീതെയുള്ള ഈ വിപത്തുകളെല്ലാം അല്ലാഹു അകറ്റട്ടെ!***

**ഖുർആനിക പരിഹാരം**

മുസ്‌ലിംകളുടെ അവസ്ഥ അല്ലെങ്കിൽ ഈ പ്രശ്നത്തോടുള്ള മുസ്‌ലിംകളുടെ പ്രതികരണം അത്യന്തം ഭയാനകവും വേദനാജനകവുമാണ്. കഴിഞ്ഞൊരു ഖുത്ബയിൽ ഞാനിക്കാര്യം ഇസ്‌ലാമികലോകത്തിന്റെ മുന്നിൽ തുറന്നു പറഞ്ഞിട്ടുണ്ട്. പത്രങ്ങളിലും പ്രസ്താവന കൊടുത്തിരുന്നു; വന്നാലും ഇല്ലെങ്കിലും, ആ നിർദ്ദേശങ്ങളുടെ സംഗ്രഹം മുസ്‌ലിം നേതാക്കന്മാർക്ക് അയച്ചുകൊടുക്കാനും ഞാൻ പറഞ്ഞിരുന്നു. അതിന്റെ ചുരുക്കമിതാണ്. വിശുദ്ധഖുർആൻ പറയുന്നു:

"നിങ്ങൾ അന്യോന്യം ഒരുകാര്യത്തിൽ ഭിന്നിച്ചാൽ സമാധാനപരമായ സുരക്ഷിതമാർഗ്ഗം, അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും അതു തിരിക്കുകയെന്നതാണ്." (*4:60*)

വിശുദ്ധഖുർആനും തിരുസുന്നത്തും ഏത് മാർഗ്ഗത്തിലൂടെ ചരിക്കാനാണോ ആവശ്യപ്പെട്ടിട്ടുള്ളത് ആ മാർഗ്ഗത്തിലൂടെ ചലിക്കുക എന്നതാണ് ആ നിർദ്ദേശം. നിങ്ങൾക്ക് സമാധാനവും ശാശ്വതത്വവുമുള്ളത് അതിൽതന്നെയാണ്. അതുകൊണ്ട്, ഭൂമുഖത്തെ രാഷ്ട്രീയനേതാക്കളുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതിനു പകരം ഖുർആനിക അദ്ധ്യാപനങ്ങളിലേക്ക് തിരിയുവിൻ. വ്യക്തമായ നിലയിൽ വിവരിച്ചിട്ടുള്ള വിശുദ്ധഖുർആന്റെ മാർഗ്ഗങ്ങളിൽനിന്ന് പ്രകാശം ഉൾക്കൊള്ളുവിൻ. അതിതാണ്:

"ഒരു രാഷ്ട്രത്തിലെ മുസ്‌ലിംകൾ, മാത്രമല്ല, രണ്ട് മുസ്‌ലിംരാഷ്ട്രങ്ങൾ പരസ്പരം ഏറ്റുമുട്ടാനിടയാവുമ്പോൾ സകല മുസ്‌ലിംരാഷ്ട്രങ്ങളും ഒന്നിച്ചുനിന്നുകൊണ്ട് അക്രമം പ്രവർത്തിക്കുന്ന ആ ഒരു രാജ്യത്തിന്നെതിരിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. അവരുടെ പ്രശ്നങ്ങൾ കേട്ട് നീതിപൂർവ്വം ഒത്തുതീർപ്പിലെത്തിക്കാൻ പ്രയത്നിക്കുകയും ചെയ്യേണ്ടതാകുന്നു. പരിശ്രമിച്ചിട്ടും ഒത്തുതീർപ്പിന് വഴങ്ങാതെ പരസ്പരം ആക്രമണത്തിന് മുതിർന്നാൽ അക്രമം പ്രവർത്തിക്കുന്ന രാഷ്ട്രത്തിന്നെതിരെ മറ്റ് മുസ്‌ലിംരാഷ്ട്രങ്ങളെല്ലാം ഐക്യത്തോടെനിന്ന് പൊരുതേണ്ടത് അവരുടെ കടമയാണ്." (*49:10*)

അന്യരിൽനിന്ന് സഹായം തേടാൻ എവിടേയും പറഞ്ഞിട്ടില്ല. ഈ അദ്ധ്യാപനത്തെ മുന്നിൽ കണ്ടിരുന്നെങ്കിൽ, അത്യന്തം ഭയാനകമായിത്തീർന്നിരിക്കുന്ന ഈ അവസ്ഥയിൽനിന്ന് തികച്ചും വിഭിന്നമായൊരു അവസ്ഥ സംജാതമാകുമായിരുന്നു.

വിശുദ്ധഖുർആന്റെ ഈ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ചാൽ, എത്രവലിയ മുസ്‌ലിംരാഷ്ട്രമായാലും അതിനെതിരിൽ മറ്റു മുസ്‌ലിംരാഷ്ട്രങ്ങൾ ഒന്നടങ്കം ശക്തിയാർജ്ജിക്കുകയും ആ ശക്തിയെ സദാ നിലനിറുത്തുകയും ചെയ്താൽ, താൻപ്രമാണിത്തം കാണിക്കുന്ന രാഷ്ട്രത്തെ മുട്ടുകുത്തിക്കാനും അവരുടെ ശക്തി ക്ഷയിപ്പിക്കുന്നതിനും ആ ഐക്യശക്തിയ്ക്ക് സാധിക്കുമെന്ന് ഞാൻ മനസ്സിലാക്കുകയും ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. ഇല്ലെങ്കിൽ വിശുദ്ധഖുർആൻ ഈ അദ്ധ്യാപനം നല്കുമായിരുന്നില്ല. സുവ്യക്തവും സുദൃഢവുമായ അദ്ധ്യാപനമാണിത്. എത്ര വലിയ ഇസ്‌ലാമികരാഷ്ട്രവും അതിക്രമം കാണിച്ചാൽ മറ്റു മുസ്‌ലിംരാഷ്ട്രങ്ങൾ ഈ ഖുർആനിക അദ്ധ്യാപനമനുസരിച്ച് ഒന്നിക്കുകയും പ്രശ്നപരിഹാരത്തിനായി ഭഗീരഥപ്രയത്നം നടത്തുകയും ചെയ്യേണ്ടതാണ്. പിടിവാശിയും ധിക്കാരമാർഗ്ഗവും അവർ സ്വീകരിച്ചാൽ നിങ്ങളുടെ ഐക്യശക്തി അവരെ പരാജയപ്പെടുത്തുകതന്നെ ചെയ്യും. എന്നെന്നേക്കുമായുള്ള വിശുദ്ധഖുർആന്റെ സുവിശേഷമാണിത്. ഈ സുവിശേഷം പ്രയോജനപ്പെടുത്തിയാൽ അത് ഇന്നും സത്യമായി പുലരും. എന്നാൽ, ഇപ്പോഴത്തെ അവസ്ഥ നേരെ മറിച്ചാണ്. ഈ സംഭവത്തിൽ അതിദ്രുതം ഇടപെടാൻ സഊദി അറേബ്യ തങ്ങളുടെ തലപ്പത്തിരിക്കുന്നവരെ

മാത്രമല്ല ക്ഷണിച്ചത്. ലോകത്തിലെ മറ്റു ശാക്തികരാജ്യങ്ങളെ, വലിയ വലിയ ഭരണകൂടങ്ങളെകൂടി തങ്ങളോടൊപ്പം ചേരാൻ നിർബ്ബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുകയുണ്ടായി. അവരുടെ സൈന്യങ്ങൾ അതായത് അമേരിക്കയുടെയും ബ്രിട്ടന്റേയും സൈന്യങ്ങൾ അവിടെ എത്തിത്തുടങ്ങിയിരിക്കുന്നു. ലോകത്തെ മുഴുവൻ ഒരുവശത്തും ഇറാഖിനേയും അർദ്ധസുഹൃത്തായ ജോർദ്ദാനേയും മറുവശത്തും ആക്കുന്നതിനുവേണ്ടി വിദൂരപൗരസ്ത്യദേശത്തുനിന്നും വ്യോമസേനയുടേയും നാവികസേനയുടേയും യൂനിറ്റുകളും സൈന്യങ്ങളും എല്ലാഭാഗത്തുനിന്നും അവിടെ എത്താൻ തുടങ്ങിയിരിക്കുന്നു. എന്നിട്ട്, അപകടങ്ങൾ കൂടുതൽ വ്യാപിക്കാതിരിക്കാനുള്ള പ്രതിരോധനടപടികളാണിതെന്ന് ഇപ്പോഴും പറയുന്നു. മിക്ക മുസ്‌ലിം രാഷ്ട്രങ്ങളും, ഈ വൻശക്തികളുടെ സമ്മർദ്ദതന്ത്രത്തിനു വഴങ്ങി, നിർബ്ബന്ധിതരായോ അല്ലെങ്കിൽ തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി ഇഷ്ടപ്രകാരംതന്നെയോ ഇതിൽ പങ്കെടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും സൈന്യങ്ങളെ അയക്കാൻ തയ്യാറാവുകയും ചെയ്തിരിക്കുന്നു എന്നതാണ് വേറൊരു വശം. ആ മുസ്‌ലിംരാഷ്ട്രങ്ങളോടൊപ്പം പാക്കിസ്ഥാനും ചേർന്നിരിക്കുന്നു! പാക്കിസ്ഥാന്റെ അങ്ങേയറ്റത്തെ മഠയത്തരമാണിത്. സഊദിഅറേബ്യയിലേക്ക് സൈന്യത്തെ അയക്കാമെന്ന് അവരോട് വാഗ്ദത്തം ചെയ്തിരിക്കുകയാണ്. അതായത്, ഒരു മുസ്‌ലിംരാഷ്ട്രമായ ഇറാഖിനെതിരെ അമേരിക്കൻസൈന്യത്തോടും ബ്രിട്ടീഷ് സൈന്യത്തോടും ചേർന്നുകൊണ്ട് പൊരുതുന്ന പാക്കിസ്ഥാൻ സൈന്യം!

സ്ഥിതിഗതികൾ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ നടപടികളും തയ്യാറെടുപ്പുകളുമെല്ലാം കേവലം സഊദി അറേബ്യയുടെ സുരക്ഷിതത്ത്വത്തിനുവേണ്ടിയാണെന്ന് ധരിക്കുന്നത് പരമവിഡ്ഢിത്തമാണ്. ഇത്ര വലിയ കോലാഹലങ്ങൾ കണ്ടിട്ടും, നാനാഭാഗത്തുനിന്നും നാവികഉപരോധം ഏർപ്പെടുത്തുകയും, ഇന്നേവരെ ഉപയോഗിച്ചിട്ടില്ലാത്ത അത്യന്തം ആപൽക്കരങ്ങളായ പോർവിമാനങ്ങൾ അവിടെ എത്തിച്ചുകൊണ്ടിരിക്കുകയും അത്യാധുനികരീതിയിലുള്ള യുദ്ധോപകരണങ്ങൾ ശേഖരിച്ചുവരികയും ചെയ്യുന്നുണ്ടായിട്ടും ഇതെല്ലാം സഊദി അറേബ്യയുടെ സുരക്ഷിതത്വത്തിനുവേണ്ടിയാണെന്ന് ധരിക്കുന്നതിൽപരം ശുദ്ധഗതി മറ്റെന്താണ്? ***അറേബ്യയ്ക്കുള്ള സഹായത്തിന്റെ മറവിൽ ഇറാഖിനെ നാലുഭാഗത്തുനിന്നും പഴുതില്ലാത്തവിധം ഞെരുക്കിയതിനുശേഷം അതിന്റെമേൽ ആക്രമണം നടത്താൻ ഇസ്റായീലിനു അനുവാദം കൊടുക്കുമോ എന്നതാണ് എനിയ്ക്കുള്ള ആശങ്ക.*** ജോർദാൻ ഇപ്പോഴത്തെ നിലപാടിൽതന്നെ ഉറച്ചുനിന്നാൽ-ഇറാഖിനോടൊപ്പം നിൽക്കാൻ അവർ നിർബന്ധിതരാണ്- അത് അക്കൂട്ടർക്ക് ആക്രമിക്കാനൊരു കാരണമായിത്തീരും. ജോർദ്ദാൻ തങ്ങളോടൊത്ത് ചേരാത്തതുകൊണ്ട് അവർക്കു ശിക്ഷ നല്കേണ്ടിവരുന്നു എന്ന നിലയിൽ അവർ അടവുപ്രയോഗിക്കും. ജോർദാന്റെ പശ്ചിമതീരം യഹൂദികൾ കൈവശപ്പെടുത്തിയതുപോലെ അതിന്റെ ബാക്കിഭാഗവും അവരുടെ കൈയിൽ വരണം. അതിന് ഇറാഖിനെ കൊണ്ട് അതിദ്രുതം അവിടത്തെ ചില സ്ഥലങ്ങൾ കീഴ്പ്പെടുത്തിക്കണം. എന്നിട്ടുവേണം ശക്തമായ ശിക്ഷ ഇറാഖിന് നല്കാൻ!

ഇതിന് കുറച്ചുകാലംവരെ സമ്മർദ്ദം വർദ്ധിപ്പിച്ചുകൊണ്ടിരിക്കും. പട്ടിണിക്കിട്ട് വിഷമിപ്പിച്ച് മുട്ടുകുത്തിക്കാൻ നിർബന്ധിതരാക്കുകയും ചെയ്യും. സമയോചിതം ഇസ്റായീലിന് സൂചനവഴി ആക്രമിക്കാനുള്ള അനുവാദം കൊടുക്കാനും സാധ്യതയുണ്ട്. സുരക്ഷാനടപടിയെന്നോണം മുസ്‌ലിം സൈന്യത്തോടൊപ്പം തങ്ങൾ അവിടെ നിൽക്കുകയാണെന്നും, അതല്ലാതെ തങ്ങൾക്കവിടെ ഒരു ഇടപാടുമില്ലെന്നും, മുസ്‌ലിം ലോകം മുഴുവനും ഈ സൈനികനടപടിയോട് സഹകരിച്ചിട്ടുണ്ടെന്നും, തങ്ങൾ യാതൊരു അതിക്രമവും പ്രവർത്തിച്ചിട്ടില്ലെന്നും, ഇറാഖും ഇസ്റായീലും തമ്മിലുള്ള പ്രശ്നം മാത്രമാണിതെന്നും അവർതന്നെ അത് പരിഹരിച്ചുകൊള്ളുമെന്നും, തങ്ങളിതിൽ ഇടപെടുകയില്ലെന്നുമെല്ലാം അവർ പറയുകയും ചെയ്യും. മുസ്‌ലിംരാഷ്ട്രങ്ങളുടെ സൈന്യങ്ങൾ ഇവിടെ കേന്ദ്രീകരിച്ചിരിക്കുന്നത് കൊണ്ട്, അവർ ഇതിൽനിന്ന് വേർപെട്ട് ഇറാഖിനെ സഹായിക്കാമെന്ന് വിചാരിച്ചാൽ തന്നെയും ഇസ്റായീലിന്നെതിരിൽ ഒന്നും ചെയ്യാൻ അവർക്ക് സാധിക്കാതെവരും! അപകടങ്ങളേറെയാണ്. **അവരുടെ എരിഞ്ഞുനിൽക്കുന്ന രോഷം അണയുവോളം, ഈ പ്രദേശത്ത് അസാധാരണ ശക്തിയായി ഉയർന്നുവന്ന ഈ മുസ്‌ലിം രാഷ്ട്രത്തെ ഭൂമിയിൽനിന്ന് തുടച്ചുനീക്കുവോളം ഇറാഖ് പൊടിപൊടിയായി തീരുവോളം അവരോട് ഇവർ പകരംവീട്ടും.** ഈ ലക്ഷ്യത്തിന് തുടക്കമിട്ടത് ഇസ്റായീലിൽനിന്നാണ്. ഇസ്റായീലിന്റെ പ്രസ്താവനകൾ ഞാൻ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിൽനിന്ന് വളരെ മുമ്പുതൊട്ടേ ഇസ്രായീലിന്നു ഇറാഖിൽനിന്നുള്ള ഭീഷണിയുണ്ടെന്ന് അവർ പ്രചാരവേല നടത്തിവരികയായിരുന്നു. ഇതെല്ലാം അവരുടെ കുതന്ത്രങ്ങളാണെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്. കുവൈത്തിനെ ആക്രമിച്ചുകീഴടക്കാൻ ഇറാഖ് പ്രേരിപ്പിക്കപ്പെട്ടതെങ്ങനെയെന്നും തുടർന്ന് ഈ സംഭവപരമ്പരകളെല്ലാം എങ്ങിനെ ഉണ്ടായെന്നും നന്നായി അറിയുന്നവൻ അല്ലാഹുവത്രെ. പക്ഷേ, ഇങ്ങനെയുള്ള സംഭവങ്ങൾ യാദൃച്ഛികമായി ഉണ്ടാകുന്നതല്ല. ഇവയുടെ പിന്നിൽ ചില ചലനങ്ങളുണ്ടാകും; ചില ഗൂഢാലോചനകൾ ഉണ്ടായിരിക്കും. ചിലപ്പോൾ സി.ഐ.ഏ.യുടെ ഏജന്റുമാർ ഉണ്ടായിരിക്കാം. ചിലപ്പോൾ പുറത്തുള്ള വൻശക്തികളുടെ ഇച്ഛയ്ക്കൊത്ത് പ്രവർത്തിക്കുന്ന രാജ്യദ്രോഹികളുമുണ്ടാകാം. അവർ രാജ്യത്തിനകത്ത് നിന്നുകൊണ്ട് വളരെ സമർത്ഥമായി ഗൂഢപ്രവർത്തനങ്ങളിലേർപ്പെടുന്നു. അത്തരക്കാരുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശുദ്ധഖുർആനിലെ 'അന്നാസ്' എന്ന സൂറത്തിൽ പറഞ്ഞിട്ടുണ്ട്- 'ഖന്നാസ്' എന്ന ശക്തി! കുഴപ്പത്തിന്റെ വിത്ത് വിതച്ച് അവർ പിൻമാറിക്കളയുന്നു. എവിടെനിന്നാണ് തുടക്കമെന്നും ആർക്കും മന

സ്സിലാകുകയില്ല. എങ്ങനെ സംഭവിച്ചു എന്നും പിടി കിട്ടുകയില്ല. ബുദ്ധിശൂന്യമായിട്ടെന്തെങ്കിലും സംഭവിച്ചാൽ ആരായിരിക്കും അതിന്നുത്തരവാദി എന്നും കണ്ടുപിടിക്കാനാവില്ല. എന്നാൽ, യഥാർത്ഥത്തിൽ ഇതിന്റെയെല്ലാം പിന്നിൽ വൻശക്തികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നു കാണാം. ചുരുക്കത്തിൽ, ഈ വശത്തൂടെ നോക്കുമ്പോൾ സ്ഥിതിഗതികൾ ആപൽക്കരമായ രൂപം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു.

**ഇസ്‌ലാമിക ലോകത്തിന്റെ ചരിത്രപശ്ചാത്തലം**

ആഗോള ഇസ്‌ലാമിന്റെ ചരിത്ര പശ്ചാത്തലം നിങ്ങളൊന്ന് പരിശോധിച്ചുനോക്കുക. ചില മുസ്‌ലിം രാഷ്ട്രങ്ങളെ കൂട്ടുപിടിക്കാതെ ഇസ്‌ലാമിന്റെ ശക്തിക്ക് ക്ഷതമേല്പിക്കാൻ അന്യർക്ക് കഴിഞ്ഞിട്ടില്ലെന്ന് അപ്പോൾ മനസ്സിലാകും. പാശ്ചാത്യശക്തികൾ മുസ്‌ലിംശക്തിയുടെ വളർച്ച തകർത്തുകൊണ്ടിരുന്നിട്ടുള്ളപ്പോഴെല്ലാം പ്രത്യക്ഷമോ പരോക്ഷമോ ആയ സൈനികനടപടി മുഖേന അതിനെ തുണ്ടംതുണ്ടമാക്കുകയോ ക്ഷതമേല്പിക്കുകയോ ചെയ്തിട്ടുള്ളപ്പോഴെല്ലാം ഏതെങ്കിലും ചില മുസ്‌ലിംരാഷ്ട്രങ്ങളുടെ പിന്തുണ അവർക്കുണ്ടായിട്ടുണ്ടെന്നതിലേക്ക് ഇസ്‌ലാമികചരിത്രത്തിലുടനീളം സാക്ഷ്യങ്ങൾ തുറന്നുകിടക്കുന്നു. ഒരു സൂചന എന്ന നിലയിൽ, ഞാൻ ആ ചരിത്രത്തിന്റെ ചുരുക്കം നിങ്ങളുടെ മുമ്പിൽവെക്കാം.

ഖലീഫത്തുൽ മസീഹ് സാനി ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) വിശുദ്ധഖുർആനിലെ അലിഫ് ലാം-മീം റാ എന്ന കൂട്ടക്ഷരങ്ങൾക്ക് അബ്ജദ് ഗണിതത്തിന്റെ വെളിച്ചത്തിൽ അർത്ഥം വിശദീകരിച്ചുകൊണ്ട് ഈ ആക്ഷരികസംഖ്യക്ക് ഇസ്‌ലാമികചരിത്രവുമായി ബന്ധമുണ്ട് എന്ന് നബി(സ) തിരുമേനി പറഞ്ഞതിനെ ആദ്യമായി അനാവരണം ചെയ്യുകയുണ്ടായി. അബ്ജദ് പ്രകാരം പ്രസ്തുത അക്ഷരങ്ങളുടെ സംഖ്യ 271 ആണ്.(അലിഫ്-1, ലാം-30, മീം-40, റാം-200= 271) ഇത് 271 ഹിജ്റ വർഷത്തെയാണ് സൂചിപ്പിക്കുന്നത്. ആദ്യത്തെ മൂന്നുതലമുറ പിന്നിട്ടകാലം. ഇവരെക്കുറിച്ചാണ് നബി(സ) തിരുമേനി സുവിശേമ റിയിച്ചത്. "ആദ്യത്തേത് ഞാനുള്ള തലമുറ, പിന്നീട് അതിനുശേഷം വരുന്ന തലമുറ, പിന്നീട് അതിനുശേഷമുള്ള തലമുറ. ഇവർ അഭയം നല്കപ്പെട്ടവരും സുരക്ഷിതരുമായിരിക്കും" എന്ന്. അത് ഏറ്റക്കുറച്ചിലുകളോടെ 271-ാം കൊല്ലത്തിൽ ചെന്ന് പൂർത്തിയാകുന്നു. ആഗോള ഇസ്‌ലാമിന്റെ അധഃപതനത്തിന് തുടക്കം കുറിച്ച ആപൽക്കരമായ വർഷമായിരുന്നു അത്. പിന്നീട് ആഗോള ഇസ്‌ലാമിലുണ്ടായ ഭിന്നിപ്പുകൾക്കും വിവിധ സ്ഥലങ്ങളിലുണ്ടായ അധഃപതനത്തിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടതിനുമെല്ലാം തുടക്കം കുറിച്ചത് ഈ വർഷത്തിലാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) അടിസ്ഥാനപരമായ രണ്ട് സംഭവങ്ങൾ നാഴികക്കല്ലുകളെന്നോണം എടുത്തുകാട്ടിയത് ഇവയാണ്. സ്പെയിനിലെ ഇസ്‌ലാമികഭരണം, ബാഗ്ദാദിലെ ഇസ്‌ലാമികഭരണത്തെ തകർക്കുന്നതിനും അവരെ പരാജയപ്പെടുത്തുന്നതിനുംവേണ്ടി പോപ്പുമായി ഹിജ്റ 271-ൽ ഒരു കരാറുണ്ടാക്കി. അതനുസരിച്ച്, പോപ്പ് സ്പെയിനിലെ ഇസ്‌ലാമികഭരണത്തിന്നെതിരെ എല്ലാ പിന്തുണയും നല്കി. പാശ്ചാത്യരാഷ്ട്രങ്ങളുടെ പേരിൽ പോപ്പിന് അത്യധികമായ സ്വാധീനമുണ്ടായിരുന്ന കാലമായിരുന്നു അത്. ഒരർത്ഥത്തിൽ പോപ്പിന്റെ തന്നെ ഭരണമായിരുന്നു എന്ന് പറയാം. അതുകൊണ്ടു തന്നെ പ്രസ്തുത ഉടമ്പടി അത്യന്തം ആപൽക്കരമായിരുന്നു. ഒരു ഇസ്‌ലാമികരാഷ്ട്രത്തെ നശിപ്പിക്കുന്നതിനായി സൗഊദിഅറേബ്യ ഇന്ന് മുഴുവൻ പാശ്ചാത്യശക്തികളുമായി കൂട്ടുചേർന്നതുപോലുള്ള ഒരു ആസൂത്രിതപദ്ധതിയായിരുന്നു അത്. ആ ഇസ്‌ലാമിക രാഷ്ട്രം വീണ്ടും ബാഗ്ദാദ് തലസ്ഥാനമായുള്ള അതേ രാഷ്ട്രം തന്നെയാണിന്ന്.

മറുവശത്ത് ബാഗ്ദാദ് ഭരണകൂടവും (അക്കാലത്ത് ഇറാഖിനു പുറത്തും ഇസ്‌ലാമികരാഷ്ട്രം വ്യാപിച്ചുകിടന്നതിനാൽ ഇറാഖ് എന്നതിനെ പറയുന്നത് ശരിയല്ല. അക്കാലത്തെ ഇസ്‌ലാമികഭരണത്തെ ബാഗ്ദാദ് ഭരണകൂടമെന്ന് പറയുന്നതായിരിക്കും കൂടുതൽ അനുയോജ്യം) റോമൻ ഭരണകൂടവും തമ്മിൽ സ്പെയിനിലെ ഇസ്‌ലാമിക ഭരണകൂടത്തെ തകർക്കാൻ ഹിജ്റ 272 -ലോ 273-ലോ ഉടമ്പടിയുണ്ടാക്കി. എന്നെന്നേക്കുമായി മുസ്‌ലിംകൾക്ക് സമാധാനഭംഗം വരുത്തുകയും അവരുടെ നാശത്തിന്റെ വഴി തുറക്കുകയും ചെയ്ത വർഷമായിരുന്നു അത്. അതിനുശേഷം ഇസ്‌ലാമികരാഷ്ട്രങ്ങളിലുണ്ടായിട്ടുള്ള വലിയ വലിയ വിനാശസംഭവങ്ങളിലെല്ലാം അന്യരുടെ ആസൂത്രിത പരിപാടികളിൽ ചില മുസ്‌ലിംരാഷ്ട്രങ്ങളും നിശ്ചയമായും പങ്കെടുത്തു പോന്നിട്ടുണ്ടായിരുന്നു.

ബാഗ്ദാദ് 1258-ൽ ഹലാഖുഖാൻ മുഖേന നശിപ്പിക്കപ്പെട്ടു. അതായത്, വിധി അങ്ങനെ ചെയ്യിച്ചു. അല്ലെങ്കിൽ അന്നത്തെ സ്ഥിതിഗതികൾ എങ്ങനെയായാലും ചരിത്രത്തിൽനിന്ന് മനസ്സിലാകുന്ന ചില കാര്യങ്ങളുണ്ട്. അക്കാലത്തെ ഭരണാധിപരിൽ അവസാനത്തെ അബ്ബാസി ഖലീഫ അൽമുസ്തഅസിം ആയിരുന്നു. അദ്ദേഹം വളരെ അശക്തനായിരുന്നു. അദ്ദേഹത്തിന്റെ പ്രധാനമന്ത്രിയോ മന്ത്രിയോ- എന്റെ ഓർമ്മയിൽ അത് പ്രധാനമന്ത്രിയാണ്- ശിയാ ചിന്താഗതിക്കാരനായിരുന്നു. അൽമുസ്തഅസിം ശിയാക്കൾക്കെതിരെ അന്യായമായ ചില ദ്രോഹങ്ങൾ ചെയ്തതിനാൽ- അത് വാസ്തവമാണുതാനും- അയാൾക്ക് അദ്ദേഹത്തോട് വെറുപ്പായിരുന്നു. അതിനുപകരംവീട്ടാൻ അയാൾ തക്കംപാർത്തിരുന്നു. അപ്പോഴാണ് ഹലാഖുഖാൻ അക്രമിക്കാൻ തുനിഞ്ഞത്. പക്ഷേ, ബാഗ്ദാദിനെ ആക്രമിക്കുന്നത് ബുദ്ധിപൂർവ്വമായിരിക്കുമോ, വിചാരിച്ചതുപോലെ ഫലം അതിനുണ്ടായിരിക്കുമോ എന്ന കാര്യത്തിൽ ഹലാഖുഖാന് ഭയമുണ്ടായിരുന്നു. അങ്ങനെയിരിക്കെ ആ പ്രധാനമന്ത്രി ഇങ്ങനെയൊരു സന്ദേശവുമയച്ചിരുന്നു. "നിങ്ങൾക്കറിയില്ല വാസ്തവത്തിൽ ഈ രാഷ്ട്രത്തിന് വെറും പുറംപൂച്ചുമാത്രമേയുള്ളൂ അകം പൊള്ളയാണ്." ഇതുമാത്രമല്ല, ചില നടപടികൾ മുഖേന അയാൾ സൈന്യത്തെ ഛിന്നഭിന്നമാക്കി. ഖജനാവിന് ഇപ്പോൾ താങ്ങാനാവാത്ത ഭാരമായതുകൊണ്ട് സൈന്യത്തെ കുറക്കാൻ രാജാവിനോട്

ആവശ്യപ്പെട്ടു. ഒരു ഭീഷണിയുമില്ലാത്ത മേഖലയിലേക്ക് കുറേ സൈന്യത്തെ അയക്കുകയും ചെയ്തു. ചുരുക്കത്തിൽ ഹലാഖുഖാനെ ക്ഷണിച്ചുവരുത്തി ബാഗ്ദാദിനെ അങ്ങേയറ്റം ദാരുണമായി തകർത്ത് നശിപ്പിച്ചു. അതിന്റെ വിശദീകരണത്തിലേക്ക് ഞാനിപ്പോൾ പോകുന്നില്ല. ഈ സംഭവം മിക്കവർക്കും അറിയാവുന്നതാണ്. ഹൃദയസ്പൃക്കായ പല ആഖ്യായികകളും അതിനെ ആസ്പദമാക്കി പ്രിദ്ധീകരിച്ചിട്ടുണ്ട്. ലോകത്തെ ഐതിഹാസികമായൊരു മഹാചരിത്രസംഭവമായിരുന്നു അത്. ഒരു മുസ്‌ലിംരാഷ്ട്രത്തിന്റെ ഉള്ളിലിരുന്നുകൊണ്ട് ചില മുസ്‌ലിംകൾ അന്യജനതകളുമായി ഗൂഢാലോചന നടത്തി. ബാഗ്ദാദിന്റെമേൽ ആക്രമണം നടത്തിച്ച ഈ സംഭവമുണ്ടായത് ഹിജ്റ 637-ലാണ്. അതിനുശേഷം തിമൂറിന്റെ കൈകൊണ്ട് ക്രി: 1386-ൽ വമ്പിച്ച നാശം വിതയ്ക്കപ്പെട്ടു. മുസ്‌ലിംകളിലെ വഞ്ചനകളും ഭിന്നിപ്പുകളുമായിരുന്നു വീണ്ടും ബാഗ്ദാദിന്റെ അടിത്തറ ഇളക്കാനും ആ രാജ്യത്തെ തകർത്തു തരിപ്പണമാക്കാനും തിമൂറിന് അവസരമുണ്ടാക്കിക്കൊടുത്തത്. മൂന്നാമത്തെ പ്രാവശ്യം തുർക്കികളുടെ കൈയാൽ 1638-ൽ ബാഗ്ദാദ് ഭരണം വിപാടനം ചെയ്യപ്പെട്ടു. മുസ്‌ലിം ഭരണകൂടത്തിന്നെതിരെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു മുസ്‌ലിംരാഷ്ട്രം തന്നെയായിരുന്നു അതും. പിന്നീട് തുർക്കിഭരണത്തെ ഉന്മൂലനം ചെയ്യാൻ സഊദിഅറേബ്യയിലെ ഇപ്പോൾ അധികാരത്തിൽ ഇരിക്കുന്ന കുടുംബത്തിൽനിന്നും അല്ലെങ്കിൽ കക്ഷിയിൽനിന്ന് അന്ന് ബ്രിട്ടീഷുകാർ സഹായം തേടി. ഇന്ന് ഇറാഖിന്റെ ആക്രമണത്തിന്നിരയായ കുവൈത്ത് അക്കാലത്ത് അവരെ തുറന്നനിലയിൽ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഒരു രാഷ്ട്രീയ കുടുംബമായ സഊദിഅറേബ്യയിലെ നിലവിലുള്ള രാജകുടുംബം, അവരുടെ ഗോത്രം, അവരുടെ കക്ഷിയായ വഹാബിഫിർഖ ഐക്യത്തോടെ ബ്രിട്ടീഷുകാരെ അന്ന് സഹായിച്ചിരുന്നില്ലെങ്കിൽ, കുവൈത്തിൽ അന്ന് പാർത്തുകൊണ്ടിരുന്ന ഗോത്രങ്ങൾ അവരെ സഹായിച്ചിരുന്നില്ലെങ്കിൽ, തുർക്കിഭരണത്തെ ഇസ്‌ലാമികലോകത്തുനിന്ന് അവസാനിപ്പിക്കാൻ അവർക്കു സാധിക്കുമായിരുന്നില്ല. അങ്ങനെ അറബ്ശക്തിയുടെ രൂപവും ഭാവവും അപ്രത്യക്ഷമാക്കപ്പെട്ടു. വേറേയും പല നടപടികളുമുണ്ടായി. ദീർഘമായൊരു കഥയാണിതെല്ലാം. ഈ സമയത്തും ഒരന്യശക്തി ചില മുസ്‌ലിംകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു വലിയ മുസ്‌ലിംഭരണത്തെ തകർത്തു. അതായത്, ആദ്യം തുർക്കി, ബാഗ്ദാദ് ഭരണത്തെ തകർത്തു. പിന്നീട് കുവൈത്തിന്റെയും സഊദിഅറേബ്യൻ പ്രദേശത്തിന്റെയും സഹായത്താൽ തുർക്കി ഭരണത്തെ നിർമ്മാർജ്ജനം ചെയ്തു.

**ഇത് ഇസ്രായീൽ കുതന്ത്രം**

ഇപ്പോൾ വീണ്ടും അതേ ദുരവസ്ഥ ഇതാ സംജാതമായിരിക്കുന്നു. സഊദിഅറേബ്യയിലെ ചുറ്റുപാടുമുള്ള മറ്റു രാഷ്ട്രങ്ങളുടെ സഹായവും പിന്തുണയും കൊണ്ട് അങ്ങേയറ്റം കനത്ത ഭീഷണി ഒരു വലിയ ഇസ്‌ലാമികരാഷ്ട്രത്തിനു നേരിടേണ്ടിവന്നിരിക്കുന്നു. ഒരിക്കലും ഒരു മുസ്‌ലിംരാഷ്ട്രവും തങ്ങൾക്കെതിരിൽ തലപൊക്കാതിരിക്കുന്നതിനും സ്വാതന്ത്ര്യത്തിന്റെ ഭാവനപോലും ആരുടേയും തലയിൽ ഉദിക്കാതിരിക്കുന്നതിനുംവേണ്ടി ഭയാനകവും ദയനീയവുമായ സ്ഥിതിയിൽ ഇറാഖിനെ ശിക്ഷിക്കണമെന്നുള്ള ഉറച്ചതീരുമാനം അവർ ഇത്തവണ എടുത്തിട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നു. ഇതിൽ ഏറ്റവും വലിയ പ്രേരകശക്തി ഇസ്രായീൽ ആണ്. കാരണം തങ്ങൾക്ക് ഇറാഖിൽനിന്ന് രാസായുധത്തിന്റെ ഭീഷണിയുണ്ടെന്നും തങ്ങളുടേത് വളരെ ചെറിയ രാജ്യമാണെന്നും, ഇറാഖ് രാസായുധം പ്രയോഗിച്ച് ആക്രമണം നടത്തിയാൽ തങ്ങൾ ഭൂമുഖത്തുനിന്നും തുടച്ചുനീക്കപ്പെടുമെന്നും ദീർഘകാലമായി ഇസ്രായീൽ മുറവിളികൂട്ടിക്കൊണ്ടിരിക്കുകയാണ്.

ചുരുക്കത്തിൽ നിലവിലുള്ള ആശങ്ക യഥാർത്ഥമോ അയഥാർത്ഥമോ ആകട്ടെ അതിന്റെ ഉത്തരവാദിത്തം ആർക്കെങ്കിലുമാകട്ടെ, ആ വിവാദത്തിലേക്ക് ഞാൻ പോകുന്നില്ല. എന്നാൽ, ഈ സ്ഥിതിവിശേഷങ്ങളുടെ കാരണക്കാരൻ ഇസ്രായീലും അവരുടെ താല്പര്യങ്ങളുമാകുന്നു എന്ന കാര്യം തർക്കമറ്റതും ഖണ്ഡിതവുമാണ്. ഇസ്രായീലിന്റെ താൽപര്യസംരക്ഷണത്തിനുവേണ്ടിയും ഒരു മുസ്‌ലിംരാഷ്ട്രത്തെ തകർത്ത് തരിപ്പണമാക്കുന്നതിനുവേണ്ടിയും നിശ്ചയം ചെയ്തനിലയിൽ മുസ്‌ലിംലോകം മുഴുവനും അണിനിരന്നതുപോലെയാണ് കാണപ്പെടുന്നത്. **ഇറാഖിന്റെ ചില നടപടികൾ അനിസ്‌ലാമികവും നീതിവിരുദ്ധവുമാണെന്നത് ശരി തന്നെ. എന്നിരുന്നാലും, അതിനെ എന്നെന്നേക്കുമായി തകർത്ത് നശിപ്പിക്കുക എന്ന ശിക്ഷ നൽകപ്പെടാമോ?** നീതിന്യായങ്ങൾക്കു വിരുദ്ധമായ ചലനങ്ങളാണ് ലോകത്തെങ്ങും നടക്കുന്നത്. ഇതിനെക്കാളൊക്കെ വലുതായിട്ടുള്ള ചലനങ്ങൾ ലോകത്ത് നടക്കുന്നുണ്ട്. ഇതിനെതിരെ ഒരു വൻശക്തിയും ഒരു ചെറുവിരൽപോലുമനക്കുന്നില്ല. അതുകൊണ്ട് ഇവർ ചെയ്യുന്നതൊന്നും നീതിക്കുവേണ്ടിയുള്ളതല്ല. ഇതിനു പിന്നിൽ ആഴമേറിയ ശത്രുതകളാണുള്ളത്. അവർക്ക് ചില പ്രതികാരങ്ങൾ ചെയ്യണം. ഈ ആക്രമണം യഥാർത്ഥത്തിൽ ഇസ്‌ലാമിന്റെമേലുള്ള ആക്രമണമാണ്. ഇസ്‌ലാമികമല്ലാത്ത നടപടികൾ സ്വീകരിച്ച ഒരു രാഷ്ട്രത്തിന്റെ മേലാണ് പ്രത്യക്ഷത്തിൽ അവർ ആക്രമണം നടത്തുന്നതെങ്കിലും സത്യത്തിൽ ആ ആക്രമണം ഇസ്‌ലാമിന്റെമേലുള്ള ആക്രമണമാണ്. വളരെ ആഴമേറിയ ശത്രുതയാണിത്. അതിന് ചരിത്രപരമായ ഒരടിസ്ഥാനവുമുണ്ട്. ഇത് വളരെ ഉയർന്ന വിതാനത്തിലെടുത്ത തീരുമാനമാണുതാനും. ഭൂമുഖത്തെ ഏറ്റവും വലിയ മുസ്‌ലിംശക്തി എന്ന നിലയിൽ ഇന്ന് ഇറാഖ് ഉയർന്നുവരികയാണ്. ഈ നിലയിൽ അതിനെ വിട്ടാൽ വിദൂരമല്ലാത്ത ഭാവിയിൽ ചുറ്റുപാടുമുള്ള ഭരണകൂടങ്ങളെ വിഴുങ്ങിക്കഴിഞ്ഞശേഷം, ലോകത്തിലെ എണ്ണ സമ്പത്തിന്റെ സിംഹഭാഗവും കൈക്കലാക്കി മദ്ധ്യപൗരസ്ത്യദേശത്ത് ഒരു ഐക്യഇസ്‌ലാമികശക്തി ഉണ്ടായിവരികയും, സകലകാര്യങ്ങളിലും സ്വയം പര്യാപ്തത നേടിയ അസാധാരണ സൈനികശക്തിയായി വളരാ

നുള്ള കഴിവ് അതിനുണ്ടാവുകയും ചെയ്യുമെന്നുള്ള ഭയമാണ് അവർക്ക്. അതെന്തുമായിക്കൊള്ളട്ടെ! ഇപ്പോൾ മുസ്‌ലിംരാഷ്ട്രങ്ങളുടെ പിന്തുണയോടും സഹായത്തോടും പൂർണ്ണസഹകരണത്തോടുംകൂടി, ഉയർന്നുവരുന്ന ഒരു ഇസ്‌ലാമികരാഷ്ട്രത്തെ ഭൂമിയിൽനിന്ന് തുടച്ചുനീക്കാനുള്ള തീരുമാനം ഇവർ എടുത്തുകഴിഞ്ഞിട്ടുള്ളതാണ് ഇസ്‌ലാമികലോകത്ത് ഇന്ന് നേരിട്ടിരിക്കുന്ന ഏറ്റവും വലിയ വിപത്ത്. ഇതിനുത്തരവാദികൾ അതിനു ചുറ്റുമുള്ളവരാണ്. ഈ സ്ഥിതിവിശേഷത്തിൽ ചെയ്യാവുന്നതെന്താണ്? സ്ഥിതിഗതികൾ ഇപ്പോഴും നിയന്ത്രണാതീതമായി കഴിഞ്ഞിട്ടില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. പക്ഷേ, അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും മുസ്‌ലിംകൾ മടങ്ങേണ്ടിയിരിക്കുന്നു. അവർക്ക് രക്ഷയുടേയും സമാധാനത്തിന്റേയും മറ്റൊരു മാർഗ്ഗവുമില്ലതാനും.

**ഇസ്‌ലാമിനെ മുറിവേല്പിക്കരുത്**

ഇസ്‌ലാമിക ധാർമ്മികതയെ കൂടുതൽ മുറിവേല്പിക്കാതിരിക്കുക, ഇസ്‌ലാമിനെ കൂടുതൽ വഷളാക്കാതിരിക്കുക ഇതാണ് ഇറാഖ് ഇന്ന് അവശ്യമായും ചെയ്യേണ്ടിയിരിക്കുന്നത്. അവരുടെ അഭയത്തിൽ കഴിയുന്ന വിദേശികൾക്ക്, അവർ അമേരിക്കക്കാരായാലും ബ്രിട്ടീഷുകാരായാലും പാക്കിസ്ഥാനികളായാലും ആരായാലും അവർക്ക് പൂർണ്ണസ്വാതന്ത്ര്യം നല്കണം. ''ഞങ്ങൾക്ക് നിങ്ങളുടെമേൽ ഒരവകാശവുമില്ല. നിങ്ങൾക്ക് എവിടെ വേണമെങ്കിലും പോകാം. ഞങ്ങൾ യുദ്ധം ചെയ്യുന്നത് ആരുമായിട്ടാണോ അവരുമായി ഞങ്ങളത് തീർത്തുകൊള്ളാം. പ്രശ്നം പരിഹരിച്ചുകൊള്ളാം. നിങ്ങൾ നിരപരാധികളാണ്. ഞങ്ങൾക്ക് ഏല്പിക്കപ്പെട്ട സൂക്ഷിപ്പുമുതലാണ് നിങ്ങൾ" എന്ന് അവരോട് പറയുക. ഇസ്‌ലാമികാദ്ധ്യാപനത്തിന്റെ വെളിച്ചത്തിൽ ഏത് രാജ്യത്തെയും വിദേശികൾ ആ രാജ്യത്തിന് ഏല്പിക്കപ്പെടുന്ന സൂക്ഷിപ്പുമുതലാണെന്നതാണ് വാസ്തവം. ആ രാജ്യവുമായി യുദ്ധമുണ്ടായാലും ശരി, ഈ സൂക്ഷിപ്പ് മുതലിന്റെ കാര്യത്തിൽ വഞ്ചന പ്രവർത്തിച്ചാൽ അതിന്റെ ഫലം അതിദാരുണമായിരിക്കും. മുമ്പേതന്നെ എരിഞ്ഞുനില്ക്കുന്ന അവരുടെ പ്രതികാരാഗ്നി ലക്ഷക്കണക്കിന് നിരപരാധികളായ മുസ്‌ലിംകളെ ഭസ്മമാക്കുന്നവിധം ആളിപ്പടരും. മരിക്കേണ്ടിവരുന്നവരിൽ ഭരണാധികാരികളും അവരുമായി ബന്ധപ്പെട്ടവരും വളരെ കുറച്ചായിരിക്കും. നിരപരാധികളായ മുസ്‌ലിംകളാണ് കൊല്ലപ്പെടുക. യുദ്ധത്തിൽ ഇന്ധനമായിത്തീരുന്നതും അവർ തന്നെ. യുദ്ധത്തിനുശേഷമുള്ള പ്രതികാരാഗ്നികൾക്ക് കുറിയാകുന്നതും അവരായിരിക്കും. ഇറാഖ് ദൈവഭയത്തോടെ പ്രവർത്തിച്ചുകൊണ്ട് ഇസ്‌ലാമിക അദ്ധ്യാപനത്തിലേക്ക് മടങ്ങാതെ സമാധാനത്തിന്റെ മാർഗ്ഗം അവർക്കായി തുറക്കപ്പെടുകയില്ല. ഇറാഖ് ഈ നടപടി സ്വീകരിക്കുകയും സർവ്വലോക മുസ്‌ലിംകൾക്ക് ഇപ്രകാരം സന്ദേശം നല്കുകയും ചെയ്യട്ടെ. 'നിങ്ങളെന്താണോ തീരുമാനിക്കുന്നത് അതിനു മുമ്പിൽ തലകുനിക്കാൻ ഞങ്ങൾ തയ്യാറാണ്. കുവൈത്തിൽനിന്ന് സൈന്യത്തെ പിൻവലിക്കുമെന്ന് ഞങ്ങൾ നിങ്ങൾക്ക് ഉറപ്പുനല്കുന്നു. അങ്ങനെ സമാധാനനില സ്ഥാപിക്കാം. പക്ഷേ, ഒരു നിബന്ധനമാത്രമുണ്ട്. ആ തീരുമാനം മുസ്‌ലിംലോകംതന്നെ എടുക്കണം. അന്യർ ആരേയും അതിൽ ഇടപെടുത്താൻ പാടില്ല' ഈ ആഹ്വാനം ആഗോളഇസ്‌ലാമിനു മുന്നിൽ ഊന്നിപ്പറയുക. ലക്ഷക്കണക്കിനാളുകൾ നശിച്ചൊടുങ്ങിയതിനും മുറിവേറ്റതിനും പിടിച്ചെടുത്ത പ്രദേശങ്ങൾ വിട്ടുകൊടുക്കേണ്ടിവന്നതിനും ഇടയാക്കിയ ദീർഘകാലത്തെ യുദ്ധത്തിനുശേഷം ഇറാനുമായി ഒത്തുതീർപ്പിലെത്താൻ സാധിച്ചെങ്കിൽ, രക്തപ്പുഴ ഒഴുകുന്നതിനു മുമ്പേ അത്തരം നടപടി എന്തുകൊണ്ട് സാധിക്കില്ല?

അതുകൊണ്ട് കുവൈത്തിൽനിന്ന് തങ്ങളുടെ കൈ ഉയർത്തുകയും മുസ്‌ലിംലോകത്തിന് ഉറപ്പ് നല്കുകയും ചെയ്യേണ്ടത് ഇറാഖ് അവശ്യം ചെയ്യേണ്ട രണ്ടാമത്തെ നടപടിയാണ്. 'ഏതുപോലെ ഞങ്ങൾ ഇറാനുമായി ഒത്തുതീർപ്പിലായോ അതുപോലെ ഇസ്‌ലാമിന്റെ ശത്രുശക്തികളെ നേരിടേണ്ടതിനുവേണ്ടി അവരുടെ ദ്രോഹത്തിൽനിന്ന് സുരക്ഷിതരായിത്തീരുന്നതിനുവേണ്ടി ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ അക്രമം കേവലം ഞങ്ങളുടമേലായിരിക്കുകയില്ല. പ്രത്യുത, ആഗോള ഇസ്‌ലാമിന്റെമേലായിരിക്കും. ഇസ്‌ലാമിന്റെ ശക്തി ദീർഘനാളത്തേക്ക് ചവിട്ടിമെതിക്കപ്പെടും. ഇസ്‌ലാമികരാഷ്ട്രങ്ങൾ തകർന്നുപോകും. അവർക്ക് അന്യരെ ആശ്രയിക്കേണ്ടിവരും.'

**മഹാവിപത്ത്**

അതിഭയങ്കരങ്ങളായ ഇടിമുഴക്കങ്ങളാണ് കേൾക്കുമാറായിരിക്കുന്നത്. അതിഭയാനകങ്ങളായി മിന്നലുകളാണെറിയുന്നത്. എന്നിട്ടും എന്തുകൊണ്ട് ഇവർക്ക് കാണാൻ കഴിയുന്നില്ല? എന്തുകൊണ്ട് ഈ മുറവിളി ഇവർ കേൾക്കുന്നില്ല? വിപത്തുകൾ ഇവർ കാണാൻ കൂട്ടാക്കുന്നില്ല. എന്തുകൊണ്ട് അജ്ഞരെപോലെ പരസ്പരം ചേരിതിരിഞ്ഞ് യുദ്ധത്തിന്നായി ഇവർ ഇറങ്ങിത്തിരിച്ചിരിക്കുന്നു. ഏതായാലും ഇറാഖ് പ്രസ്തുത സന്ദേശം നല്കേണ്ടത് അത്യന്താപേക്ഷിതമാണ്. റേഡിയോവിലൂടെയും ടെലിവിഷനിലൂടെയും മറ്റു വാർത്താമാധ്യമങ്ങൾ മുഖേനയും തങ്ങൾ മടങ്ങുവാൻ ആഗ്രഹിക്കുന്നുവെന്ന് ഇറാഖ് വീണ്ടും വീണ്ടും വിളംബരം ചെയ്യണം. ഈ ശബ്ദം മുസ്‌ലിംലോകത്തെല്ലാം എത്തിക്കണം. 'തെറ്റുകൾ അംഗീകരിച്ചുകൊണ്ട് അഖിലലോക ഇസ്‌ലാമിക കോടതിയുടെ മുന്നിൽ തലകുനിച്ച് ഹാജരാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ, അന്യർ ആരുംതന്നെ ഇക്കാര്യത്തിൽ ഇടപെടാൻ പാടില്ല' എന്നവർ പ്രഖ്യാപിക്കണം.

ഈ അഭ്യർത്ഥന സർവമുസ്‌ലിം രാഷ്ട്രങ്ങളും ഇറാഖിന് അനുകൂലമായി പ്രതികരിക്കുന്നതിനു സഹായകമായിരിക്കും. ദുരുദ്ദേശ്യങ്ങൾക്ക് തയ്യാറായവരും അതിന് ഉചിതമായ മറുപടി നൽകാൻ നിർബന്ധിതരായിത്തീരും. അഥവാ, തന്നില്ലെങ്കിൽതന്നെ അല്ലാഹുവിനുവേണ്ടിയുള്ള ഒരു ആഹ്വാനമാകയാൽ, അല്ലാഹു

വിന്റെ കല്പനയനുസരിച്ച് ഇസ്‌ലാമിന്റെ അദ്ധ്യാപന ത്തിലേക്ക് മടങ്ങിയാൽ നിശ്ചയമായും അല്ലാഹു ഇക്കാര്യത്തിൽ ജാമ്യം നിന്നുകൊള്ളുന്നതാണ്. ഇറാ ഖിന്റെ തലയ്ക്കു മുകളിൽ ആടിക്കൊണ്ടിരിക്കുന്ന ഈ വിപത്തുകളിൽനിന്ന് അല്ലാഹു അതിനെ രക്ഷിക്കു കയും ചെയ്യും. ഞങ്ങളുടെ വിനീതമായൊരു അപേക്ഷ മാത്രമാണിത്; ഉപദേശമാണിത്. ഏതെങ്കിലും ഹൃദയം ഇത് കേൾക്കുകയും കൈക്കൊള്ളുകയും ചെയ്താൽ അവർക്കിതിൽ പ്രയോജനമുണ്ട്. കാരണം, ഖുർആ നിക അദ്ധ്യാപനമാണ് ഞാൻ മുന്നോട്ടുവച്ചിരിക്കുന്ന ത്. ***അഹങ്കാരത്തിന്റെയും ധിക്കാരത്തിന്റെയും വഴി സ്വീകരിച്ച് ഞങ്ങളുടെ ഈ ഉപദേശത്തെ തള്ളിക്കള യുകയാണെങ്കിൽ ഞാൻ ഇന്ന് നിങ്ങളെ ഇതാ ഉണർത്തുകയാണ്: അതിഭയാനകമായ വിപത്തുകൾ ആഗോളഇസ്‌ലാമിനെ അഭിമുഖീകരിക്കാൻ പോകുന്നു. പിന്നീട് അനേകകാലം നിങ്ങൾക്കതിൽ വിലപിച്ചും നിലവിളിച്ചും തലയിട്ടടിച്ചും കഴിഞ്ഞുകൂടേണ്ടിവരും. മറ്റൊരു പ്രതിവിധിയും കാണപ്പെടുന്നതല്ല. ആഗോള ഇസ്‌ലാമിന് ഇന്ന് ഉണ്ടായിരിക്കുന്നതും ഉണ്ടായിക്കൊ ണ്ടിരിക്കുന്നതുമായ ശക്തിയും പ്രതാപവും കളഞ്ഞു കുളിച്ചാൽ വീണ്ടും അത് മടക്കിക്കൊണ്ടുവരാൻ സാധിക്കുകയില്ല. ഇന്നത് നിലനിർത്താൻ കഴിയും.*** നിശ്ശബ്ദമായും ബുദ്ധിപൂർവ്വമായും കുഴപ്പങ്ങൾ വരു ത്തിവെക്കാതെയും അവർ മുന്നോട്ടുനീങ്ങുകയാണെ ങ്കിൽ അടുത്ത പത്തോപതിനഞ്ചോ കൊല്ലങ്ങൾക്കിട യിൽ അന്യർക്ക് അവഗണിക്കാൻ പറ്റാത്തവിധം മുസ്‌ലിംലോകത്തിന് എത്രയും വലിയ ശക്തിയായി തീരാൻ കഴിയും. ആര് ആഗ്രഹിച്ചാലും ആർക്കും അവരെ നേരിടാൻ കഴിയാത്തവിധം അജയ്യശക്തി യായി മാറും. ***ഇന്ന് അബദ്ധം പിണഞ്ഞാൽ, തെറ്റുപ റ്റിയാൽ മടങ്ങിവരാൻ ഒരു സാദ്ധ്യതയുമില്ലാത്ത, ഭയാ നകമായ നാശത്തിന്റെ ഗർത്തത്തിൽ ആപതിക്കും.***

**മുസ്‌ലിംലോകത്തിനുവേണ്ടി പ്രാർത്ഥിക്കുക**

ഇതിനോടൊപ്പം ഞാൻ ജമാഅത്തിനെ ഉപദേശി ക്കുന്നു. ഉള്ള് തട്ടിയനിലയിൽ വേദന തിന്നുന്ന ഹൃദ യത്തോടുംകൂടി നിങ്ങൾ പ്രാർത്ഥിക്കുവിൻ. മുസ്‌ലിം രാഷ്ട്രങ്ങൾ നമ്മോട് എന്തുതന്നെ അതിക്രമം പ്രവർത്തി ച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കു ന്നുണ്ടെങ്കിലും മേലിൽ പ്രവർത്തിക്കുമെന്നിരിക്കിലും അവരുടെ കാര്യം അവർ അല്ലാഹുവിനോട് ഉത്തരം പറഞ്ഞുകൊള്ളട്ടെ. എന്നാൽ, ഞാൻ പറഞ്ഞുവന്ന തുപോലെ ഞങ്ങൾ ഇസ്‌ലാമിനോട് കൂറുള്ളവരാണ്. ഇസ്‌ലാമികമൂല്യങ്ങളോട് കൂറുപുലർത്തുന്നവരാണ്. ഏതെങ്കിലും ഒരു മുസ്‌ലിംരാഷ്ട്രം ഇസ്‌ലാമികാദ്ധ്യാ പനത്തിന്നെതിരിൽ തെറ്റു ചെയ്താലും അത് ചൂണ്ടി ക്കാണിച്ചുകൊണ്ട് ആ തെറ്റ് തിരുത്തണമെന്ന് അവ രോട് വിനയപൂർവ്വം അപേക്ഷിക്കാൻ ഞങ്ങൾക്ക് ഒരു ഭയവുമില്ല. തൽഫലമായി അവർ ഞങ്ങളുടെ ശത്രു ക്കളായി തീർന്നാൽ ഞങ്ങളോട് പകരം വീട്ടാൻ തീരു മാനിച്ചാലും ഞങ്ങൾക്കത് ഒരു പ്രശ്നമേയില്ല. കാരണം ഞങ്ങളുടെ ഈ പ്രവർത്തനം അല്ലാഹുവിനുവേണ്ടി മാത്രമുള്ളതാണ്. ഇസ്‌ലാമിന്റെ ആത്മാവ് വിശുദ്ധഖുർ ആനിലും ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ നടപടിക്രമത്തിലുമാണ് നിലകൊള്ളുന്നതെന്ന് ഞങ്ങൾക്കറിയാം. വിശുദ്ധഖുർആനോടും നബി(സ)യുടെ സുന്നത്തിനോടും സ്നേഹമുണ്ടെങ്കിൽ നിശ്ചയമായും ആ ആത്മാവിനെ നാം സംരക്ഷിക്കുകതന്നെ വേണം. ഇതിന്നായി ലോകത്തെങ്ങുമുള്ള അഹ്മദികൾ സകല ത്യാഗങ്ങൾക്കും സന്നദ്ധരാണ്. സത്യത്തിൽനിന്ന് അവർ പിന്മാറുകയില്ല. ലോകത്തിലെ ഒരു ശക്തിക്കും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കാനും സാധിക്കുകയില്ല. സമ്പൂർണ്ണമായും ഗുണകരമായിട്ടുള്ള ഒരു ധർമ്മനിർവ്വ ഹണത്തിൽ ആരെങ്കിലും വെറുക്കുന്നെങ്കിൽ അപ്പോൾ ഞങ്ങളുടെ അഭയം അല്ലാഹുവിലത്രെ. ഞങ്ങളുടെ എല്ലാ ആശ്രയവും ഞങ്ങളുടെ നാഥനിലാകുന്നു.

**അറബികൾക്ക് സുവാർത്ത**

ഇത് സംബന്ധമായി ഒരു സുവാർത്തകൂടി ഞാൻ നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഇന്നിവിടെ നൽകിയ ഉപദേശം യഥാർത്ഥത്തിൽ ഞാൻ തന്നെ ചെയ്യണമെന്ന് വിധിദാതാവ് നേരത്തെ നിശ്ചയിച്ചിരുന്നതാണ്. വാഗ്ദത്ത മഹ്ദി മസീഹ് ഹസ്റത്ത് മിർസാ ഗുലാം(അ) ഹമാമത്തുൽ ബുശ്റ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിട്ടുണ്ട്.

'അറബികളെപറ്റി ഞാൻ അവരെ സംരക്ഷിക്കണ മെന്നും ശരിയായ മാർഗ്ഗം അവർക്ക് പറഞ്ഞുകൊടു ക്കണമെന്നും അവരുടെ അവസ്ഥ ശരിപ്പെടുത്തണ മെന്നും എന്റെ നാഥൻ എനിക്ക് സുവിശേഷം നൽകി യിരിക്കുന്നു.' (*ഹമാമത്തുൽ ബുശ്റ, ഭാഗം:19-20*)

ചുരുക്കത്തിൽ, ഏതൊരു കടമ നിറവേറ്റുന്നതിനു വേണ്ടിയാണോ വാഗ്ദത്ത മഹ്ദി മസീഹിനെ അല്ലാഹു നിയോഗിച്ചത്, അവിടത്തെ വിനീതദാസൻ എന്ന നില യിൽ അവിടത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് ആ കടമ ഇന്ന് ഞാൻ നിറവേറ്റുകയാണ്. ഈ ദൈവിക സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംലോ കത്തിന് മുഴുവനും ഞാൻ സുവാർത്ത അറിയിക്കുന്നു, അവർ ഈ വിനീതമായ എളിയനിലയിലുള്ള ഉപദേ ശമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ വിജയശ്രീ ലാളിതരായിത്തീരുമെന്നത് സുനിശ്ചിതമാണ്. ഈ ലോകത്തും പരലോകത്തും അവർക്ക് തലയുയർത്തി നില്ക്കാം. എന്നാൽ നിർഭാഗ്യവശാൽ അവർ തങ്ങളുടെ താല്ക്കാലിക താല്പര്യത്തിനു മുന്നിൽ ഇസ്‌ലാമിന്റെ വിപുലമായ താല്പര്യങ്ങളെ മറയത്തെറിയുകയാണെ ങ്കിൽ, ഇസ്‌ലാമികപാഠങ്ങളെ അവഗണിക്കുകയാണെ ങ്കിൽ ലോകത്തിലെ ഒരു ശക്തിക്കും ഈ ലോകത്തി ന്റേയും അല്ലാഹുവിന്റേയും കോപത്തിൽനിന്ന് അവരെ രക്ഷിക്കാൻ സാധിക്കുകയില്ല. ആഗോളഇസ്‌ലാമിനു വേണ്ടി അല്ലാഹു നമ്മുടെ നയനങ്ങൾക്ക് കുളിർമ്മ നല്കുകയും നമ്മുടെ ഹൃദയങ്ങൾക്ക് ആശ്വാസം പകരു കയും നമ്മുടെ എല്ലാ അസ്വസ്ഥതകളും വ്യഥകളും അകറ്റുകയും ചെയ്യും. ഓരോ അഹ്മദിയുടേയും ഹൃദയം ഇതിലാണുള്ളതെന്ന് ഞാൻ ദൃഢമായും വിശ്വ സിക്കുന്നു. (*വിവ: മുഹമ്മദ് ഇസ്മാഈൽ, ആലപ്പുഴ*)

●

ഹസ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ്, എച്ച്.എ.

ലേഖനം

# ഖിലാഫത്ത് ഒരു മഹാനുഗ്രഹം

അല്ലാഹു വിശുദ്ധഖുർആനിൽ ഇപ്രകാരം പറയുന്നു: ''നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമ്മം അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്. അവരെ അവർക്കു മുമ്പുണ്ടായിരുന്നവരെ ഖലീഫമാർ - പ്രതിനിധികൾ- ആക്കിയതുപോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും, അവർക്കായിട്ട് താൻ തൃപ്തിപ്പെട്ടിട്ടുള്ള മതത്തെ അവർക്ക് ബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്നു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നോട് യാതൊന്നിനേയും പങ്കുചേർക്കാതെ എന്നെത്തന്നെ ആരാധിക്കുന്നതാണ്; ഇതിനുശേഷം ആർ നിഷേധിക്കുന്നുവോ അവർ അധർമ്മികളാകുന്നു.'' (*24:55*)

ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത്, സത്യവിശ്വാസികളും സൽകർമ്മികളുമായുള്ള യഥാർത്ഥ മുസ്ലിംകൾക്ക് ദൈവം ഖിലാഫത്ത് എന്ന അനുഗൃഹീതസ്ഥാപനം ഏർപ്പെടുത്തിക്കൊടുക്കുകയും അതുവഴി അവരുടെ ഭീതിയെ കളഞ്ഞു അവരെ സമാധാനത്തിലാക്കിത്തീർക്കുകയും ചെയ്യുമെന്നാണ്. ഇതിൽനിന്ന്, മുസ്ലിംകക്ഷികളിൽവെച്ച് ഏതൊരു കൂട്ടരിൽ ഖിലാഫത്ത് നിലവിലുള്ളതായിട്ട് കാണുന്നുവോ അവരാണ് സത്യവിശ്വാസവും സൽക്കർമ്മവും വരിച്ച യഥാർത്ഥ മുസ്ലിംകളെന്ന് തീരുമാനിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ഖിലാഫത്ത് അങ്ങനെയുള്ളവർക്ക് നൽകുമെന്നാണ് അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നത്.

ഇസ്ലാമിൽ ഖിലാഫത്ത് എന്നുപറയുന്നത് നബി തിരുമേനിയുടെ പ്രാതിനിധ്യം വഹിക്കുന്ന സ്ഥാനത്തിനാണല്ലൊ. ഈ സ്ഥാനം തിരുമേനിക്കുശേഷം തന്റെ ശിഷ്യന്മാരിൽ ഉണ്ടായിരിക്കുന്നതാണെന്ന് പഠിപ്പിക്കുന്ന ഒരേയൊരു ദൈവവാക്യം മേലുദ്ധരിച്ചതുതന്നെയാണ്. അതിലെ വാഗ്ദത്തമനുസരിച്ചാണ് വിശുദ്ധനബിയുടെ നിര്യാണാനന്തരം തന്റെ ശിഷ്യന്മാരിൽ ഖിലാഫത്തുണ്ടായിക്കൊണ്ടിരുന്നത്. തിരുമേനിയുടെ യഥാർത്ഥമായ സ്ഥാനം തിരുമേനി, നബിയും റസൂലുമാണെന്നുള്ളതാണ്. അതുകൊണ്ട് ആ സത്യാത്മാവിന്റെ യഥാർത്ഥ പ്രാതിനിധ്യമാകട്ടെ ആദ്ധ്യാത്മികവും ധാർമ്മികവുമായ തിരുദൗത്യത്തെ സംബന്ധിക്കുന്ന ഒന്നാകുന്നു. തിരുമേനിയുടെ അവതാരോദ്ദേശ്യം മനുഷ്യരെ സന്മാർഗ്ഗികളാക്കിത്തീർക്കുകയും അവരെ ദൈവത്തിങ്കലേക്ക് നയിക്കുകയും ചെയ്യുകയെന്നതാണല്ലോ. തന്മൂലം തിരുമേനിയുടെ യഥാർത്ഥ ഖലീഫമാർ ആദ്ധ്യാത്മികത്വത്തെ പുലർത്തുന്നതിന് പ്രതിനിധികളായിരിക്കേണ്ടതാകുന്നു. അതിനാൽതന്നെയാണ്, "നിങ്ങൾ എന്റെ നടപടിക്രമത്തെയും, സന്മാർഗ്ഗികളും മാർഗ്ഗദർശനം ലഭിച്ചവരുമായ എന്റെ ഖലീഫമാരുടെ ആചരണത്തേയും സ്വീകരിച്ചുകൊൾക' എന്ന് നബിതിരുമേനി(സ) പറഞ്ഞിരിക്കുന്നത്. തിരുമേനിയുടെ അവതാരോദ്ദേശ്യം രാജ്യഭരണം സ്ഥാപിക്കുകയെന്നതല്ലെന്നിരിക്കിലും അല്ലാഹു തിരുമേനിക്ക് പാരിതോഷികമായി ഭരണാധികാരവും നൽകിയിരിക്കകൊണ്ട്, പിന്നീട് കേവലം രാഷ്ട്രീയാധികാരത്തോടുകൂടിയ മുസ്ലിംരാജാക്കന്മാരും തിരുമേനിയുടെ പ്രതിനിധികളെന്നോണം ഖലീഫമാർ എന്നു വിളിക്കപ്പെട്ടുപോന്നു. എന്നാൽ, തിരുമേനിയുടെ സാക്ഷാൽ പ്രാതിനിധ്യം രാഷ്ട്രപരമായതല്ലെങ്കിലും രാജ്യഭരണവും പിന്നീട് തിരുമേനിക്ക് ലഭിച്ചിരിക്കകൊണ്ട്, ആദിമഖലീഫമാർ ആത്മീയവും ഭൗതികവുമായ രണ്ടുതരം ഖിലാഫത്തും ഉള്ളവരായിരുന്നു. അവർക്കുശേഷം വെറും ഭരണാധികാരികളായിത്തീർന്നു. രാജാക്കന്മാർ ഭൗതികമായനിലയിൽമാത്രം ഖലീഫമാരും ഇസ്ലാമിൽ ആവിർഭവിച്ചുകൊണ്ടിരുന്ന മുജദ്ദിദുമാർ ആത്മീയ പ്രാതിനിധ്യത്തോടുകൂടിയ സാക്ഷാൽ ഖലീഫമാരും ആയിരുന്നു. ചുരുക്കത്തിൽ, തിരമേനിയുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് തിരുമേനിയുടെ അവതാരോദ്ദേശ്യം പൂർത്തീകരിക്കുന്ന ഖലീഫമാർ ഇസ്ലാമിൽ വന്നുകൊണ്ടിരിക്കുമെന്നാണ് മേലുദ്ധരിച്ച ആയത്തിൽ പറഞ്ഞിരിക്കുന്നത്. അതിനാൽ, ആ യഥാർത്ഥ ഖലീഫമാർക്ക് രാജ്യഭരണം ഉണ്ടായേ കഴിയൂ എന്നില്ല. ആ ഖലീഫമാർ സത്യവിശ്വാസികളും സൽകർമ്മികളുമായുള്ള യഥാർത്ഥ മുസ്ലിംകളിൽ ഉണ്ടായിക്കൊണ്ടിരിക്കുമെന്നാണ് പ്രസ്തുത ആയത്തുകൊണ്ട് വ്യക്തമാകുന്നത്.

ഇന്ന് ഖിലാഫത്ത് അഹ്മദിയ്യാ ജമാഅത്തിലാണ് സ്ഥിതിചെയ്യുന്നതെന്നുള്ളത് എല്ലാവരും അറിയുന്ന ഒരു വസ്തുതയാണ്. ഇതരമുസ്ലിംകക്ഷികളിലൊന്നിലും ഖിലാഫത്ത് എന്നുപറയുന്ന ഈ അനുഗ്രഹം ഇല്ലെന്നത് അവർതന്നെ സമ്മതിക്കുന്ന ഒരു പരമാർത്ഥമാകുന്നു. അല്പകാലം മുമ്പുവരെ പേരിനുമാത്രം തുർക്കിസുൽത്താനെ അവർ ഖലീഫ എന്നു പറഞ്ഞുപോന്നിരുന്നു. എന്നാൽ, ആ ഖിലാഫത്താകട്ടെ, സുൽത്താന്റെ ഭരണത്തിൻകീഴിലുള്ള തന്റെ പ്രജകളുടെമേലുള്ള രാഷ്ട്രീയമായ അധികാരം മാത്രമായിരുന്നു. അല്ലാതെ, മുസ്ലിംകളിലുള്ള യാതൊരു

കക്ഷിയും അദ്ദേഹത്തിന്റെ ആജ്ഞകൾക്കനുസരിച്ച് നടക്കേണ്ടത് തങ്ങളുടെ കർത്തവ്യമാണെന്ന് ധരിച്ച് അദ്ദേഹത്തെ അപ്രകാരം കൈക്കൊണ്ടിരുന്നില്ല. ഇന്നാകട്ടെ ആ നാമമാത്ര ഖിലാഫത്ത്താനും ഭൂമുഖത്തു നിന്ന് മായ്ക്കപ്പെട്ടുപോയി. അതിനെ ആ സുൽത്താന്റെ സ്വന്തം ജനമായ തുർക്കികൾതന്നെ വലിച്ചെറിഞ്ഞു കളയുകയാണ് ചെയ്തത്. അങ്ങനെ അഹ്മദികളല്ലാത്ത മറ്റ് മുസ്ലിംകക്ഷികളിലൊന്നിലും ഖിലാഫത്താകുന്ന ദൈവാനുഗ്രഹം സ്ഥിതിചെയ്യുന്നില്ല. അഹ്മദികൾക്കാണെങ്കിൽ അവരുടെ അനുസരണത്തെ അർഹിക്കുന്ന ഇമാമും മതപരവും ആത്മീയവുമായ കാര്യങ്ങളിൽ അവർക്ക് മാർഗ്ഗദർശനം ചെയ്യുന്ന ഗുരുവുമായ ഒരു ഖലീഫയുണ്ട്. സത്യവിശ്വാസികളും സൽകർമ്മികളുമായവർക്ക് നൽകുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്ത് ഇങ്ങനെ അവരിൽ സ്ഥിതിചെയ്യുന്നുവെന്നത്, അവർതന്നെയാണ് യഥാർത്ഥ ഇസ്ലാമികകക്ഷി എന്നതിലേക്ക് മതിയായ ഒരു തെളിവാകുന്നു.

### ഖിലാഫത്തിന്റെ രൂപപരിണാമങ്ങൾ

തനിക്കുശേഷം ആദ്യം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നപോലെ പിൽക്കാലത്തും അതേരീതിയിലുള്ള ഖിലാഫത്തുണ്ടായി വരുമെന്ന് നബി കരീം(സ) പ്രവചിച്ചിട്ടുണ്ട്. തിരുമേനി പറയുന്നതാണിത്:

“അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും; പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം, അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലനിൽക്കും; പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം, അല്ലാഹു ഇച്ഛിക്കുന്നതുവരെ സ്വേച്ഛാധിത്യം നിലനിൽക്കും; പിന്നെ അവൻ അതിനെ എടുത്തുകളയും. അനന്തരം, അല്ലാഹു ഇച്ഛിക്കുന്നകാലത്തോളം ബലാൽക്കാരപൂർവ്വമായ ഭരണം നിലനിൽക്കും; പിന്നെ അവൻ അതിനേയും എടുത്തുകളയും. പിന്നീട് നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് ഉണ്ടായി വരും.” (*മിശ്ക്കാത്ത്-കിത്താബുർരിഖാഖ്*) ഈ തിരുവചനത്തിൽനിന്ന്, അവസാനകാലത്ത് നുബുവ്വത്തിന്റെ വഴിയിലുള്ള ഖിലാഫത്ത് ഉണ്ടായിവരുമെന്നു സ്പഷ്ടമാകുന്നു. ഇത്തരത്തിലുള്ള ഖിലാഫത്ത് ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണുള്ളത്. വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് തന്റെ ഒരു ഖലീഫയും ഒരു പ്രവാചകനുമായിരിക്കുമെന്ന് വിശുദ്ധ നബിതിരുമേനി(സ) അരുൾചെയ്തിട്ടുണ്ട്.(*തബ്റാനീ*). അതിനാൽ, മേലുദ്ധരിച്ച ഹദീസിൽ അവസാനമായി നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് ഉണ്ടായിവരുമെന്ന് പറഞ്ഞിരിക്കുന്നത് ആ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിന്റെ തുടർച്ചയിലുണ്ടായ ഖിലാഫത്തിനെ ഉദ്ദേശിച്ചാണെന്ന് നല്ലപോലെ മനസ്സിലാക്കാവുന്നതാണ്.

നബിതിരുമേനി(സ) മൂസാനബിക്ക് സദൃശനായി വന്ന ഒരു പ്രവാചകനാണെന്ന് വിശുദ്ധഖുർആനിൽനിന്നും തൗറാത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. അതുകൊണ്ട്, മുമ്പുദ്ധരിച്ച ഖുർആൻ വാക്യത്തിൽ ‘അവർക്കുമുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ’ എന്നു പറഞ്ഞിരിക്കുന്നത് മൂസാനബിയുടെ അനുയായികളിലുണ്ടായ ഖലീഫമാരെ സംബന്ധിച്ചാണെന്നത് സ്പഷ്ടമാണ്. അവരിൽ ഭരണാധികാരമുള്ളവരും ഇല്ലാത്തവരുമായ ഖലീഫമാർ ആഗതരായിട്ടുണ്ട്. മൂസാനബിക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ ഖലീഫയായി അവതരിച്ച ഈസാനബി(അ) ഭരണാധികാരമില്ലാത്ത ആളായിരുന്നു. ഇതിൽനിന്ന്, മൂസാനബിയുടെ സദൃശനായിട്ടുവന്ന നബിതിരുമേനിയുടെ അനുയായികളിൽ തിരുമേനിക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ ഈസാനബിയോട് സാദൃശ്യമുള്ള ഒരു ഖലീഫ ഉണ്ടാകുമെന്നും അദ്ദേഹത്തിനുശേഷം തുടർന്നുണ്ടാകുന്ന ഖിലാഫത്ത് നുബുവ്വത്തിന്റെ തുടർച്ചയിലുള്ള ഖിലാഫത്തായിരിക്കുമെന്നും മനസ്സിലാകുന്നു. അവസാനത്തിൽ നുബുവ്വത്തിന്റെ കാലടികളിൽ ചരിക്കുന്ന ഖിലാഫത്ത് ഉണ്ടായിവരുമെന്നും അന്ത്യകാലത്ത് മസീഹ് അവതരിക്കുമെന്നും താൻ ആദ്യത്തിലും മസീഹ് ഒടുവിലുമുള്ള ഒരു സമുദായം നശിക്കുന്നതെങ്ങനെയെന്നും മറ്റും നബിതിരുമേനി (സ) പ്രവചിച്ചിട്ടുള്ളത് ഇതിലേക്ക് സാക്ഷ്യമാണ്. താൻ മൂസാനബിക്ക് സദൃശനായിട്ട് വന്നപോലെ തനിക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ തന്റെ ഖലീഫയായിട്ടുവരുന്ന മഹാത്മാവും പല സംഗതികളിലും ഈസാനബിയോട് സാദൃശ്യമുള്ള ഒരാളായിരിക്കുമെന്നതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന് ‘മസീഹ്’ എന്നും ‘ഇബ്നുമർയം’ എന്നും നബിതിരുമേനി(സ) നാമകരണം ചെയ്തിരിക്കുന്നത്.

വാഗ്ദത്തം ചെയ്യപ്പെട്ട ആ മഹാത്മാവിനെക്കുറിച്ചാണ് അവസാനകാലത്ത് മസീഹ് വരുമെന്ന് നബി തിരുമേനി(സ) പ്രവചിച്ചിരിക്കുന്നത്. ആ മസീഹിന്റെ ആവിർഭാവാനന്തരം ഉണ്ടാകുന്ന ഖിലാഫത്തിനെക്കുറിച്ചുതന്നെയാണ് മേലുദ്ധരിച്ച ഹദീസിന്റെ ഒടുവിൽ ‘നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്തുണ്ടായി വരും’ എന്ന് വിശുദ്ധനബി(സ) അരുൾചെയ്തിരിക്കുന്നത്. ആകയാൽ, സത്യവിശ്വാസികളും സൽകർമ്മകാരികളുമായ യഥാർത്ഥ മുസ്ലിംകളിൽ ഖിലാഫത്ത് ഉണ്ടായിരിക്കുമെന്ന് വിശുദ്ധഖുർആൻ പറഞ്ഞിരിക്കുന്നത് യഥാർത്ഥ ഇസ്ലാമികകക്ഷി ഏതാണെന്ന് മനസ്സിലാക്കിത്തരുന്ന ഒരു പ്രത്യക്ഷസാക്ഷ്യമാകുന്നു. യഥാർത്ഥ ഇസ്ലാമികകക്ഷി താനും തന്റെ സഹചരരുമുണ്ടായിരുന്നനിലയിൽ സ്ഥിതിചെയ്യുന്നവരാണെന്നും അവർ ഒരു ജമാഅത്തായിട്ടിരിക്കുമെന്നും നബിതിരുമേനി(സ) പറഞ്ഞിരിക്കുന്നു. തിരുമേനിക്കുശേഷം ശിഷ്യഗണം ഖലീഫമാരെ തിരഞ്ഞെടുത്തു അവരുടെ ഖിലാഫത്തധികാരത്തിൻകീഴിൽ ജമാഅത്തായിട്ടിരുന്നിരുന്നപോലെ ഖലീഫമാരെ തിരഞ്ഞെടുത്തു ഖിലാഫത്തധികാരത്തിൻകീഴിൽ ജീവിക്കുന്നവർ ഇന്ന് ലോകത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണെന്നത് പ്രത്യക്ഷമായ ഒരു സംഗതിയാണ്.

### ഭയത്തിന് പകരം സമാധാനം

മേലുദ്ധരിച്ച ഖുർആൻവാക്യത്തിൽ ഖിലാഫത്തിന്റെ ഒരുദ്ദേശ്യമായി പറഞ്ഞിരിക്കുന്നത്, അതുവഴി ദൈവം സത്യവിശ്വാസികളുടെ മതത്തെ അവർക്ക്

ബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തെ പോക്കി അവർക്ക് സമാധാനം നൽകുകയും ചെയ്യുമെന്നതാണല്ലോ. ഇസ്‌ലാംമതം ശത്രുക്കളുടെ ആക്ഷേപശരങ്ങൾക്ക് ലക്ഷീഭവിക്കുകയും മുസ്‌ലിംകൾ അതിന്റെ സത്യത്തെ മറ്റുള്ളവർക്ക് പ്രബോധനം ചെയ്യുന്ന വിഷയത്തിൽ കേവലം അശ്രദ്ധരായിത്തീരുകയും ചെയ്ത കാലത്ത് അല്ലാഹു അഹ്‌മദിയ്യാ പ്രസ്ഥാനത്തിന്റെ ജനയിതാവിനെ എഴുന്നേൽപിച്ചു. അദ്ദേഹം ഇസ്‌ലാമിന്റെ ശത്രുക്കളോട് എതിരിടുന്നതിനും മതപ്രബോധനം ചെയ്യുന്നതിനുമുള്ള ഒരു വഴി വെട്ടിത്തെളിച്ചു. തൽഫലമായി, അദ്ദേഹത്തിന്റെ അനുചരസംഘം- എത്രയും ചെറിയ ഒരു സംഘമായ അഹ്‌മദിയ്യാ ജമാഅത്ത്- ലോകത്തിലെ നാനാജാതി മതസ്ഥരുടേയും മുമ്പിൽ ഇസ്‌ലാമിന്റെ സത്യത്തെ പ്രസ്താവിക്കുന്നതിനും അവർക്ക് സത്യപ്രബോധനം ചെയ്യുന്നതിനും കഴിവും ധൈര്യവുമുള്ളവരായിത്തീർന്നു. അതോടെ, ഇസ്‌ലാമിന്റെ നേർക്കുള്ള ആക്ഷേപങ്ങൾ കേട്ട് മുസ്‌ലിംകൾ ഭയപ്പെട്ടുകൊണ്ടിരുന്ന കാലം പോയിമറഞ്ഞു. ഇന്ന് ഇസ്‌ലാമികതത്വങ്ങളെ എതിർക്കുന്നതിൽനിന്ന് വിമതസ്ഥർ പിന്മാറുന്ന നിലയിലായിരിക്കുന്നു. തന്നെയുമല്ല, അഹ്‌മദിയ്യാ ജമാഅത്ത് തങ്ങളുടെ ഇമാമിന്റെ നേതൃത്വത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും ഇസ്‌ലാമികപതാക ഉയർത്തിക്കൊണ്ട് സത്യപ്രബോധനം നടത്തുകയും ചെയ്യുന്നു. കോടിക്കണക്കിലുള്ള മുസ്‌ലിംകൾക്ക് സാധിക്കാത്ത ഈ പ്രവൃത്തി ഇവർക്ക് സാധിക്കുമാറായിരിക്കുന്നത്, ഏതൊരു സ്ഥാപനംവഴി സത്യവിശ്വാസികളുടെ മതത്തെ ബലപ്പെടുത്തുകയും, അവരുടെ ഭയത്തെ കളഞ്ഞു അവർക്ക് സമാധാന മനഃസ്ഥിതി ഉണ്ടാക്കുകയും ചെയ്യുമെന്ന് മേൽപറഞ്ഞ ഖുർആൻവാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്നുവോ ആ ഖിലാഫത്ത് ഈ ജമാഅത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടുതന്നെയാണ്.

**ശിർക്കിൽനിന്ന് ശുദ്ധം**

ഖിലാഫത്തിന്റെ അനുഗ്രഹം ലഭിച്ചവരെക്കുറിച്ച് പറഞ്ഞിരിക്കുന്നത് 'അവർ എന്നോട് യാതൊന്നിനേയും പങ്കുചേർക്കാതെ എന്നെത്തന്നെ ആരാധിക്കുന്നതാണ്' എന്നാകുന്നു. ഈ ലക്ഷണവും ഇന്ന് അഹ്‌മദികളിൽതന്നെയാണ് പൂർത്തിയായിക്കാണുന്നത്. അഹ്‌മദികൾ ഇതരമുസ്‌ലിംകളെ അപേക്ഷിച്ച് കൂടുതൽ മതനിഷ്ഠയുള്ളവരും മതശാസനകളനുസരിച്ച് ജീവിക്കുന്നവരുമാണെന്ന വസ്തുതയെ നിഷ്പക്ഷബുദ്ധികളായ ഇതരന്മാർതന്നെ സമ്മതിക്കുന്നുണ്ട്. എന്നുമാത്രമല്ല, മുസ്‌ലിംകൾ പൊതുവെ ലൗകികമായ നേട്ടങ്ങൾക്കും രാഷ്ട്രീയമായ അധികാരലബ്ധിക്കുംവേണ്ടിമാത്രം സംഘങ്ങൾ സ്ഥാപിക്കുകയും മുറവിളികൂട്ടുകയും ചെയ്യുന്ന ഈ കാലത്ത് ഇസ്‌ലാംമതത്തെ പ്രചരിപ്പിക്കുന്നതിനും തൽസിദ്ധാന്തങ്ങളുടെ സത്യത്തെ സ്ഥാപിക്കുന്നതിനുംവേണ്ടി വ്യവസ്ഥിതമായ രീതിയിൽ പരിശ്രമിക്കുന്നത് അഹ്‌മദിയ്യാ ജമാഅത്ത് മാത്രമാണ്. ഇതേ പ്രകാരംതന്നെ അല്ലാഹുവിനോട് യാതൊന്നിനേയും പങ്കുചേർക്കാതെ യഥാർത്ഥ ദൈവവിശ്വാസത്തെ പുലർത്തുന്നവരും അവർതന്നെയാണ്. ശിയാ സുന്നികളാണെങ്കിൽ പലതരത്തിലുള്ള 'ശിർക്കി'ലും- സൃഷ്ടിപൂജാപരമായ പ്രവൃത്തിയിലും- പൂണ്ടുകിടക്കുകയാണ്. ഉൽപതിഷ്ണുക്കളെന്ന് പറയുന്നവരാകട്ടെ സന്ദർഭം പോലെ ശിർക്കുപരമായ കാര്യങ്ങളിൽ മറ്റുള്ളവരോടൊപ്പം പങ്കുകൊള്ളുകയും ഔല്യാക്കന്മാർക്ക് പകരം ഈസാനബിക്ക് ദൈവികത്വം കല്പിക്കുകയും ചെയ്തുകൊണ്ട് ഏകദൈവവിശ്വാസത്തിന് വിപരീതം പ്രവർത്തിക്കുന്നു. ഇവരിലൊന്നും പെടാത്തവരാകട്ടെ, മതവും മതവിശ്വാസവും വെറും വിനോദമെന്നോണം കരുതി വർത്തിക്കുന്നവരുമാണ്. ഇവർ മുസ്‌ലിംസമുദായത്തിൽപെട്ടവരായതുകൊണ്ട് തങ്ങളും മുസ്‌ലിംകളാണെന്ന് പറയുന്നുവെന്നല്ലാതെ അവർക്ക് ജീവിതത്തിൽ ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. ഇവരുടെ 'ദീനും ഈമാനു'മെല്ലാം ലൗകികനേട്ടവും അതിനെ സംബന്ധിച്ച് ചിന്തയും മാത്രമാണ്. ഈ വസ്തുത മുസ്‌ലിംനേതാക്കന്മാരും വിദ്വാന്മാരും സമ്മതിക്കുകയും ഉച്ചൈസ്തരം ഘോഷിക്കുകയും ചെയ്യുന്നുണ്ട്. ചുരുക്കത്തിൽ, ദൈവത്തോട് യാതൊന്നിനേയും പങ്കുചേർക്കാതെ അവനെമാത്രം ആരാധിക്കുന്നവരാണെന്ന ലക്ഷണം ഇന്ന് അഹ്‌മദിയ്യാ ജമാഅത്തിലാണ് നിവൃത്തിയായിക്കാണുന്നത്. അതുകൊണ്ട് ഖിലാഫത്തിന്റെ അവകാശികളും അവർ തന്നെയാണ്.

**മൗലാനാ ആസാദ് പറയുന്നു**

"ഖിലാഫത്തിനെ നിഷേധിക്കുന്നവരെക്കുറിച്ച് അവർ അധർമ്മികളാകുന്നു" എന്ന് മേപ്പടി ആയത്തിന്റെ അവസാനത്തിൽ പറഞ്ഞിരിക്കുന്നത്, ദൈവഭയവും നീതിബോധവുമുള്ള ഓരോരുത്തരും ചിന്താവിഷയമാക്കേണ്ടതാണ്. ഖലീഫയെ സ്വീകരിക്കേണ്ടത് അത്യാവശ്യകമാണെന്നും സ്വീകരിക്കാത്തപക്ഷം മുസ്‌ലിംകൾക്ക് മോക്ഷവും ക്ഷേമവും ഉണ്ടാകുന്നതല്ലെന്നും ആണ് ഖുർആൻ പഠിപ്പിക്കുന്നത്. ഖലീഫയോടുള്ള അനുസരണത്തിന്റെ ആവശ്യകതയെക്കുറിച്ച് മൗലാനാ അബുൽകലാം ആസാദ് തന്റെ 'മസ്അലയെ ഖിലാഫത്ത്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:

"വ്യക്തിഗതമായും വിശ്വാസസംബന്ധമായും പ്രവൃത്തിപരമായുമുള്ള ജീവിതങ്ങൾക്ക് ഓരോ കേന്ദ്രമുള്ളതായി കാണുന്നപ്രകാരംതന്നെ സാമുദായികവും മതപരവുമായ ജീവിതത്തിനും കേന്ദ്രമായിരിക്കുന്ന ഒരു ശക്തി ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. അതിൻവണ്ണം അങ്ങനെയുള്ള ഒരു കേന്ദ്രം നിശ്ചയിക്കപ്പെട്ടിട്ടുമുണ്ട്. സമുദായമാകമാനം ആ കേന്ദ്രത്തിനു ചുറ്റുമുള്ള വൃത്തമായിട്ടാണ് പരിഗണിക്കപ്പെട്ടിരിക്കുന്നത്. ആ കേന്ദ്രശക്തിയോട് ഒരു പ്രത്യേക ബന്ധവും അനുസരണവും പരിപൂർണ്ണനിലയിൽ അതിനോട് വണക്കവും കാണിക്കയും, അതിന്റെ വിളി കേൾക്കയും, അതിന്റെ ആജ്ഞാനുസരണം ജീവനും ധനവും ചെലവഴിക്കയും ചെയ്കയെന്നത് എല്ലാ മുസ്‌ലിമിന്റേയും ധർമ്മമായി വിധിക്കപ്പെട്ടിരിക്കുന്നു. ഈ ധർമ്മത്തെ അനുഷ്ഠിക്കുന്നതുമൂലമല്ലാതെ അജ്ഞാനാന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്ക് വരുവാൻ

സാധിക്കുന്നതല്ല. ഇസ്‌ലാമിൽ ഈ സാമുദായിക കേന്ദ്ര ശക്തിക്കു 'ഖലീഫ' എന്നും 'ഇമാം' എന്നുമാണ് പറയുന്നത്. ഏതുവരെ ഈ കേന്ദ്രശക്തി അതിന്റെ സ്ഥാനത്തുനിന്ന് വ്യതിചലിക്കാതിരിക്കുന്നുവോ- ഏതുവരെ അതിന്റെ അനുശാസനകൾ ഖുർആനിനും സുന്നത്തിനും അനുസൃതങ്ങളായിരിക്കുന്നുവോ- അതുവരെ അതിനെ അനുസരിക്കയും സഹായിക്കയും ചെയ്കയെന്നത് അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുകയും സഹായിക്കുകയും ചെയ്യുന്നതുപോലെയാണ്." (*മസ്അലയെ ഖിലാഫത്ത്. ഭ.26*)

വീണ്ടും അദ്ദേഹം പറയുന്നു: ഹസ്റത്ത് ഇബ്നു ഉമറിന്റെ ഒരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു:

"ആരാണോ ഖലീഫയോടുള്ള അനുസരണത്തിൽനിന്ന് കൈവലിച്ചുകളയുന്നത്, അതായത് അനുസരണക്കേട് കാണിക്കുന്നത്, അവൻ ന്യായവിസ്താരനാളിൽ ദൈവസന്നിധിയിൽ ഹാജരാകുന്നത് യാതൊരു രക്ഷാമാർഗ്ഗവുമില്ലാത്ത അവസ്ഥയിലായിരിക്കും. ഖലീഫയോടുള്ള ബയ്അത്തും അനുസരണവുമാകുന്ന ബന്ധംകൂടാതെ ഏതൊരു മുസ്‌ലിം ഐഹികവാസം വെടിയുന്നുവോ അവൻ തീർച്ചയായും ജാഹിലിയ്യത്തിന്റെ (അവിശ്വാസത്തിന്റെ) മരണം വരിക്കുന്നതാണ്.'

'യാതൊരുവൻ ജമാഅത്തിൽനിന്ന് പിരിഞ്ഞു നിൽക്കുന്നുവോ അവൻ ഇസ്‌ലാമികവൃത്തത്തിൽ നിന്നും പുറത്തായവനായിരിക്കും.'(*തിർമദി*) ഒരു രിവായത്തിൽ '***ദഖലന്നാർ***' എന്നാണുള്ളത്. അതായത്, ആര് ഖലീഫയോടുള്ള അനുസരണത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നുവോ അവന്റെ സങ്കേതം നരകമായിരിക്കും' എന്നതുതന്നെ." (*മസ്അലയെ ഖിലാഫത്ത്, ഭാ. 31-32*)


ഖലീഫയെ കൈക്കൊള്ളുകയും ഖലീഫയുടെ കല്പനകൾക്ക് പൂർണ്ണമായി വഴങ്ങുകയും ചെയ്യേണ്ടത് ഇസ്‌ലാമികദൃഷ്ട്യാ എത്രത്തോളം ആവശ്യമാണെന്നും ഖലീഫയെ സ്വീകരിച്ചിട്ടില്ലാത്തവരുടെയും ഖലീഫയുടെ കല്പനകളെ ധിക്കരിച്ചിരിക്കുന്നവരുടെയും അന്ത്യം എത്തരത്തിലുള്ളതായിരിക്കുമെന്നും മേൽഉദ്ധാരണത്തിൽനിന്ന് നല്ലപോലെ മനസ്സിലാക്കാവുന്നതാണ്. ആകയാൽ, ഖിലാഫത്തുമായി എപ്പോഴും ബന്ധപ്പെട്ടു നിൽക്കേണ്ടത് ഒരു യഥാർത്ഥ മുസ്‌ലിമിന്റെ ഒഴിച്ചുകൂടാത്ത ചുമതലയത്രെ. ●

## പുസ്തകപ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അറിയിപ്പ്

ജമാഅത്തിലെ ഏതെങ്കിലും വ്യക്തി പുസ്തകം പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ പുസ്തകത്തിന്റെ കൈയെഴുത്ത് കോപ്പി നസാറത്ത് നശ്റോ ഇശാഅത്തിൽ അയച്ച് അനുവാദം വാങ്ങേണ്ടത് നിർബന്ധമാണ്. അനുവാദം കൂടാതെ ഒരു പുസ്തകവും പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല. വെളിയിലുള്ള ഏതെങ്കിലും രാജ്യത്തെ ജമാഅത്തോ, അമീറോ ഏതെങ്കിലും പുസ്തകം പ്രസിദ്ധീകരിക്കാൻ അനുവാദം നല്കിയാലും അവർ കൈയെഴുത്തുകോപ്പി നശ്റോ ഇശാഅത്തിലേക്ക് അയച്ചുകൊണ്ട് ഇന്ത്യയിൽനിന്ന് ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ അനുവാദം വാങ്ങേണ്ടതാണ്. ഇന്ത്യയിൽനിന്ന് ആരെങ്കിലും ഏതെങ്കിലും പുസ്തകം പുനഃപ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുകയാണെങ്കിലും അനുവാദം വാങ്ങേണ്ടത് നിർബന്ധമാണ്. ഏതെങ്കിലും പുസ്തകം തർജ്ജമ ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ തർജ്ജമ തുടങ്ങുന്നതിനു മുമ്പേ നശ്റോ ഇശാഅത്തിന്റെ ഖാദിയാനിലെ ഓഫീസിൽനിന്ന് അനുവാദം വാങ്ങേണ്ടതാണ്. ജമാഅത്തംഗങ്ങൾ ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

*നാസിർ നശ്റോ ഇശാഅത്ത്, ഖാദിയാൻ*

## പ്രൊ. ബി. മഹ്മൂദ് അഹ്മദ് പ്രസിദ്ധീകരണവിഭാഗം സദ്ർ



കേരളത്തിലെ പുസ്തകപ്രസിദ്ധീകരണ കമ്മിറ്റിയുടെ സദ്ർ ആയി പ്രൊ. ബി. മഹ്മൂദ് അഹ്മദ് സാഹിബിനെ നാസിർ സാഹിബ് നശ്റോ ഇശാഅത്ത് നിയോഗിച്ചിരിക്കുന്നു. പുസ്തക പ്രസിദ്ധീകരണ സംബന്ധമായ എല്ലാ ചുമതലകളും ഇനിമുതൽ അദ്ദേഹത്തിനായിരിക്കും. ബി.ബി. അഹ്മദ് കബീർ (സെക്രട്ടറി), പി.പി. നാസിറുദ്ദീൻ, പി.എം. ബശീർ, കെ.എം. സലീം എന്നിവരാണ് അംഗങ്ങൾ. നിലവിലുള്ള റിവ്യൂകമ്മിറ്റി തന്നെയായിരിക്കും തുടർന്നും പ്രവർത്തിക്കുക എന്നും നാസിർ സാഹിബ് അറിയിച്ചു.

## തബ്‌ലീഗ് യോഗം

മോഗ്രാൽ: മോഗ്രാൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 13, 14 തിയ്യതികളിൽ പൊതുയോഗം സംഘടിപ്പിച്ചു. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി മുബാറക്ക് അഹ്മദ് സാഹിബിന്റെ വീട്ടിൻമുറ്റത്തും പള്ളി അങ്കണത്തിലുമാണ് യോഗം സംഘടിപ്പിച്ചത്. വീടുകളിലിരിക്കുന്ന പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും ഉദ്ദേശിച്ചുകൊണ്ടാണ് ഇത്തരം ഒരു സന്ദർഭം ഒരുക്കിയത്. തികച്ചും ശാന്തമായ ഒരന്തരീക്ഷത്തിൽ നടന്ന പ്രസംഗപരിപാടി പരിസരവാസികളായവർ ശ്രദ്ധയോടെ ശ്രവിക്കുകയുണ്ടായി. രണ്ട് ദിവസവും മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബാണ് പ്രസംഗിച്ചത്. ആദ്യദിവസം മേഖലാ അമീർ കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബും രണ്ടാം ദിവസം മോഗ്രാൽ ജമാഅത്ത് പ്രസിഡന്റ് മുത്തീയുല്ലാഹ് സാഹിബും അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചു.

**ലേഖനം**

ടി. ശംസുദ്ദീൻ, കണ്ണൂർ

# വാഗ്ദത്ത പരിവർത്തനകാരി

(തുടർച്ച)

**ശുദ്ധിപ്രസ്ഥാനത്തിനെതിരെ**

ഇന്ത്യയിലെ മുസ്‌ലിംകളെ കൂട്ടമായി മതപരിവർത്തനം ചെയ്യിച്ച് ഹിന്ദുക്കളാക്കി മാറ്റുന്നതിനുള്ള ഒരു പദ്ധതി ഹിന്ദുനേതാക്കന്മാർ ആസൂത്രണം ചെയ്യുകയും അതിന്നായി 1923-ൽ ശുദ്ധിപ്രസ്ഥാനം ആരംഭിക്കുകയുണ്ടായി. ഉത്തർപ്രദേശിൽ മൽഖാനയിലെ മുസ്‌ലിംകളെയാണ് ഇപ്രകാരം മതം മാറ്റാൻ ശ്രമിച്ചത്. വളരെ വിപുലമായ ഒരു പദ്ധതിയാണ് ഇവർ ആസൂത്രണം ചെയ്തിരുന്നത്. വിശ്വാസത്തകർച്ച നേരിട്ട നാമമാത്ര മുസ്‌ലിംകളെ മതപരിവർത്തനം ചെയ്യിച്ചതോടൊപ്പംതന്നെ മുസ്‌ലിംപണ്ഡിതന്മാരേയും ഹിന്ദുമതാനുയായികളാക്കാൻ അവർക്ക് സാധിച്ചു. എന്നാൽ, ഈ പദ്ധതിയെ തന്ത്രപരമായി തടയുന്നതിനുള്ള ഒരു ഉപായവും മുസ്‌ലിം നേതൃത്വത്തിനില്ലായിരുന്നു. അവർ പരാജയം സമ്മതിച്ചു. എന്നാൽ ഈ സന്ദർഭത്തിൽ ഇസ്‌ലാമിന്റെ രക്ഷകനായി മഹാവിപ്ലവകാരിയായ മുസ്‌ലിഹ് മൗഊദ് ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) രംഗപ്രവേശനം ചെയ്തു. ശുദ്ധിപ്രസ്ഥാനക്കാരുടെ തന്ത്രങ്ങൾ പ്രതിരോധിക്കാനായി അദ്ദേഹം സന്നാഹമൊരുക്കി. ഇസ്‌ലാമികാദ്ധ്യാപനങ്ങൾ പൂർവ്വാധികം ഊർജ്ജസ്വലതയോടെ പ്രചരിപ്പിക്കുന്നതിന്നായി അദ്ദേഹം ജമാഅത്തിലെ നൂറ്റമ്പതു പേരെ തിരഞ്ഞെടുത്തു. അവർക്കാവശ്യമായ പരിശീലനം നല്കി. മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ സന്നദ്ധസേന ശുദ്ധിപ്രസ്ഥാനക്കാരുടെ പ്രവർത്തനങ്ങളെ വാദപ്രതിവാദങ്ങളിലൂടെയും മറ്റും തടയിട്ടു. മുസ്‌ലിം മതപരിവർത്തനം ചെയ്യപ്പെടുന്നത് തടഞ്ഞതോടൊപ്പംതന്നെ ഹിന്ദുമതവിശ്വാസികളെ ഇസ്‌ലാമിലേക്ക് ആകർഷിക്കാനും ഈ പ്രവർത്തനങ്ങൾക്കായി. മുസ്‌ലിംകളുമായി സന്ധിസംഭാഷണം നടത്താൻ ഇത് ശുദ്ധിപ്രസ്ഥാനക്കാരെ നിർബന്ധിതരാക്കി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ത്യാഗപൂർണ്ണമായ ഈ ഇസ്‌ലാമികപ്രവർത്തനം അനഹ്മദി മുസ്‌ലിംകളുടെ പ്രശംസക്കർഹമായി എന്നതാണ് വസ്തുത. ഇതുസംബന്ധിച്ചു 1923 ജനുവരി 24-ലെ സെമീന്ദാർ പത്രം ഇങ്ങനെയെഴുതി. "ഈ ഉദ്യമത്തിൽ പങ്കെടുത്ത അഹ്മദികൾ പ്രകടിപ്പിച്ച അർപ്പണബോധവും അനുകമ്പയും ആവേശവും ഏറ്റവും മഹത്തരമാണ്. ഓരോ മുസ്‌ലിമും ഇക്കാര്യത്തിൽ അഭിമാനം കൊള്ളുന്നു."

**നബിതിരുമേനി(സ)യോടുള്ള ആദരം**

മുസ്‌ലിഹ് മൗഊദ്(റ)ന് നബിതിരുമേനിയോട് അഗാധമായ ബഹുമാനാദരമാണുണ്ടായിരുന്നത്. അദ്ദേഹം രചിച്ച 'തിരുനബിചരിത്രം' എന്ന ഗ്രന്ഥം ഏറെ വിഖ്യാതമാണ്. അത് വായിക്കുന്ന ഏതൊരാളുടെയും മനസ്സിളകും എന്നത് തീർച്ച. പൊതുവെ ശാന്തനും സൗമ്യനുമായ മുസ്‌ലിഹ് മൗഊദ്(റ) നബിതിരുമേനിയെ ആക്ഷേപിക്കുന്നത് ഒരിക്കലുംതന്നെ പൊറുത്തില്ല എന്നതാണ് യാഥാർത്ഥ്യം.

1927-ൽ രാജ്പാൽ എന്നൊരാൾ നബി(സ)തിരുമേനിയെ അവഹേളിച്ചുകൊണ്ട് 'രങ്കീലാ റസൂൽ' എന്നൊരു കൃതി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ കൃതി വലുതായ പ്രതിഷേധങ്ങൾക്കിടയാക്കി. ഇതിന് മറുപടി നല്കാനാവാതെ അനഹ്മദി മുസ്‌ലിം നേതാക്കൾ സംഘർഷത്തിന്റെ പാത സ്വീകരിക്കുകയാണ് ചെയ്തത്. ഇത് രാജ്യത്ത് സമാധാനഭംഗമുണ്ടാക്കി. വൻതോതിലുള്ള വർഗ്ഗീയസംഘട്ടനം തന്നെ ഉണ്ടായേക്കാവുന്ന അവസ്ഥയോളമെത്തിയപ്പോൾ സർക്കാർ നടപടിയെടുക്കാൻ തയ്യാറായി. പഞ്ചാബ് സെഷൻസ് കോടതി രാജ്പാലിന് 1000 രൂപ പിഴയും ആറുമാസം തടവും നിശ്ചയിച്ചു. എന്നാൽ രാജ്പാൽ ഈ വിധിക്കെതിരെ ഹൈക്കോടതിയെ സമീപിച്ചു. രാജ്പാലിന്റെ വാദം കേട്ട ന്യായാധിപൻ ഒരു വിധിയിലൂടെ അയാളെ കുറ്റവിമുക്തനാക്കി. ഇന്ത്യൻ ശിക്ഷാനിയമം 153-ാം വകുപ്പ് മതാചാര്യരെ ശാരീരികമായി ആക്രമിക്കുന്നത് തടയാൻ മാത്രമേ അധികാരം നല്കുന്നുള്ളൂ എന്നാണ് ഈ വിധിക്ക് പിൻബലമായി ന്യായാധിപൻ ഉദ്ധരിച്ചത്. പക്ഷപാതപരമായ ഈ വിധി ഏറെ കോലാഹലം സൃഷ്ടിച്ചു. ഈ വിധിയെ ആക്ഷേപിച്ചുകൊണ്ട് 'മുസ്‌ലിം ഔട്ട്‌ലുക്ക്' എന്ന മാസികയുടെ എഡിറ്റർ സയ്യിദ് ദിലാവർ ശാഹ് ബുഖാരി ഒരു മുഖപ്രസംഗമെഴുതി. ഇദ്ദേഹം ഒരഹ്മദിയായിരുന്നു. ഈ മുഖപ്രസംഗത്തെ കോടതി ഒരു കോടതിയലക്ഷ്യമായി എടുക്കുകയും പത്രാധിപർക്കും മാസികയുടെ ഉടമ മൗലവി നൂറുൽ ഹക്കിനും നോട്ടീസയച്ചു. കോടതിയുടെ നോട്ടീസ് കൈപ്പറ്റിയ സയ്യിദ് ദിലാവർ ശാഹ് ഉപദേശത്തിനായി മുസ്‌ലിഹ് മൗഊദ്(റ)നെ സമീപിക്കാൻ തീരുമാനിച്ചു. അതിനായി അദ്ദേഹം ഖാദിയാനിലെത്തി. മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിച്ചതിനുശേഷം ഇങ്ങനെ പ്രതിവചിച്ചു.

"കോടതികളെ ബഹുമാനിക്കേണ്ടത് നമ്മുടെ കടമയാണ്. എന്നാൽ, നിങ്ങൾ മുസ്‌ലിംകളുടെ കണ്ണിലുണ്ണിയായ നബി(സ) തിരുമേനിയുടെ അന്തസ്സിനെ ചോദ്യം ചെയ്ത ഒരു ലേഖനത്തിനുള്ള മറുപടിയാണ് പ്രസിദ്ധം ചെയ്തിട്ടുള്ളത്. സത്യസന്ധമായ ഈ മുഖപ്രസംഗത്തിൽ അടിയുറച്ചുനില്ക്കേണ്ടത് നിർബന്ധമാണ്. നബി(സ) തിരുമേനിയോടുള്ള സ്നേഹബഹുമാനങ്ങളുടെ ഒരു പ്രശ്നമാണിത്. ഇതിനുനേരെയുള്ള ഒരാളുടെ പ്രസ്താവന കണ്ടില്ലെന്ന് നടിക്കാൻ നമുക്കാവില്ല. ഞാനൊരു നിയമവിദഗ്ദ്ധനല്ല അതിനാൽ നിയമോപദേശത്തിനായി ഒരു നിയമജ്ഞനെ കാണുന്നത് ഉചിതമായിരിക്കും. എന്നാൽ, നിങ്ങൾക്കുള്ള എന്റെ ഉപദേശമിതാണ്. ഒരു ന്യായാധിപന്റെ അഭി

മാനം സംരക്ഷിക്കാൻ വകുപ്പുണ്ടാവുകയും നബി (സ) തിരുമേനിയുടെ അന്തസ്സിനെ മാനിക്കാൻ വകുപ്പില്ലാതിരിക്കുകയുമാണെങ്കിൽ അതിനുവേണ്ടി ജയിലിൽ പോകാൻ തയ്യാറാണെന്ന് ധൈര്യസമേതം നിങ്ങൾ കോടതിക്ക് മറുപടി നല്കുക." (*അൽഫസൽ, 1.7.1927*)

ഈ സംഭവത്തെതുടർന്ന് നബിതിരുമേനിയുടെ ജീവിതമഹത്വം പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയ മുസ്‌ലിഹ് മൗഊദ്(റ) അതിനുവേണ്ടി നാടൊട്ടുക്കും നബികീർത്തനയോഗങ്ങൾ സംഘടിപ്പിക്കാനുള്ള നിർദ്ദേശം നൽകി. അതുവരെ പള്ളികളിലും വീടുകളിലും മൗലൂദ് പാരായണം നടത്തി നബിദിനം കൊണ്ടാടിയിരുന്ന ഭൂരിപക്ഷം മുസ്‌ലിംകൾക്ക് ഇതൊരത്ഭുതമായി. മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദ്ദേശപ്രകാരം അഹ്മദിയ്യാ ജമാഅത്ത് അന്നുമുതൽ നബികീർത്തനയോഗങ്ങൾ ലോകമൊട്ടുക്കും നടത്തിവരുന്നു. ഈ പാത പിന്തുടർന്നുകൊണ്ട് ഇതര മുസ്‌ലിംകളും ഇപ്പോൾ നബികീർത്തനയോഗങ്ങൾ സംഘടിപ്പിക്കാൻ ആരംഭിച്ചിരിക്കുന്നു എന്നത് വളരെയേറെ ആശാവഹമാണ്.

**സ്ത്രീകളോട് എന്നും ആദരം**

മുസ്‌ലിഹ് മൗഊദ്(റ) സ്ത്രീകളോട് എന്നും ആദരം കാണിക്കുകയും അവരോട് സൗമ്യമായി പെരുമാറുകയും ചെയ്തിരുന്നു. സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്നവരോട് യാതൊരു ദയാദാക്ഷിണ്യവും കാണിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. ഒരു ചരിത്രസംഭവം ഇതിനു സാക്ഷ്യമാണ്.

വാഗ്ദത്തപുത്രനെ സംബന്ധിച്ച സകല ലക്ഷണങ്ങളും തന്നിൽ പൂർത്തിയായിട്ടും ദൈവികമായ അറിയിപ്പ് ലഭിക്കാത്തതിനാൽ താനാണ് ആ പുത്രനെന്ന് 1944വരെ പ്രഖ്യാപിച്ചിരുന്നില്ല. മുസ്‌ലിഹ് മൗഊദ് വാഗ്ദത്ത മസീഹിന്റെ ഏതെങ്കിലും മകനാകാമെന്ന് 1937-ൽ അദ്ദേഹമെഴുതി. വാഗ്ദത്ത മസീഹിന്റെ പ്രവചനം മുഴുവനായും രണ്ടാം ഖിലാഫത്തുമായി ബന്ധപ്പെട്ടുണ്ടായ അനുഗ്രഹങ്ങളാൽ പുലരുകയും അഹ്മദികൾക്ക് മനസ്സിലാവുകയും ചെയ്തതാണ്. വാഗ്ദത്തം ചെയ്യപ്പെട്ട മുസ്‌ലീഹ് മൗഊദ് താൻ തന്നെയാണെന്ന് പ്രഖ്യാപിക്കാൻ നിരവധി അനുയായികൾ അദ്ദേഹത്തെ നിർബന്ധിച്ചുപോരുകയും ചെയ്തു. പക്ഷേ, ദൈവികമായ അറിയിപ്പ് വന്നെത്തുന്നതിന്നായി അദ്ദേഹം കാത്തിരുന്നു. ഒടുവിൽ അല്ലാഹുവിൽനിന്നുള്ള വ്യക്തമായ അറിയിപ്പ് വന്നെത്തി. അങ്ങനെ 1944-ൽ മുസ്‌ലിഹ് മൗഊദ് താൻ തന്നെയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വാഗ്ദത്തമസീഹിന്റെ വിഖ്യാതമായ ഈ പ്രവചനത്തിന്റെ പുലർച്ച പൊതുജനങ്ങൾക്കിടയിൽ പ്രഖ്യാപിക്കാൻ അദ്ദേഹം തീരുമാനിച്ചു. അതിന്നായി വാഗ്ദത്ത മസീഹുമായി ബന്ധപ്പെട്ട അഞ്ച് പട്ടണങ്ങളിൽ സമ്മേളനങ്ങൾ വിളിച്ചുകൂട്ടാൻ തീരുമാനിക്കപ്പെട്ടു. ഖാദിയാൻ, ലാഹോർ, ഡൽഹി, ഹോശിയാർപൂർ, ലുധിയാന എന്നീ സ്ഥലങ്ങളാണ് ആ പട്ടണങ്ങൾ. പ്രസ്തുത സമ്മേളനങ്ങളിൽ അഹ്മദികൾ വളരെയധികം അച്ചടക്കത്തോടെ പ്രാർത്ഥനാനിരതരായിക്കൊണ്ട് മാത്രമേ പങ്കെടുക്കാവൂ എന്ന് നിർദ്ദേശിക്കപ്പെട്ടു. രണ്ട് സമ്മേളനങ്ങൾ സമാധാനപരമായി കഴിഞ്ഞുകടന്നു. എന്നാൽ മൂന്നാമതായി ഡൽഹിയിൽ നടത്തിയ സമ്മേളനം ശത്രുക്കളുടെ ശക്തമായ എതിർപ്പുകളാൽ ശ്രദ്ധിക്കപ്പെട്ടു. 1944 ഏപ്രിൽ മാസത്തിലാണ് ഡൽഹി സമ്മേളനം ചേർന്നത്. പതിനായിരത്തോളം വരുന്ന അഹ്മദികൾ ഡൽഹിയിലെ ഒരു ഫുട്ബാൾ മൈതാനിയിൽ സമ്മേളനം ശ്രവിക്കാൻ ഒത്തുകൂടി. എന്നാൽ അതിലധികംവരുന്ന ശത്രുക്കൾ കയ്യിൽ കല്ലുകളും വടികളുമായി അഹ്മദികളെ വലയം ചെയ്തു. ഖലീഫയെ വധിക്കുമെന്നവർ ഭീഷണിമുഴക്കിക്കൊണ്ടിരുന്നു. അച്ചടക്കം പാലിക്കാൻ നിർദ്ദേശിക്കപ്പെട്ട അഹ്മദികൾ പക്ഷേ അനങ്ങിയില്ല. മുസ്‌ലിഹ് മൗഊദ്(റ) തന്റെ സ്വതസിദ്ധമായ ശൈലിയിൽ സ്ഥിരചിത്തത കൈവെടിയാതെ പ്രസംഗം തുടർന്നുകൊണ്ടിരുന്നു. ശത്രുക്കളോട് പ്രശ്നങ്ങളുണ്ടാക്കാതെ പിരിഞ്ഞുപോകാൻ പ്രസംഗമധ്യേ അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ അത് ചെവിക്കൊള്ളാതെ അവർ ആക്രമണത്തിന് തയ്യാറെടുത്തു. സ്ത്രീകളുടെ ഭാഗത്തേക്ക് കല്ലുകളും മറ്റും വലിച്ചെറിയാനവർ ആരംഭിച്ചു. ഇത്രയുമായപ്പോൾ ഖലീഫ ശത്രുക്കളെ ശ്രദ്ധിച്ചു. സ്ത്രീകളെ ആക്രമിക്കാൻ തുനിഞ്ഞപ്പോൾ ഇടപെട്ട് ശത്രുക്കളെ ഒതുക്കാൻ പോലീസിന് താക്കീത് നൽകി. പോലീസ് ഒരിക്കൽ കുതിരപ്പട്ടാളത്തെ അയച്ച് രംഗം ശാന്തമാക്കി. അക്രമികളെ നേരിടാൻ പോലീസിന് കഴിയുന്നില്ലെങ്കിൽ തന്റെ ആൾക്കാരെ ഇടപെടീക്കുമെന്ന് അദ്ദേഹം താക്കീത് നൽകി. രംഗം ശാന്തമാകുന്നില്ലായെന്ന് മനസ്സിലാക്കിയ അദ്ദേഹം തിരിച്ചടിക്കാൻ അഹ്മദികൾക്ക് നിർദ്ദേശം നൽകി. അതുവരെ തികഞ്ഞ അച്ചടക്കത്തോടെ സമ്മേളനം ശ്രവിക്കുകയായിരുന്ന അഹ്മദികളുടെ രൂപം മാറി. ഖലീഫയുടെ ഏതൊരു ആഹ്വാനവും ശിരസാവഹിക്കാൻ തയ്യാറായ അവർ ശത്രുക്കളുടെ നേരെ കുതിച്ചു. ഈ രംഗം കണ്ട ശത്രുക്കളിൽ പരിഭ്രാന്തിയുടലെടുത്തു. അവർ തിരിഞ്ഞോടി.

**രണ്ടാംലോകമഹായുദ്ധത്തിൽ ബ്രിട്ടന്റെ വിജയപ്രവചനം**

1939-ൽ രണ്ടാംലോക മഹായുദ്ധം ആരംഭിക്കുന്ന ഘട്ടത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ നേതൃത്വം മുസ്‌ലിഹ് മൗഊദ്(റ)ന്റെ കൈകളിലായിരുന്നു. ഈ സമയമാകുമ്പോഴേക്കും ഖിലാഫത്തിൽ അദ്ദേഹം 25 വർഷം പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. രണ്ടാം ഖിലാഫത്തിന്റെ രജതജൂബിലിക്കിടയിലാണ് യുദ്ധം ആരംഭിച്ചത്. ബ്രിട്ടനും സഖ്യകക്ഷികളും യുദ്ധത്തിൽ പരാജയപ്പെട്ടുകൊണ്ടിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യം അപ്പാടെ തകരുമെന്ന ഘട്ടംവരെയെത്തി. വിൻസ്റ്റൺ ചർച്ചിലിന് ബ്രിട്ടന്റെ കാര്യത്തിൽ വിശ്വാസം നഷ്ടപ്പെട്ടു. ഈ കാലഘട്ടത്തിൽ മുസ്‌ലിഹ് മൗഊദ്(റ) ഒരു മഹാപ്രഖ്യാപനം നടത്തി. ആത്മീയദർശനങ്ങളുടെ അടിസ്ഥാനത്തിലുള്ളതായിരുന്നു ആ പ്രവചനം. ബ്രിട്ടനും സഖ്യകക്ഷികളും ജയിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഇതുകേട്ട ലോകം അമ്പരന്നു. ജനങ്ങൾ ഈ പ്രഖ്യാപനത്തെ പരിഹസിച്ചു. എന്നാൽ അഹ്മദികൾക്ക് ഖലീഫയുടെ ഓരോ വാക്കിലും ദൃഢവിശ്വാസമായിരുന്നു.

അവർ ഇതിന്റെ ഒടുപുലർച്ച കാണാനായി തയ്യാറെടുത്തു. 1945-ൽ യുദ്ധം അവസാനിച്ചപ്പോൾ ലോകം ഞെട്ടി. പരിഹസിച്ചവർ അത്ഭുതപ്പെട്ടു. ജർമ്മനിയും ഇറ്റലിയും ജപ്പാനും സഖ്യകക്ഷികൾക്കു മുന്നിൽ കീഴടങ്ങി. മുസ്‌ലിഹ് മൗഊദ്(റ)ന്റെ വാക്കുകൾ അക്ഷരംപ്രതി പുലർന്നു. ദൈവം അവന്റെ ഇഷ്ടദാസർക്ക് രഹസ്യജ്ഞാനം നല്കുന്നു എന്നത് ഒരിക്കൽകൂടി തെളിയിക്കപ്പെട്ടു.

**കമ്മ്യൂണിസത്തിന്റെ തകർച്ച**

ഇസ്‌ലാമിന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക സിദ്ധാന്തങ്ങൾ മഹാവിപ്ലവം സൃഷ്ടിച്ചുകൊണ്ട് ദ്രുതഗതിയിൽ ലോകമാകമാനം മുന്നേറിയതിനുശേഷം സാമൂഹികവിപ്ലവ സിദ്ധാന്തവുമായി കുതിച്ചുകയറിയ ഒരു പ്രസ്ഥാനമാണ് കമ്മ്യൂണിസം. മനുഷ്യന്റെ സകല പ്രശ്നങ്ങളിലും ശ്രദ്ധയൂന്നിയുള്ള ഒരു ദർശനം മുന്നോട്ടുവച്ച തത്വചിന്തകൻ കാറൽ മാർക്സിന്റെ ഈ തത്വശാസ്ത്രം ജനങ്ങളെ ഏറെ ആകർഷിച്ചു. ഇരുപതാം നൂറ്റാണ്ടിൽ അത് വളരെ വേഗം മുന്നേറി. 1917-ലെ ഒക്ടോബർ വിപ്ലവത്തോടെ ഒരു സോഷ്യലിസ്റ്റു രാഷ്ട്രം റഷ്യയിൽ നിലവിൽ വന്നതോടുകൂടി ഈ പ്രസ്ഥാനം വിപ്ലവങ്ങളുടെ ഒരു പരമ്പരതന്നെ ലോകത്ത് സൃഷ്ടിച്ചു. ഈ തത്വസംഹിതയിലൂന്നിയ ഭരണക്രമത്തിലൂടെ റഷ്യ അതിവേഗം വളർന്നു. അതൊരു വമ്പിച്ച സാമ്പത്തിക സൈനിക ശക്തിയായി മാറ്റി. അമേരിക്കയെ വെല്ലുവോളം റഷ്യ വളർന്നു. അങ്ങനെ ലോകത്തിൽ രണ്ടുചേരികൾ തന്നെ സൃഷ്ടിക്കപ്പെട്ടു. കമ്മ്യൂണിസം ലോകം മുഴുവനും കീഴടക്കുമെന്ന ഒരു പ്രതീതി ഉടലെടുത്തു. ഈ സന്ദർഭത്തിൽ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ചരിത്രപ്രസിദ്ധമായ ഒരു പ്രവചനം നടത്തി. കമ്മ്യൂണിസം തീർത്തും തകരുമെന്ന് അദ്ദേഹം ലോകത്തോട് പ്രഖ്യാപിച്ചു. 1942-ൽ നവലോകക്രമം എന്ന വിഷയത്തെ സംബന്ധിച്ച് ഒരു പ്രസംഗം ചെയ്തുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു.

"കമ്മ്യൂണിസ്റ്റ്‌വ്യവസ്ഥിതി തകരാൻ തുടങ്ങുമ്പോൾ അതിന്റെ വീഴ്ച പെട്ടെന്നായിരിക്കുമെന്നും അത് വലുതായ കുഴപ്പത്തിനു കാരണമായിരിക്കുമെന്നതുമാണ്. അത് തകരാൻ തുടങ്ങുമ്പോൾ മുഴുവൻ സംവിധാനവും തകർന്നു തരിപ്പണമാവുകയെന്നതാവും ഫലം. പിന്നെ ഏകാധിപത്യം തന്നെയാണ് തുടർന്നുണ്ടാവുക."

ഈ പ്രവചനത്തിന്റെ പൂർത്തീകരണം ലോകം കണ്ടു. കമ്മ്യൂണിസം തകർന്നു. സോവിയറ്റ് യൂനിയൻ തന്നെയില്ലാതായി. ലോകത്തെങ്ങുനിന്നും തൊഴിലാളിവർഗ്ഗ ഭരണം അപ്രത്യക്ഷമായി. റഷ്യ ഇന്ന് അമേരിക്കക്കൊത്ത് നീങ്ങുന്നു. പക്ഷേ, പ്രവചനപ്രകാരം അവർ വീണ്ടും ഉയിർത്തെഴുന്നേൽക്കുമെന്ന് തീർച്ച. അവർ വീണ്ടും ഏകാധിപത്യത്തിലൂടെ ആധിപത്യം സ്ഥാപിക്കുന്നത് കാണാം. അപ്പോൾ ലോകം ഒരിക്കൽ കൂടി മുസ്‌ലിഹ് മൗഊദ്(അ)നെ അനുസ്മരിക്കുന്നതാണ്.

**വധശ്രമത്തിൽനിന്നും രക്ഷപ്പെടുന്നു**

മുസ്‌ലിഹ് മൗഊദ് ദീർഘായുഷ്മാനായിരിക്കുമെന്നും അദ്ദേഹത്തിനുമേൽ ദൈവത്തിന്റെ തണലുണ്ടായിരിക്കുമെന്നും വാഗ്ദത്ത മസീഹ്(അ)ന്റെ പ്രവചനത്തിൽ പറഞ്ഞിട്ടുണ്ട്. വാഗ്ദത്തപുത്രന്റെ ദീർഘായുസ്സിനുവേണ്ടി അദ്ദേഹം പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. വാഗ്ദത്തപുത്രനെ സംബന്ധിച്ച മറ്റെല്ലാ പ്രവചനങ്ങളും പുലർന്നത് കണ്ട ശത്രുക്കൾ 'ദീർഘായുഷ്മാനായിരിക്കുമെന്ന' പ്രവചനമെങ്കിലും പൊളിഞ്ഞുകാണാനാഗ്രഹിച്ചു. അതിന്നായി അവർ പരിശ്രമിച്ചുകൊണ്ടുമിരുന്നു. മുസ്‌ലിഹ് മൗഊദ്(റ)ന്റെ ജീവനപഹരിക്കാൻ ശത്രുക്കൾ പലവട്ടം ശ്രമിച്ചു. എന്നാൽ അല്ലാഹു എല്ലാ പഴുതുകളുമടച്ചു. അഹ്മദികൾ തങ്ങളുടെ ഖലീഫയുടെ ജീവന് ഏറെ വില കല്പിച്ചുകൊണ്ട് എന്നും ശ്രദ്ധയോടെ നിലകൊണ്ടു.

പാക്കിസ്ഥാനിലെ ഒന്നാമത്തെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം പരാജയപ്പെടുകയും സർ സഫറുല്ലാഖാൻ വിദേശമന്ത്രിയായിത്തീരുകയും ചെയ്തപ്പോൾ പ്രതികാരബന്ധരായ ശത്രുക്കൾ 1954 മാർച്ച് 10-ന് മുസ്‌ലിഹ് മൗഊദ്(റ)ന് നേരെ ഒരു വധശ്രമം നടത്തുവാൻ ഗൂഢപരിപാടിയുണ്ടാക്കി. അബ്ദുൽ ഹമീദ് എന്നൊരാളെ ഈ ഉദ്ദേശ്യത്തിനായി നേരത്തെതന്നെ റബ്‌വയിലേക്കയക്കുകയും സ്ഥിതിഗതികൾ നിരീക്ഷിക്കുകയും ചെയ്തു. ജമാഅത്തിനെക്കുറിച്ച് പഠിക്കാനെന്ന വ്യാജേനയാണ് അയാൾ റബ്‌വയിലെത്തിയത്. ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാനുള്ള ഒരു ശ്രമവും അയാൾ നടത്തി. എന്നാൽ, അയാളുടെ ശ്രമം പരാജയപ്പെട്ടു. ഒടുവിൽ മാർച്ച് 10-ന് ബുധനാഴ്ച അസർ നമസ്ക്കാരസമയം തന്റെ ഗൂഢപദ്ധതിക്കായി അയാൾ നിശ്ചയിച്ചു. കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യത്തിനായി അയാൾ പള്ളിയിലെ മുൻവരിയിൽതന്നെ ഇരുന്നു. അസർ നമസ്കാരം കഴിഞ്ഞ് ഖലീഫാതിരുമനസ്സ്കൊണ്ട് മിഹ്റാബിന്റെ വാതിലിലൂടെ പുറത്തേക്കുനീങ്ങി. പൊടുന്നനെ അക്രമി അദ്ദേഹത്തിനുമേൽ ചാടിവീണ് കഴുത്തിൽ കത്തി കുത്തിയിറക്കി. കുത്തിന്റെ ശക്തിയിൽ കത്തി കഴുത്തിൽ ആഴ്ന്നിറങ്ങി. എന്താണ് സംഭവിക്കുന്നതെന്ന് ഖലീഫാതിരുമനസ്സിന് മനസ്സിലായില്ല. അദ്ദേഹം സ്വന്തം കൈകൊണ്ട് മുറിവ് അമർത്തിപ്പിടിച്ചു. രക്തം ശക്തമായി പുറത്തേക്കുചീറ്റി. അദ്ദേഹം തളർന്നു വീഴുമെന്നായി. അംഗരക്ഷകർ അദ്ദേഹത്തെ താങ്ങിപ്പിടിച്ചു. അക്രമി രണ്ടാമതൊരിക്കൽകൂടി കുത്താനാഞ്ഞെങ്കിലും അംഗരക്ഷകർ അത് തടഞ്ഞു. ഖലീഫ തന്റെ വീട്ടിലെത്തി തളർന്നു കിടന്നു. ഉടൻതന്നെ അദ്ദേഹത്തിന്റെ മകൻ ഡോ. മിർസാ മുനവർ അഹ്മദ് സാഹിബ് മുറിവ് തുന്നിക്കെട്ടി. മറ്റൊരു മകൻ ഹസ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് ലാഹോറിൽനിന്നും സുപ്രസിദ്ധ സർജൻ ഡോ. റിയാസ് ഖാദറിനേയുംകൂട്ടി റബ്‌വയിലെത്തി. മുറിവ് പരിശോധിച്ച അദ്ദേഹം അടിയന്തിര ശസ്ത്രക്രിയക്ക് നിർദ്ദേശം നൽകി. അത് വിജയകരമായി നടത്തപ്പെട്ടു. അങ്ങനെ ശത്രുക്കളുടെ ഗൂഢതന്ത്രം ഒരിക്കൽകൂടി പരാജയപ്പെട്ടു. ആക്രമണസമയത്ത് 65 വയസ്സുണ്ടായിരുന്ന അദ്ദേഹം പിന്നീട് 12 വർഷംകൂടി ജീവിച്ചു.

●

# തങ്ങൾ സാഹിബ്
## ഭക്തിസാന്ദ്രമായ ജീവിതം

**(ആദരണീയനും പ്രിയങ്കരനുമായ നമ്മുടെ തങ്ങൾ സാഹിബ് വഫാത്താകുന്നതിന് ഏകദേശം ഒന്നരവർഷം മുമ്പേ മൗലവി മുഹമ്മദ് ഇസ്മായീൽസാഹിബ് ആലപ്പുഴ അദ്ദേഹത്തെ കാണാൻ പോയപ്പോൾ അവർ തമ്മിൽ നടന്ന സംഭാഷണം റെക്കോഡ് ചെയ്യുകയുണ്ടായി. ഭക്തിസാന്ദ്രമായ ആ ജീവിതം സത്യമിത്രം വായനക്കാർക്ക് പലരീതിയിലും പ്രയോജനപ്പെടുമെന്ന് മനസ്സിലാക്കി ഞങ്ങളത് അതേപോലെ പ്രസിദ്ധീകരിക്കുകയാണ്.)**

പഴയകാലം മുതലേ ഞങ്ങളുടെ കുടുംബം മുയ്‌ലിയാക്കന്മാരുടെ കുടുംബമാണ്. അന്ന് ഉപ്പാക്ക് വൈദ്യവുമുണ്ട്, അസ്മാഉമുണ്ട്. അതോടൊപ്പം അദ്ദേഹം പണ്ഡിതനുമാണ്. ഈ കുടുംബത്തിലെ മുഴുവൻ ആളുകളും ഇസ്‌ലാമികപണ്ഡിതന്മാരാണ്. ഉപ്പാപ്പ, ഉപ്പാപ്പന്റെ ജേഷ്ടന്മാർ അങ്ങനെ അറിഞ്ഞിടത്തോളം ആൾക്കാർ മുഴുവനും സുന്നിവിശ്വാസികളാണ്. അസ്മാഅ്, മൗലൂദ് തുടങ്ങിയ കാര്യങ്ങൾ ഉണ്ടെങ്കിലും ശരി, എനിക്ക് ചെറുപ്പം മുതലേ മുജാഹിദുമായിട്ടായിരുന്നു ബന്ധം. അൽമുർശിദ് വായിക്കും. അന്ന് അറബിമലയാളഭാഷയിലാണ് പ്രസിദ്ധീകരിച്ചിരുന്നത്. അതിലധികവും സി.എന്നും, എൻ.സി.സി. മൗലവിമാരും ഒക്കെ എഴുതുന്ന ലേഖനങ്ങളാണ് വരാറുള്ളത്. അഹ്മദിയ്യത്തിനെക്കുറിച്ച് ആരെങ്കിലുമൊക്കെ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. എന്നല്ലാതെ അഹ്മദികളെക്കുറിച്ച് എനിക്കൊരു പരിചയവുമില്ല. എനിക്കൊരു ബന്ധവുമില്ല. എവിടെയാണ് ഉള്ളതെന്നും അറിയില്ല. മുസ്‌ലിംകളില് ഇപ്പഴും ഒരു സിനിമ നടിക്കുന്ന അബ്ദുൽഖാദറുണ്ടല്ലൊ, അപ്പോൾ ഇസ്‌ലാമികൾക്ക് സിനിമ നടിക്കാൻ പാടുണ്ടോ എന്നൊക്കെ ആരെങ്കിലും എന്നോട് ചോദിച്ചാല്, അത് ഖാദിയാനിയായിരിക്കും എന്ന് പറയും ഞാന്. എന്റെ സ്വന്തം ഫത്‌വ അതാണ്. വെഡക്ക് ചെയ്യുന്നവർ ഖാദിയാനികളാണ്. അതല്ലാതെ എനിക്കവരുമായിട്ട് യാതൊരു ബന്ധവുമില്ല. ഇത് കാണാപാഠം പറയുന്ന സ്വഭാവമാണ്. എന്തായാലും ഞാൻ അങ്ങനെ മുജാഹിദായി പിടിച്ചിരുന്ന്, പക്ഷേ, ഞങ്ങളുടെ കുടുംബത്ത് പണ്ഡിതന്മാരും ആളുകളുമൊക്കെയുണ്ടെങ്കിലും ശരി എനിക്കീ ദീനിയായിട്ട് ഒന്നും അറിയില്ല. കുറേമുമ്പേ വാപ്പയും മരിച്ചുപോയി. പിന്നെ അങ്ങനെയങ്ങ് സാധാരണ ജീവിച്ചുപോണ്. ഇതിന്റെ ഇടയ്ക്ക് മുജാഹിദ് ആശയം വന്നെങ്കിലും, നദ്‌വത്തുൽമുജാഹിദിന്റെ മെമ്പറാണെങ്കിലും വലിയ തീവ്രപ്രവർത്തനങ്ങളൊന്നുമില്ല. നോമ്പുനോല്ക്കും. സൗകര്യമുള്ളപ്പോഴൊക്കെ നിസ്കരിക്കുന്നുമുണ്ട്. നോമ്പ് വിടാതെ പിടിക്കണമെന്ന ചന്തയൊന്നുമില്ല. കൂട്ടം കൂടുമ്പോൾ നിസ്കരിക്കുമല്ലോ. സൗകര്യമുള്ളപ്പോൾ ചെയ്യും. അങ്ങനെയൊക്കെയുള്ള ഒരു നിസ്കാരമായിരുന്നു. ഇതിന്റെയിടയ്ക്ക് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ തൊഴിലാളി ഫ്രണ്ടുമാരുമായി കുറച്ചുകാലം നടന്നു. അതില് ഞാനൊരു സെക്രട്ടറിയൊക്കെയായി കുറച്ചുനാൾ പ്രവർത്തിച്ചു. കാരണം പെട്ടെന്നൊരു സ്ട്രൈക്ക് ഇവിടെയുണ്ടാക്കേണ്ടിവന്നു. ഞാനായിരുന്നു അതിന്റെ ആള്. എന്നെ ആ സ്ട്രൈക്കിന്റെ സെക്രട്ടറിയാക്കുക തന്നെ ചെയ്തു ആൾക്കാര്. രാജാമുതലാളിയുടെ വീട്ടിന്റെ മുന്നിൽതന്നെ സ്ട്രൈക്കൊക്കെ ചെയ്യിച്ചിട്ടുണ്ട് ഞാൻ. പിക്കറ്റിംഗ് ഒക്കെ നടത്തിയിട്ടുണ്ട്.

അങ്ങനെയൊരു കാലത്ത് പെട്ടെന്നെനിക്ക് തോന്നി, നമ്മളിപ്പോൾ ഒന്നും പഠിച്ചില്ല. ദീനിനെക്കുറിച്ച് ഏതെങ്കിലുമൊന്ന് പഠിക്കാണ്ട് ദീനിന് വലിയ എതിർപ്പ് നമ്മൾ പറഞ്ഞിട്ട് കാര്യമില്ല. അങ്ങനെയൊരു ബുദ്ധി വന്ന്. ഓതാൻ പോയി. ഞങ്ങളുടെ അയലത്തൊരു ഖത്തീബ് മുഹമ്മദ് മുസ്‌ലിയാര് എന്നു പറയും, അങ്ങേരുടെ മകൻ കാതിരുണ്ണീക്ക എന്നാണ് ഞങ്ങൾ വിളിക്കുക. നല്ലവണ്ണം പഠിച്ചിട്ടുള്ള ആളാണ്. അദ്ദേഹത്തോട് എനിക്ക് കുറച്ച് കിതാബ് പഠിക്കണമെന്ന് ഞാൻ പറഞ്ഞു. ഹാ, പള്ളിക്കലേക്ക് വായോ, ഞാൻ ചൊല്ലിത്തരാമെന്ന് അദ്ദേഹം പറഞ്ഞു. അന്ന് ദർസൊന്നുമില്ല അബടെ. അങ്ങനെ ആദ്യംതന്നെ ബാബുമഅ്രിഫത്തുസ്സുഗ്റ എന്ന പത്തികിതാബിന്റെ ആദ്യത്തെ കിതാബ് ചൊല്ലിത്തന്ന്. അതിൽ നബി(സ)യോട് ജിബ്‌രീൽ വന്ന് ചോദിച്ചത് മുസ്‌ലിമിലെ ആ ഹദീസുണ്ടല്ലൊ, അത് വായിച്ചു. അതിൽ അവസാനം പറഞ്ഞ ഖിയാമത്തിനെപ്പറ്റി ചോദിച്ചപ്പോ ഈ ചോദിക്കുന്ന ആളെക്കാൾ വിവരമുള്ള ആളല്ല ചോദിക്കപ്പെടുന്ന ആള് എന്ന് നബി(സ) ജിബ്‌രീലിനോട് പറഞ്ഞ്. അതിന്റെ അലാമത്തുകൾ ചോദിച്ചപ്പോൾ അലാമത്തുകളും പറഞ്ഞു. അന്ന് ഞാനത് അദ്ദേഹത്തോട് ചോദിച്ചു, ഖിയാമത്ത് എന്നുപറഞ്ഞാല്, ഇപ്പോ ഇവിടെ പല സാധനങ്ങളും ഇടിഞ്ഞ്പൊടിഞ്ഞ് വീഴുകയും അതിന്റെ അവശിഷ്ടങ്ങൾ ബാക്കിവരികയും ചെയ്യുന്നത് ഒരു നാശമാണ്. ആ നിലയിലാണോ? അതോ ഒന്നും അവശേഷിക്കാത്തവിധത്തിലുള്ള നാശമാണോ? അപ്പോ ഉസ്താദിന് അത് വ്യക്തമായിട്ട് പറയാൻ പറ്റുന്നില്ല. അപ്പോ എന്നോട് പറഞ്ഞ്, ഇതൊക്കെ ഒരാള് പറഞ്ഞിട്ടുണ്ട്. നമ്മുടെ പള്ളിയിലൊന്നും ആ കിതാബ് കാണാൻ പാടില്ല. പണ്ടൊരാള് ആ കിതാബ് ഇവിടെ കൊണ്ടുവെച്ചിരുന്നു. ഞാനതെടുത്ത് വീട്ടിൽ കൊണ്ടുപോയി ഇട്ട്. ആരാന്ന് ചോദിച്ചപ്പോ മിർസാ ഗുലാം എന്ന ഒരാളുണ്ടെന്ന് പറഞ്ഞു. അദ്ദേഹത്തെക്കുറിച്ച് മോശമായിട്ടാണല്ലൊ പറയുന്നതെന്ന് ഞാൻ പറഞ്ഞപ്പോൾ, ആദ്യം നല്ല കാര്യങ്ങളൊക്കെ പറഞ്ഞിരുന്നു, പിന്നീടദ്ദേഹത്തിന് പിരാന്തായി, പിന്നെ നബിയാണെന്ന് പറഞ്ഞുവെന്നും പറഞ്ഞു. അങ്ങനെ അതങ്ങോട്ട് അവസാനിച്ചു.

അപ്പോ എന്റെയുള്ളില് ഈ നബി വരാത്തതിലൊരു വിഷമമുണ്ട്. അത് പെട്ടെന്ന് നിർത്താനായിട്ടില്ലല്ലൊ. ഇബടെ ആകെ ബഹളമല്ലേ. പിന്നെയീ കച്ച

വടം നിർത്തിയതെന്താണെന്നുള്ളൊരു സമാധാനക്കേടുണ്ട്. അതിപ്പോ നമ്മളൊന്നും ചോദ്യം ചെയ്യാൻ പാടില്ലല്ലൊ. അങ്ങനെയിരിക്കുന്ന സമയത്താണ് കിതാബോതാൻ പോയിട്ട് ഇതൊക്കെ സംഭവിച്ചത്. അങ്ങനെ കിതാബോതി. അപ്പോ ഒരു കുഞ്ഞഹമ്മദ് മുസ്‌ലിയാർ എന്നു പറഞ്ഞിട്ട്– മുത്തവ്വലാണ് അദ്ദേഹം– ഇബടെ വന്നു. അദ്ദേഹത്തെ അന്ന് 17 രൂപാ ശമ്പളത്തിന് ഒരാൾ ഇബടെ നിയമിച്ച്. ഞാനീ ബീഡി തെറുക്കുന്ന കാരണം കുറച്ച് കാശൊക്കെ കിട്ടും. ഇദ്ദേഹത്തിന്റെ അവസ്ഥ എന്താണെന്നുവെച്ചാൽ, ഇദ്ദേഹത്തിന് ഉച്ചക്കൊരു ഭക്ഷണം കിട്ടും. വൈകിട്ടും ഒരു ഭക്ഷണം കിട്ടും. ഈ ബാക്കിയുള്ള സമയം മനുഷ്യനല്ലെ? ഒന്നും കുടിക്കാതെ ഉറങ്ങിയെണീക്കണം! ഈ 17 റുപ്പിയക്ക് എബ്ടന്നാ ഇതൊക്കെ കഴിക്കുക. അപ്പോ ഞാൻ കമ്പനിയിൽ പറഞ്ഞ്, തൊഴിലാളികൾക്ക് വേണ്ടി ഫണ്ട് പിരിക്കലുണ്ട്. ഷെഡ്ഡിൽ പണിയെടുക്കുന്ന ആളുകളോട് ഞാൻ പറഞ്ഞു നമ്മുടെ ഒരു മുസ്‌ലിയാരുണ്ട്. നമ്മെയിപ്പോ ഈ തൊഴിലാളിയും പ്രശ്നവുമൊക്കെ നടക്കുന്നുണ്ടെങ്കിലും ശരി, നമ്മൾ മറ്റുള്ളവരെ സഹായിക്കുന്നുമുണ്ടല്ലൊ. ഒരാഴ്ചയിൽ നമ്മൾ ഒരണവീതം എടുത്താൽ ഇദ്ദേഹത്തിന് മൂന്നാഴ്ച കഴിയും. ഇങ്ങനെ അദ്ദേഹത്തിന്റെ കാര്യം ഞാനവരോട് പറഞ്ഞപ്പോൾ അവരെല്ലാവരും തരാമെന്ന് സമ്മതിച്ചു. മുസ്‌ലിമും ക്രിസ്ത്യനും ഒക്കെതന്നു. ഒരണവെച്ചാണെങ്കിൽ 7 റുപ്പിക കിട്ടും. ഇദ്ദേഹത്തിന് ഒരു ദിവസത്തെ ആവശ്യം കൂടിവന്നാൽ കാലത്ത ചായ, നാശ്ത, വൈകിട്ട് ചായ– അരയണയാണ് ചായക്ക്– എല്ലാംകൂടി നാലണയാണ് വരിക. ഒരാഴ്ച പിരിച്ചെടുത്താൽ അദ്ദേഹത്തിന്റെ ആ ഒരു മാസത്തെ ചെലവ് നടക്കും. 7 റുപ്പിക കിട്ടുമല്ലൊ. അങ്ങനെയത് സാരമില്ല എന്ന നിലയ്ക്ക് ഇടയ്ക്കൊരാഴ്ച ഒരു പിരിവ് ഇതിനും വെക്കും.

അപ്പോ എന്നോട് ഈ മൗലവിക്ക് വലിയ ഇഷ്ടമായി. കുറച്ച് ഓതാൻ ചെന്നപ്പോ എന്നോട് പറഞ്ഞു നിങ്ങളൊരു കാര്യം ചെയ്യുക. നിങ്ങൾ നഹ്‌വും സർഫും പഠിക്കണം. ഞാൻ പറഞ്ഞ്, ഇപ്പോ അതൊന്നും പഠിക്കാൻ എനിക്ക് സമയമില്ല. ഞാനാകെ കൂടി ഉദ്ദേശിക്കുന്നത് ദീനിയാത്ത് അമലിയാത്ത് പഠിക്കലാണ്. അത് പഠിപ്പിച്ചുതന്നാൽ മതി. എന്നാപിന്നെ ഉംദ ഓതാമെന്ന് പറഞ്ഞു. ഉംദ ഓതാൻ തുടങ്ങിയപ്പോൾ അതിന്റെ ഇബാറത്തുകളൊക്കെ ഞാൻതന്നെ അങ്ങ് വായിക്കും. അപ്പോ എന്നോട് മൗലവി ചോദിച്ചു: എങ്ങനെയാണ് നിങ്ങളിത് വായിക്കുന്നത്? അങ്ങനെ വായിക്കണമെന്ന് തോന്നുമ്പോൾ ഞാനങ്ങോട്ട് വായിക്കുകയാണെന്ന് പറഞ്ഞു. അത് വലിയൊരു ഖുദ്റത്താണല്ലൊ. നിങ്ങൾ രണ്ട് കൊല്ലം എന്റെ കൂടെ പഠിച്ചാൽ ഞാൻ മുത്തവ്വല് പാസ്സാക്കിത്തരാമെന്ന് മൗലവി പറഞ്ഞു. ഞാൻ പറഞ്ഞു. ഞാനേതായാലും അതിന് പോണില്ല. എനിക്കിപ്പോ ഇത് പഠിച്ചാമതി. അങ്ങനെ കുറേ പഠിച്ചു. അതിൽ ഫറാഇളിന്റെ ഭാഗമെത്തി. ഈ സ്വത്ത് പങ്കുവെക്കലെ. അത് ഫറാഇളിന്റെ എല്ലാ കണക്കുകളും പറയണതാണ്. ഞാനിത് വളരെ ക്ലിയറായിട്ട് ബൈത്തൊന്നും പറയാതെതന്നെ പങ്കൊക്കെ പറയും. അപ്പോ അയാൾക്ക് വലിയ കാര്യമായി. എന്നോട് മൗലവി പറഞ്ഞു, 'നിങ്ങളിപ്പോ പഠിക്കേണ്ടത് ഇതൊന്നുമല്ല. അഖീദ പഠിക്കണം. നിങ്ങളുടെ ഈ ബുദ്ധിക്ക് നിങ്ങൾ ചിലപ്പോൾ വഴിതെറ്റിപ്പോകാൻ സാധ്യതയുണ്ട്. അതുകൊണ്ട് നിങ്ങൾ അഖീദ പഠിക്കുകതന്നെ വേണം.' എന്താണി പഠിക്കുന്നതെന്നൊന്നും എനിക്കറിയില്ല. അങ്ങോട്ട് പറഞ്ഞാമതി ഞാൻ പഠിച്ചോളാമെന്ന് പറഞ്ഞു. അപ്പോ മിൻഹാജ് ഓതാമെന്ന് മൗലവി പറഞ്ഞു. മിൻഹാജ് രണ്ടുണ്ടെന്നും പറഞ്ഞ്. രണ്ടേതാണെന്ന് ചോദിച്ചപ്പോൾ ഒന്ന് മിൻഹാജു കുബ്റ, ഒന്ന് മിൻഹാജു സുഗ്റ. രണ്ടും തമ്മിൽ എന്താ വ്യത്യാസമെന്ന് ചോദിച്ചപ്പോൾ ഈ സുഗ്റ എന്നുപറഞ്ഞാൽ അതിന്റെ മത്തനാണ്. മറ്റത് കുറച്ച് വിവരണമുണ്ടാകും. അപ്പോ ഞാൻ പറഞ്ഞു വിശദീകരണം വേണ്ട. ഉസ്താദ് മത്തൻ പഠിപ്പിച്ചുതന്നാൽമതി. അങ്ങനെ ഞാൻ ഓതാൻ തുടങ്ങി. അപ്പോ നാല് സിഫത്താണ്. മൊത്തം 44. അല്ലാഹുവിനെക്കുറിച്ചുള്ള 20 സിഫത്ത് ഉണ്ടായിരിക്കണമെന്നുള്ളത്. ഉണ്ടാകാൻ പാടില്ലാത്തത് 20. പിന്നെ നബിമാരെക്കുറിച്ച് 40 സിഫത്താണ്. ഉണ്ടായിരിക്കേണ്ട രണ്ട് ഗുണങ്ങള്. ഉണ്ടാകാൻ പാടില്ലാത്തത് രണ്ട് ഗുണങ്ങള്. അപ്പോ സത്യം പറയുക എന്നുള്ളതിന് നുണ പറയാൻ പാടില്ല എന്ന് പറഞ്ഞതുമാതിരിയാ അതിന്റെ കാര്യം. അപ്പോ അല്ലാഹുവിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോ, അല്ലാഹ് മുത്തക്കല്ലിമാണെന്ന ഭാഗം വന്നു. അപ്പോ അതിൽ പറയുന്നുണ്ട്, ***ലാ സൗത്തുൻ വലാ ഹുറൂഫുൻ*** അല്ലാഹു സംസാരിക്കുന്നതിന് ശബ്ദവുമില്ല, എഴുത്തുമില്ല. അത് കുഴപ്പമില്ല. ആയ്ക്കോട്ടെ എന്നു വിചാരിച്ച് ഞാൻ. അവിടെത്തന്നെ സൂറാ നിസാഇലെ ***കല്ലമല്ലാ ഹുമൂസാ തക്‌ലീമൻ*** എന്നു പറയുന്നുണ്ട്. അത് ആയത്തുദ്ധരിച്ചുകൊണ്ടാണ് പറഞ്ഞത്. അപ്പോ ഞാൻ ചോദിച്ചു ഈ അക്ഷരങ്ങൾ കൂടിയിട്ടാണല്ലോ വചനമുണ്ടാകുക. തക്‌ലീമനാണ്. കലിമയായിട്ട് സംസാരിച്ചെന്നാ പറയണത്. അപ്പോ വചനങ്ങളാണ്. തന്നെയുമല്ല, മൂസാ കേൾക്കണമല്ലോ? മൂസാ മനുഷ്യനാണ്. അപ്പോ ശബ്ദവും വേണം. അത് രണ്ടും അല്ലാഹ്ക്ക് പാടില്ല. എന്താ പാടില്ലാത്തത്? അല്ലാഹു അനിന്യാശ്രയനാണ്. അല്ലാഹുവിന്റെ സൃഷ്ടിയാണ് ശബ്ദവും എഴുത്തും. അതിനെ ആശ്രയിക്കാൻ പാടില്ല. അപ്പോ അതും ശരിയാണല്ലൊ. അപ്പോൾ നമ്മൾ എങ്ങനെ മനസ്സിലാക്കുമെന്ന് ചോദിച്ചു ഞാൻ. എനിക്കും അറിഞ്ഞൂടാ. മൊയ്‌ലിയാർക്കുമറിഞ്ഞൂടാ! ഇതെന്ത് പുലിവാലാണ്? ഇതൊന്ന് ഉള്ളിൽ തട്ടിക്കിട്ടണ്ടെ? എങ്ങനെ ഇപ്പ ഇത് നമ്മള് ഗ്രഹിക്കുക. ഞാനൊരു ദിവസം ചെന്നിട്ട് ചോദിക്കുമ്പോ, അത് സ്വപ്നമായിരുന്നെന്ന് പറഞ്ഞു. വചനങ്ങളായിട്ട് എന്ന് അല്ലാഹു പറയുമ്പോൾ പിന്നെ അങ്ങനെതന്നെയാണല്ലൊ വേണ്ടത്? വചനമില്ലാതെ പറ്റില്ലല്ലോ എന്ന് വിചാരിച്ച് വീണ്ടും മടങ്ങും. ചുരുക്കം പറഞ്ഞാൽ എന്റെ ഓതൽ അവിടംവെച്ച് അവസാനിച്ചു. പിന്നെ

അന്വേഷണമായി.

അങ്ങനെ ഞങ്ങളുടെ അവിടെത്തെ വലിയ പ്രഫസറും വലിയ വിജ്ഞാനിയുമായ ഒരാളെ അവർ കൊണ്ടുവന്നു. ഞാനയാളുടെ പേര് പറയുന്നില്ല. അദ്ദേഹം ഇപ്പളും വലിയ ആളുതന്നെയാണ്. നമുക്കിഷ്ടമുള്ള ആളാണ്. അദ്ദേഹത്തോട് 'ഞാൻ വെറുതെ നിന്നിരുന്നതാണ്. എനിക്കൊരു പ്രശ്നവുമുണ്ടായിരുന്നില്ല. ഇപ്പം ഞാൻ ഇങ്ങനെയൊരു സംഗതിയിൽ കുടുങ്ങിപ്പോയി. ഇതൊന്ന് ശരിയാക്കിത്തരണമെന്ന്' ഞാൻ പറഞ്ഞു. അപ്പം അദ്ദേഹം എന്നോട് പറഞ്ഞ് അതിപ്പോ ശബ്ദമില്ലാതായാൽ എന്താ കുഴപ്പം! ഇങ്ങനെയാണ് പറയുന്നത്. അതും ശരിയാണല്ലോ എന്ന് പറഞ്ഞു ഞാന്. അദ്ദേഹം പറഞ്ഞു: ഇയ്യ്, അബ്ദുറഹ്മാൻ ഒരു കാര്യം ചെയ്യ്. കുറച്ചുനാള് ഖുർആൻ അങ്ങോട്ട് അർത്ഥത്തോടുകൂടി പഠിച്ചാല് ഇതങ്ങോട്ട് മനസ്സിലാകും. എന്നാപ്പിന്നെ അത് പഠിക്കാമെന്ന് പറഞ്ഞ് കുറച്ചുനാള് അങ്ങേരുടെ കൂടെ ഖുർആന്റെ അർത്ഥം പഠിക്കാൻ പോയി. അർത്ഥമിപ്പോൾ നമ്മൾ വായിക്കുന്നതുപോലെതന്നെയാ. അദ്ദേഹം പറയണുണ്ട്, നമ്മൾ കേൾക്കണുണ്ട്. എന്നാൽ, അവിടന്നീ വിഷയം കിട്ടുന്നില്ല.

അങ്ങനെ എന്റെ ഈ മതവിശ്വാസമെന്ന് പറയുന്നതൊക്കെ കുറേച്ചെ കുറഞ്ഞുതുടങ്ങി. ഞാനെന്റെ സ്നേഹിതന്മാരോട് പറയും, ഈ പണ്ഡിതന്മാർക്ക് ആർക്കും അറിയാത്തൊരു കാര്യമാണ്, ഈ അല്ലാഹുവും മനുഷ്യനും കൂടിയിട്ട് ഒരു ബന്ധമുള്ള പരിപാടി, കണക്ഷൻ കാണാനില്ല. അതുകൊണ്ട് നമ്മളിത് വിശ്വസിച്ചിട്ട് ഇബടെ കിട്ടുന്ന സുഖമൊന്നും ഉപേക്ഷിക്കണ്ടെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. (അപ്പോൾ പൂർണ്ണമായും നിരീശ്വരവാദിയായോ?) ഞാൻ നിരീശ്വരത്ത്വത്തിലേക്ക് പോയി എന്നതല്ല ഞാൻ പിന്നേയും അന്വേഷിക്കുന്നുണ്ടല്ലോ. എന്നാൽ മറ്റുള്ളവർ അവിടെനിന്ന്. നിരീശ്വരവാദിയായിട്ട് മരിച്ചുപോയ പലരും എന്റെ സ്നേഹിതന്മാരിലുണ്ട്. അതെന്നെക്കൊണ്ട് പറ്റിയതാണ്. ഞാനിപ്പോൾ അതിനെപ്പറ്റി പശ്ചാത്തപിക്കുകയാണ്.

അങ്ങനെ ഞാൻ ഇബടെനിന്ന് പോയി, കാജാബീഡിക്കാരന്റെ ജോലിയുമായിട്ട്. അങ്ങനെ അബടെചെന്നിറങ്ങിയപ്പോ തങ്ങളെന്നാ ഞാനറിയപ്പെടുക. അതിനു വേറൊരു കാരണവുമുണ്ട്. തിരുനെൽവേലിക്കടുത്ത സ്ഥലം. അബടെ പോയി. അബടെ ചെന്നപ്പോൾ അബടെ മുസ്ലിംകൾ മാത്രമുള്ള ഒരു മുൻസിപ്പാലിറ്റിയാണ് മേലെപ്പാളയം. അവരിടയിലാണ് ജോലി. ബീഡിയുടെ പണിയാണ്. ബീഡി സൂപ്പർവൈസിംഗും നോക്കലും കാര്യങ്ങളുമൊക്കയാണ്. വെള്ളിയാഴ്ച ദിവസമാണ് ഞാനവിടെ ചെന്നിറങ്ങുന്നത്. അപ്പോ എല്ലാരും ജുമാക്ക് പോവുകയാണ്. ഞാനും പോയി. പിന്നെ ജുമാ നിസ്കരിച്ചിട്ട് പോന്നു. പിന്നീട് അസ്റിനും പോയി. അപ്പോളൊക്ക് അവിടത്തെ മുദ്രിസും അബടെയുള്ള ഇമാമുമൊക്കെ പരിചയപ്പെട്ടു. തങ്ങളാണെന്ന് പറഞ്ഞപ്പോ, ഓഹ്, ഖയ്റായി! തങ്ങൾ വന്നത് വലിയ കാര്യമായി. 'ഇത് ഞാനങ്ങനല്ല, ഞാൻ തങ്ങള് വന്നുകൂടിയതാണ്' എന്ന് പറയാൻ, അവർക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള തമിഴ് ഭാഷ എനിക്കറിഞ്ഞുകൂടാ. തങ്ങളായിട്ട് അങ്ങനെയങ്ങോട്ട് പോയി. അപ്പോ ഞാൻ പള്ളീച്ചെന്നാൽ എന്നെ ഇമാമത്ത് നിർത്തും. തങ്ങളാണല്ലോ! ഇമാമത്തു നിർത്തിയാൽ പെട്ടെന്ന് ഒഴിവാക്കാൻ പറ്റൂലാ. അത് കഴിഞ്ഞിട്ട് പിന്നെ തസ്ബീഹും ദിക്റും ഉണ്ട്. ദിക്റ് കഴിഞ്ഞിട്ട് ദുആയുണ്ട്. ഇതൊക്കെ കഴിഞ്ഞാൽ നിസ്കാരത്തെക്കാൾ കൂടുതൽ സമയം അതിനും പോകും. പിന്നെ കമ്പനിയിലാണെങ്കിൽ ജോലിക്കും ബരണ്ടേ. എന്നാലും അതിനൊക്കെ ഇരുത്തുമെന്നെ. അങ്ങനെ കുറച്ചുനാൾ ജുമാ ഒഴികെ ബാക്കിയുള്ള നിസ്കാരമൊക്കെ ഞാൻ നിസ്കരിക്കും.

ഒരു ദിവസം മുതലാളി വന്ന്. മുതലാളിയും ഞാനും കൂടെ പള്ളിയിൽ നിസ്കരിക്കാൻ പോയി. (മുതലാളിയുടെ പേരെന്താ?) കാജാബീഡിയുടെ ഓണറായ അബ്ദുൽഖാദർ ഹാജിയാണ് മുതലാളി. മുതലാളി നിസ്കരിക്കണ്ടേ എന്ന് ചോദിച്ച് തിരക്കുകൂട്ടി. അപ്പോ തങ്ങള് വരട്ടെയെന്ന് മൊയ്‌ലിയാർ പറഞ്ഞു. ഇബ്നാരെടാ തങ്ങളെന്ന് നോക്കുമ്പോ, അത് ഞാനാണ്. ഇജ്ജ് തന്നെ നിസ്കരിച്ചോ എന്ന് മുതലാളി പറഞ്ഞു. അങ്ങനെ ഞാൻ നിസ്കരിക്കാൻ നിന്നു. നിസ്കാരം കഴിഞ്ഞ് നോക്കുമ്പോൾ എല്ലാവരും കൈതരലും പിടിക്കലുമൊക്കെയാണ്. ദുആ ഞാൻ വേണ്ടാന്ന് വെച്ച്. അവസാനം മുതലാളിക്കും എന്റെ കൈ പിടിക്കേണ്ടിവന്നു. വരിവരിയായി നിന്നിട്ടാണ് കൈ പിടിക്കുന്നത്. അങ്ങനെ ഞങ്ങൾ നിസ്കാരം കഴിഞ്ഞ് പോന്ന്. പിന്നീട് മൊതലാളി പറഞ്ഞ് ഇത് വിടണ്ട. കിടന്നോട്ടെ. നാട്ടിൽ ഒരംഗീകാരം കിട്ടലാണല്ലൊ. അങ്ങനെയങ്ങ് അത് കഴിഞ്ഞു.

പക്ഷേ, എന്റെ പ്രശ്നം അവസാനിച്ചില്ല. വല്ല മൗലവിമാരും പള്ളിയിൽ വന്നാൽ, സഹായം ചോദിച്ചാൽ സഹായമൊക്കെ ഞാൻ കൊടുക്കാമെന്ന് പറയും. മധുരക്ക് പോണോ? ഹാ, അഞ്ചുറുപ്പിക ഉണ്ടായാൽ മധുരക്ക് പോകാം. മൂന്ന് ഉറുപ്പിയേയുള്ളൂ ടിക്കറ്റ്. പള്ളിയിൽ കിടന്നോളാൻ പറയും. ശാപ്പാട് ഇവിടെന്ന് കൊടുക്കും. എന്നിട്ടവര് സംസാരിക്കാനിരിക്കുമ്പോൾ ഇതാ ചോദിക്ക, അല്ലാഹ് എങ്ങനെയാണ് ആളോട് സംസാരിക്കുക? അറിയില്ല. ഇത്രവലിയ പണ്ഡിതന്മാരിൽ ഒരൊറ്റയാളും, ബാക്കിയാത്തിൽ പഠിച്ചവരുമുണ്ട് വലിയവരുമുണ്ട് വഅ്ളിന് പോകുന്നവരുമുണ്ട്. പക്ഷേ ഒരാൾക്കും ഈ കാര്യം അറിയാമ്മേല. അപ്പോ ഒരുഭാഗത്ത് അന്വേഷണമുണ്ടെങ്കിലും ഒരുഭാഗത്ത് എന്റെ നിരീശ്വരവാദം മുറുകിപ്പോയി. ആർക്കുമറിയാത്ത സംഗതി നമ്മളെന്തിനാ കൊണ്ടുനടക്കണ്.

അങ്ങനെയിരിക്കുമ്പോ ഞങ്ങളുടെ കമ്പനീന്റെ വലിയൊരു നബിദിനയോഗം നടന്നു. ഞാൻ താമസിക്കുന്ന കെട്ടിടത്തിന്റെ തൊട്ടടുത്താണത്. രാത്രി അതിന്റെ മേലെ ഞാനിരിക്കുന്നുണ്ട്. പ്രസംഗം നടക്കുമ്പോ ഒരാള് ഇങ്ങനെ സംസാരിച്ചു. ഈ നബി(സ) ഖാത്തമുന്നബിയ്യീൻ എന്ന് ചൊന്നാ അതുക്കർത്ഥം അവര് കടേശിയാന വന്തവരെങ്കടവരല് അവരുടെയെ മഹത്വത്തത്താ എടുന്ത് കാട്ടറത് എന്ന് ചൊല്ലിക്കൊണ്ട്

ഇയാള് തമിഴിൽ അടിച്ചുവിടുന്നു. ഇത് സംഗതി മറ്റോടത്തേക്കാണല്ലോ പോണ്, ഇവൻ ഖാദിയാനിയാകും. എന്നാപ്പിന്നെ ഞാനാണെങ്കിലോ ഈ സാധനമെന്താണെന്ന് അതുവരെ മനസ്സിലാക്കിയിട്ടില്ല. ആരുവന്നാലും ശരി. അവരെ പാസ്സാക്കാനുള്ള വിവരം എനിക്കുണ്ടെന്നും ഇവിടെ പണ്ഡിതന്മാർക്കാർക്കും ഒരു വിവരവുമില്ലെന്നാണ് എന്റെ ധാരണ. അങ്ങനെ ഞാൻ താഴോട്ടിറങ്ങി. കമ്പനിയിലുള്ള ജോലിക്കാരെല്ലാം നീ അങ്ങോട്ട് പോകണ്ട, ബുദ്ധിമുട്ടാണ് എന്നൊക്കെ പറഞ്ഞു. ഞാൻ വഴക്കുണ്ടാക്കുന്നുവെച്ചിട്ടാ! ഞാൻ പറഞ്ഞ് ഒന്നും ഉണ്ടാക്കൂലാ. അയാൾ ഖാദിയാനിയാണ് എനിക്കയാളെ ഒന്ന് കാണണം. ഞാൻ ചെല്ലുമ്പോ അവിടെ തബ്ലീഗ് ജമാഅത്തുകാരാണ് മീറ്റിംഗ് നടത്തുന്നത്. അവിടെ അടിച്ച് ഓടിപ്പിക്കല് കഴിഞ്ഞ്. എവിടെന്നാടാ വന്നത്, അവനെ കൊണ്ടുപോടാ, എന്നൊക്കെ ആളുകൾ പറയുന്നത് കേൾക്കാം. ഞാൻ ചെന്ന് നോക്കുമ്പോ യോഗം അവസാനിച്ച്. അപ്പോ സംഗതി, ഇയാള് നല്ല പ്രസംഗികനാണെന്ന് പറഞ്ഞിട്ട് ആരോ കാറിൽ അയാളെ കൂട്ടിക്കൊണ്ട് വന്നതാണ്. ഈ വാദം പറഞ്ഞതോടെ അയാളെ കൊണ്ടുവന്നയാളുതന്നെ പെട്ടെന്ന് തിരിച്ചുകൊണ്ടു പോയി. എനിക്കൊരു ഖാദിയാനിയെ കാണാനുള്ള ചാൻസ് നഷ്ടപ്പെട്ടല്ലോ എന്നോർത്ത് ഞാൻ വിഷമിച്ച്. അപ്പോ നാരങ്കി ഹമീദ് എന്ന് പറയുന്നൊരാളുണ്ടവിടെ. അയാൾ തബ്ലീഗിന്റെ വലിയ ഇമാമാണ്. ആരാ ഇവിടെ സംസാരിച്ചതെന്ന് ഞാൻ അയാളോട് ചോദിച്ച്. അത് നിങ്ങളുടെ നാട്ടിലെ ശയ്ത്താനാണെന്ന് പറഞ്ഞു. മലയാളിയാണ്. അയാൾ തമിഴാണ് സംസാരിക്കുന്നത്. എവിടെ പോയി എന്ന് ഞാൻ ചോദിച്ചപ്പോൾ ബന്നബയിക്ക് അവനെ യാരോ കൊണ്ടുപോയ് എന്നു പറഞ്ഞ്. മുസീബത്ത്, അതറിയാതെ വന്നുകയറിപ്പോയതാണ്.

ഞാനയാളെ അന്വേഷിച്ച് നടക്കാൻ തുടങ്ങി. അയാളെ ഞാൻ അന്വേഷിക്കുന്നുണ്ടെന്ന് പിറ്റേന്നു തന്നെ അയാളറിഞ്ഞു ആരോ പറഞ്ഞിട്ട്. കമ്പനിയിൽ ഇങ്ങനെയൊരു തങ്ങളുണ്ട് അയാൾ താങ്കളെ അന്വേഷിക്കുന്നുണ്ടെന്ന് പറഞ്ഞിട്ടുണ്ടാവണം. അങ്ങനെ അയാളന്വേഷിച്ച് രണ്ടുദിവസം കഴിഞ്ഞപ്പോൾ കമ്പനിയിൽ വന്നു. അന്ന് വ്യാഴാഴ്ചയാണ്. ഉച്ചയ്ക്കാണ് വന്നത്. ഇവിടെ തങ്ങളുണ്ടോ എന്ന് ചോദിച്ചു. ഇല്ല തങ്ങള് പുറത്താണെന്ന് അവിടെയുണ്ടായിരുന്ന ആള് പറഞ്ഞു. എന്താ വേണ്ടതെന്ന് ചോദിച്ചു. അല്ല ഞാൻ വെറുതെ ചോദിക്കയാണെന്ന് പറഞ്ഞു. നിങ്ങൾ തങ്ങളെ കണ്ടിട്ടുണ്ടോ? കണ്ടിട്ടില്ല പരിചയമുണ്ട്. പിന്നെ നിങ്ങളെങ്ങനെയാണ് അന്വേഷിച്ചത്? ഞാനാണ് അന്നിവിടെ പ്രസംഗിച്ചത്. അന്നുമുതലേ അദ്ദേഹം എന്നെ അന്വേഷിക്കുന്നുണ്ടെന്ന് കേട്ട്. അതുകൊണ്ട് ഞാനദ്ദേഹത്തെ അന്വേഷിച്ചുവന്നതാണ്. എനിക്കും അദ്ദേഹത്തെ ഒന്ന് കാണണമെന്നുണ്ട്. ഞാനിതിന്റെ തൊട്ടടുത്ത സ്ഥലത്താണ് താമസിക്കുന്നതെന്നും പറഞ്ഞു. (അപ്പോ അയാളും ഒരു ബീഡി കമ്പനി നടത്തുന്നുണ്ട് ചെറുതായിട്ട്; അലിയൻബീഡി.) ഞാൻ അവിടെയുണ്ടാകുമെന്ന് പറഞ്ഞ് അയാൾ പോയി. അപ്പൊതന്നെ രാത്രി 9 മണിക്ക് എന്റെ കൂട്ടുകാരനായ അബുവിനേയുംകൂട്ടി അങ്ങോട്ടുപോയി. അവിടെ ചെല്ലുമ്പോ ഇയാളെ കണ്ട്. കച്ചവടമൊന്നുമില്ല. ഞങ്ങൾക്ക് ചായയുണ്ടാക്കിത്തന്ന്. വർത്തമാനമെല്ലാം പറഞ്ഞ്. എന്നെ നിങ്ങൾ അന്വേഷിച്ചുവെന്ന് കേട്ട് വന്നതാണെന്നറിയിച്ചു. അയാളോട് കുറേകാര്യങ്ങൾ ഞാൻ ചോദിച്ചു. മറ്റുപണ്ഡിതന്മാര് ഒഴിഞ്ഞുമാറാൻ ശ്രമിക്കലാ. ഇയാള് മറുപടി പറയുന്നില്ലെങ്കിൽ തന്നെ ഓ അത് ശരി എന്നാ പറയുക. നമ്മുടെ അലവിമൗലവിസാഹിബൊക്കെ, ഹാ, ഹാ, ഹാ എന്ന് പറയുന്നതുപോലെ ഒരു ടൈപ്പ്. എനിക്ക് വളരെ ഇഷ്ടംതോന്നി ഇയാളെ. ഇതൊക്കെ കഴിഞ്ഞപ്പം നിങ്ങള് മറുപടി പറഞ്ഞില്ലല്ലൊ എന്ന് ചോദിച്ചു. മറുപടി പറയാം ചോദ്യമെല്ലാം കഴിയട്ടെ എന്നു പറഞ്ഞു. ചോദ്യമെല്ലാം കഴിഞ്ഞൂന്ന് ഞാൻ പറഞ്ഞു. അപ്പം ഇയാൾ രണ്ടു ചോദ്യം എന്നോട് ചോദിച്ചിട്ട്, ഇതും കൂടെ അറിയേണ്ടേ എന്ന് ചോദിച്ചു. അപ്പോ ഇയാൾക്കല്പം വിവരമുണ്ടെന്ന് എനിക്ക് തോന്നി. എന്തായാലും പറയാൻ പറഞ്ഞ്. മണി രണ്ടായി. ഇനിയിപ്പം പറഞ്ഞാ തീരൂല. അതുകൊണ്ട് നാളെ വരിൻ. വെള്ളിയാഴ്ച നിങ്ങൾക്കും ലീവാണ് നമുക്കും ലീവാണ്. ചുരുക്കം പറയാം പിറ്റേദിവസം പോയി. ഇയാൾ ഒരൊറ്റ ചോദ്യത്തിന് മറുപടി പറയുമ്പോതന്നെ ആകെ മറുപടിയായി. ഇനി അത് പറയട്ടെ. ഇനി എനിക്കറിയേണ്ടത് ഒറ്റകാര്യമാണ്. അതൊന്നു പറഞ്ഞുതന്നാൽ മതി. അതെന്താണെന്ന് ചോദിച്ചപ്പോ പറഞ്ഞ് അല്ലാഹു മനുഷ്യരോട് എങ്ങനെയാ സംസാരിക്കുന്നത്? അയാള് പറഞ്ഞ്, അത് ആരോട് അല്ലാഹു സംസാരിക്കുന്നുവോ അവർക്കേ അറിയൂ. മറ്റുള്ളവർക്ക് അറിയില്ല. ഇത്തരം ഒരു മറുപടി ആരും എന്നോട് പറഞ്ഞിട്ടില്ല. ഇത് പുതിയ മറുപടിയാണ്. തരക്കേടില്ലാന്ന് തോന്നി എനിക്ക്. അപ്പം ഞാൻ അതെന്താ മൗലവി സാഹിബേ പറഞ്ഞാൽ മനസ്സിലാകാത്തത് എന്ന് ചോദിച്ചു. അപ്പോഴദ്ദേഹം പറഞ്ഞു: ഹലുവ എങ്ങനെ ഉണ്ടാക്കണമെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം. നിങ്ങളതുപോലെ ഉണ്ടാക്കിയാൽ ഹലുവ ഉണ്ടാകും. ഹലുവയുടെ രുചി എന്താണെന്ന് ചോദിച്ചാൽ തിന്നുന്നതുവരെ നിങ്ങൾക്കത് അറിയാൻ പറ്റില്ല. അത് തിന്നാലേ അറിയാൻ പറ്റുകയുള്ളൂ. അഞ്ചുവയസ്സുള്ളൊരു കുട്ടിയോട് മിഠായിയുടെ രുചി എന്താണെന്ന് ചോദിച്ചാൽ അത് പറയും. ലൈംഗിക സുഖം എന്താണെന്ന് ചോദിച്ചാൽ അതിന്നറിയില്ല. അതിന്ന് സമയമാകുമ്പോൾ അത് അതറിയുന്നതാണ്. അതുപോലെ മനുഷ്യന്റെ ആത്മാവിന് ഒരു മെച്ചോറിറ്റി വരാനുണ്ട്. അത് വരുമ്പോഴാണ് അല്ലാഹുവുമായിട്ടുള്ള ബന്ധമുണ്ടാകുക. അപ്പം അതവർക്കറിയാൻ കഴിയും. അങ്ങനെയാണിതിന്റെ കെടപ്പ്. അപ്പം ഞാൻ ചോദിച്ചു. ഹലുവ ഉണ്ടാക്കല് പഠിക്കാൻ പറഞ്ഞല്ലോ. അത് ഉണ്ടാക്കുന്ന പണിയെങ്ങനെയാണ്? ഇവിടേക്ക് എത്താനുള്ള പണി? അപ്പോൾ അയാൾ പറഞ്ഞു. അല്ലാഹു പറഞ്ഞു ***വസ്ജുദ് വഖ്തരിബ്*** എന്ന്. സജ്ദ ചെയ്തുകൊണ്ട് അല്ലാഹുവിനോട് അടുക്കാനാണ്. (*തുടരും*)

●

ലേഖനം

# അമുസ്‌ലിം രാഷ്ട്രവും, മുസ്‌ലിംകളും

## മൗദൂദി വീക്ഷണം

**1953**-ൽ പാക്കിസ്ഥാനിൽ അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭം നടക്കുകയുണ്ടായി. അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുക, സഫറുല്ലാഖാൻ സാഹിബിനെ പാക്കിസ്ഥാന്റെ വിദേശകാര്യമന്ത്രി സ്ഥാനത്തുനിന്നും നിഷ്കാസനം ചെയ്യുക, മറ്റു പ്രധാന ഉദ്യോഗങ്ങൾ വഹിക്കുന്ന അഹ്മദികളെ തൽസ്ഥാനങ്ങളിൽനിന്നും പുറത്താക്കുക, പാക്കിസ്ഥാനിലെ അഹ്മദിയ്യാ മുസ്‌ലിംജമാഅത്തിന്റെ കേന്ദ്രമായ റബ്വ അവരിൽനിന്നും തിരിച്ചുപിടിക്കുക തുടങ്ങിയവയായിരുന്നു പ്രക്ഷോഭക്കാരുടെ പ്രധാന ആവശ്യങ്ങൾ. ***തഹഫ്ഫുസെ ഖത്ത്മെ നുബുവ്വത്ത്*** 'ഖത്ത്മെ നുബുവ്വത്ത് സംരക്ഷണം' എന്ന ഓമനപ്പേരും പറഞ്ഞ് മതത്തിന്റെ പേരുകേൾക്കുമ്പോൾ വിവേകം വിട്ട് വികാരംകൊള്ളുന്ന സാധാരണക്കാരെ പ്രക്ഷോഭക്കാർ പാട്ടിലാക്കാൻ ശ്രമിച്ചു. ഈ പ്രക്ഷോഭത്തിൽ പാക്കിസ്ഥാൻ വിറകൊണ്ടു. തൽഫലമായി പാക്കിസ്ഥാന് തീർത്താൽതീരാത്ത അപകീർത്തിയും മാനഹാനിയും ഒരുഭാഗത്ത് അനുഭവിക്കേണ്ടിവരികയും, മറുഭാഗത്ത് അസംഖ്യം ജീവനും സ്വത്തും നശിപ്പിക്കപ്പെടുകയും ചെയ്തു. ഈ ഭീകരകലാപം ബലഹീനരും ന്യൂനപക്ഷീയരുമായ അഹ്മദിമുസ്‌ലിംകൾക്കെതിരിൽ സൃഷ്ടിക്കപ്പെട്ടതായിരുന്നതിനാൽ അവർ പാക്കിസ്ഥാനിൽ ക്രൂരതയുടെ ആ ദിനരാത്രങ്ങൾ എങ്ങനെ കഴിച്ചുകൂട്ടി എന്ന് ഇവിടെ വിവരിക്കാൻ കഴിയില്ല. അഹ്മദികളിൽ പലരും വധിക്കപ്പെട്ടു. സ്വന്തം വീടുകളിൽനിന്ന് ബലം പ്രയോഗിച്ച് അവരെ ഇറക്കിവിട്ടു. അവരുടെ സ്വത്തുക്കൾ കൊള്ളയടിച്ചു. പലതരം മർദ്ദനങ്ങൾക്കും ക്രൂരമായ യാതനകൾക്കും അവർ ഇരയായി. ഒടുവിൽ പ്രക്ഷോഭത്തെ നേരിടുന്നതിനു ഗവർമ്മെന്റ് സുശക്തമായ നടപടികൾ കൈക്കൊള്ളാൻ നിർബന്ധിതരാവുകയും ലാഹോറിൽ പട്ടാളനിയമം നടപ്പാക്കുകയും ചെയ്തു. ഈ കലാപത്തിനും ക്രൂരകൃത്യങ്ങൾക്കും നേതൃത്വം നൽകിയിരുന്നത് അഹ്റാർകക്ഷിയും മൗദൂദി പാർട്ടിയായ ജമാഅത്തെ ഇസ്‌ലാമിയുമായിരുന്നു. ഈ സംഗതി പാക്കിസ്ഥാനികളും പാക് ഗവർമ്മെന്റും നല്ലവണ്ണം മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് അവരിലുള്ള പ്രധാനികളെ യാതൊരു ദാക്ഷീണ്യവും കൂടാതെ ശിക്ഷിച്ചതും.

പ്രസ്തുത കലാപത്തിന്റെ പശ്ചാത്തലത്തേയും കലാപത്തിന്റെ കാരണക്കാരേയും മാർഷൽലോ നടപ്പാക്കാനുണ്ടായ പരിതസ്ഥിതികളെയും കുറിച്ച് വിപുലമായ അന്വേഷണം നടത്തുന്നതിന് പഞ്ചാബ് ഗവർമ്മെന്റ് ഒരു ഓർഡിനൻസ് പ്രകാരം ഒരു അന്വേഷണകോടതിയെ നിയമിക്കുകയുണ്ടായി. പഞ്ചാബ് (പാക്കിസ്ഥാൻ) ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് മുഹമ്മദ്മുനീറും, ജസ്റ്റീസ് എം.ആർ. കയാനിയുമാണ് അന്വേഷണകോടതിയിലെ അംഗങ്ങളായി ഉണ്ടായിരുന്നത്. ഈ അന്വേഷണക്കോടതി മുസ്‌ലിം ഉലമാക്കളോട് (പണ്ഡിതന്മാർ) പല ചോദ്യങ്ങളും ചോദിക്കുകയുണ്ടായി. അമുസ്‌ലിംരാഷ്ട്രത്തിൽ മുസ്‌ലിംകളുടെ നിലയെപ്പറ്റിയും മറ്റു പ്രത്യാഘാതങ്ങളെപ്പറ്റിയും കോടതി ചോദിച്ച ചോദ്യങ്ങൾക്ക് ഉലമാക്കൾ നൽകിയ മറുപടികളാണ് റിപ്പോർട്ടിൽനിന്ന് തർജ്ജമ ചെയ്ത് ചുവടെ ചേർക്കുന്നത്. പണ്ഡിതന്മാരോട് ചോദിച്ച ചോദ്യങ്ങളും അതിന്റെ മറുപടിയോടൊപ്പം കോടതിയുടെ പരാമർശവും ഇതിൽ ഉൾപ്പെടുന്നു.

പാക്കിസ്ഥാനിൽ ഒരു ഇസ്‌ലാമിക സ്റ്റേറ്റ് സ്ഥാപിക്കണമെന്ന് ഏത് ആശയാദർശങ്ങളെ അടിസ്ഥാനമാക്കിയാണോ ആഗ്രഹിക്കപ്പെടുന്നത്, അതിന്റെ ചില പ്രത്യാഘാതങ്ങൾ, അമുസ്‌ലിം ഭരണാധിപന്മാരുടെ കീഴിലുള്ള രാജ്യങ്ങളിലെ മുസൽമാന്മാരേയും ബാധിക്കാതിരിക്കയില്ല. ഒരു അമുസ്‌ലിം സ്റ്റേറ്റിനു കീഴിൽ കൂറുള്ള പ്രജയായി ജീവിക്കാൻ ഒരു മുസൽമാന് സാധിക്കുമോ എന്നു ചോദിച്ചതിന് അമീറുശ്ശരീഅത്ത് സയ്യിദ് അതാഉല്ലാശാഹ് ബുഖാരി നല്കിയ മറുപടി ഞങ്ങൾ ഉദ്ധരിച്ചുകൊള്ളാം.

⇔ നിങ്ങളുടെ അഭിപ്രായത്തിൽ ഒരു മുസൽമാൻ ഒരു കാഫിർ ഗവർമ്മെന്റിന്റെ ആജ്ഞകൾക്ക് വഴിപ്പെടേണ്ടതുണ്ടോ?

ഒരു അമുസ്‌ലിം ഗവർമ്മെന്റിന് കീഴിൽ ഒരു മുസൽമാൻ കൂറുള്ള പൗരനായി ജീവിക്കാൻ സാദ്ധ്യമല്ല.

⇔ നാലുകോടി ഇന്ത്യൻ മുസ്‌ലിംകൾക്ക് തങ്ങളുടെ സ്റ്റേറ്റിനോട് കൂറുള്ള പൗരന്മാരായി ജീവിക്കാൻ സാദ്ധ്യമാണോ?

ഇല്ല.

ഈ മറുപടി ഞങ്ങളുടെ മുമ്പിൽ ശക്തിപൂർവ്വം അവതരിപ്പിക്കപ്പെട്ടിരിക്കുന്ന അഭിപ്രായത്തോട് തികച്ചും യോജിച്ചതുതന്നെയാണ്. പാക്കിസ്ഥാന് അതിന്റെ ഭരണഘടന മതത്തിന്മേൽ അടിയുറപ്പിക്കാനുള്ള അവകാശമുണ്ടെങ്കിൽ, മുസ്‌ലിംകൾ ന്യൂനപക്ഷമായിരിക്കയോ അവർ ഭൂരിപക്ഷമാണെങ്കിലും ഭരണാധികാരം അമുസ്‌ലിം സമുദായത്തിൽപ്പെട്ടവരുടെ അധീനത്തിലായിരിക്കയോ ചെയ്യുന്ന രാജ്യങ്ങളിലും ഇതേ അവകാശാധികാരങ്ങൾതന്നെ സമ്മതിച്ചുകൊടുക്കേണ്ടിവരും. ആകയാൽ, പാക്കിസ്ഥാനിലെ അമുസ്‌ലിംകളുടെ പൗരത്വാവകാശത്തെ സംബന്ധിച്ചിടത്തോളം ഇത്തരത്തിൽ ഭേദവിചാരം കല്പിക്കാമെങ്കിൽ, ഇതര രാജ്യങ്ങളിലുള്ള മുസ്‌ലിംകളോടു അവിടങ്ങളിലെ ഭരണാധികാരികൾ ഇതേതരത്തിലുള്ള വിവേചനനയം സ്വീകരിക്കുകയാണെങ്കിൽ ഉലമാക്കൾക്ക് എന്തെങ്കിലും പ്രതിഷേധമുണ്ടാകുമോ എന്ന് ഞങ്ങൾ അവരോട് ചോദിച്ചു. അതിന് അവർ നല്കിയ മറുപടികളാണ് ചുവടെ ചേർക്കുന്നത്.

1. മൗലാനാ അബുൽ ഹസനാത്ത് സയ്യദ് മുഹമ്മദ് അഹ്മദ് ഖാദിരി, പ്രസിഡന്റ് ജംഇയ്യത്തുൽ ഉലമായെ പാക്കിസ്ഥാൻ.

⇔ ഇന്ത്യയിൽ ഭൂരിപക്ഷജനവിഭാഗമായ ഹിന്ദുക്കൾക്ക് അവിടെ ഹിന്ദുധർമ്മമനുസരിച്ചുള്ള ഒരു ഭരണക്രമം സ്ഥാപിക്കാനുള്ള അവകാശം നിങ്ങൾ സമ്മതിച്ചുകൊടുക്കുമോ?

ഉവ്വ്.

⇔ ആ ഭരണത്തിൽ, മനുസ്മൃതിയനുസരിച്ച് മുസ്‌ലിംകളോട് മ്ലേച്ഛന്മാരോടും ശൂദ്രരോടുമെന്നപോലെ വർത്തിക്കപ്പെടുകയാണെങ്കിൽ നിങ്ങൾക്ക് വല്ല ആക്ഷേപവും ഉണ്ടാകുമോ?

ഇല്ല.

2. മൗലാനാ അബുൽഅഅ്‌ലാ മൗദൂദി.

⇔ ഇത്തരത്തിലുള്ള ഒരു ഇസ്‌ലാമികസ്റ്റേറ്റ് പാക്കിസ്ഥാനിൽ സ്ഥാപിക്കുകയാണെങ്കിൽ, ഹിന്ദുക്കൾ തങ്ങളുടെ ഭരണഘടന ഹിന്ദുമതത്തെ അടിസ്ഥാനമാക്കി നിർമ്മിക്കുന്നതിനേയും നിങ്ങൾ അനുവദിക്കുമോ?

തീർച്ചയായും. ഇന്ത്യയിലെ മുസ്‌ലിംകളോടു അത്തരം ഒരു ഭരണത്തിനുകീഴിൽ ശൂദ്രന്മാരോടും മ്ലേച്ഛന്മാരോടുമെന്നപോലെ പെരുമാറുകയും, മനുവിന്റെ നിയമങ്ങൾ നടപ്പിൽവരുത്തിക്കൊണ്ട് അവർക്ക് ഭരണത്തിലും പൗരാവകാശത്തിലും യാതൊരു പങ്കും നൽകാതിരിക്കുകയും ചെയ്താൽപോലും എനിക്കതിലാക്ഷേപമുണ്ടാകില്ല. വാസ്തവം പറയുകയാണെങ്കിൽ ഇന്ത്യയിൽ മുസ്‌ലിംകളോടു ഇപ്പോൾതന്നെ ഇത്തരത്തിലാണ് വർത്തിച്ചുവരുന്നത്!

3. അമീറെ ശരീഅത്ത് അതാഉല്ലാശാഹ് ബുഖാരി.

⇔ ഇന്ത്യയിൽ എത്ര കോടി മുസ്‌ലിംകൾ ഉണ്ട്?

നാലുകോടി.

⇔ അവരുടെമേൽ മനുസ്മൃതിയനുസരിച്ചുള്ള നിയമങ്ങൾ നടപ്പിൽവരുത്തുകയും അതനുസരിച്ച് അവർക്ക് യാതൊരു പൗരാവകാശങ്ങളും ലഭിക്കാതാകയും മ്ലേച്ഛന്മാരോടും ശൂദ്രരോടുമെന്നപോലെ അവരോട് വർത്തിക്കപ്പെടുകയും ചെയ്യുന്നതായാൽ നിങ്ങൾക്കതിലാക്ഷേപമുണ്ടാകുമോ?

ഞാൻ പാക്കിസ്ഥാനിലാണുള്ളത്. അതുകൊണ്ട് അവരെ ഉപദേശിക്കാൻ എനിക്ക് നിർവ്വാഹമില്ല.

4. മിയാൻ തുഫൈൽ മുഹമ്മദ് (ജമാഅത്തെ ഇസ്‌ലാമി)

⇔ ലോകത്ത് മുസ്‌ലിംകളുടെ ജനസംഖ്യ എത്രയാണ്?

50 കോടി.

⇔ നിങ്ങളുടെ അഭിപ്രായമനുസരിച്ച് ലോകമുസ്‌ലിംകളുടെ ഒട്ടാകെ ജനസംഖ്യ 50 കോടിയാണ്. എന്നാൽ, പാക്കിസ്ഥാൻ, സഊദിഅറേബ്യ, യമൻ, ഇൻഡോനേഷ്യ, ഈജിപ്ത്, പേർഷ്യ, സിറിയ, ലബനാൻ, ട്രേൻസ്ജോർഡാൻ, തുർക്കി, ഇറാക്ക് എന്നിവയെല്ലാം കൂടിയാൽ 20 കോടിയിൽ അധികമില്ല. ആകയാൽ, നിങ്ങളുടെ ഈ അഭിപ്രായത്തിന്റെ പ്രത്യാഘാതം ലോകത്തിലെ 30 കോടി മുസ്‌ലിംകൾ മരം വെട്ടുന്നവരും വെള്ളം കോരികളുമായി മാറുമെന്നുള്ളതാണ്; അല്ലെ?

എന്റെ ആദർശങ്ങളും അഭിപ്രായങ്ങളും അവരുടെ നിലപാടിനെ ബാധിക്കേണ്ടതില്ല.

⇔ അവരോട് മതവ്യത്യാസത്തെ അടിസ്ഥാനമാക്കി തരംതിരിച്ചു പെരുമാറുകയും സാധാരണ പൗരാവകാശങ്ങൾപോലും അവർക്ക് നിഷേധിക്കപ്പെടുകയും ചെയ്താലും?

അതെ.

അമുസ്‌ലിം ഗവർമ്മെന്റ് മുസ്‌ലിംകൾക്ക് പബ്ലിക്ക് സർവ്വീസുകളിൽ ഉദ്യോഗം നൽകാനൊരുങ്ങിയാൽ കൂടി അത്തരം ഉദ്യോഗങ്ങൾ സ്വീകരിക്കാതെ നിഷേധിക്കേണ്ടത് അവരുടെ കടമയാണെന്നുപോലും ഈ സാക്ഷി ഉറപ്പിച്ചുപറയുകയുണ്ടായി.

5. ഖാസി സിറാജുദ്ദീൻ മുനീർ.

⇔ പാക്കിസ്ഥാനിൽ ഒരു ഇസ്‌ലാമികസ്റ്റേറ്റ് ആണോ നിങ്ങൾക്ക് വേണ്ടത്?

തീർച്ചയായും.

⇔ അയൽരാഷ്ട്രത്തിലെ രാഷ്ട്രീയവ്യവസ്ഥിതി അവിടത്തുകാരുടെ സ്വന്തം മതധർമ്മത്തെ അടിസ്ഥാനമാക്കി കെട്ടിപ്പടുക്കുകയാണെങ്കിൽ നിങ്ങളുടെ അഭിപ്രായമെന്തായിരിക്കും?

അവരാഗ്രഹിക്കുന്നുവെങ്കിൽ ആവാം.

⇔ ഇന്ത്യയിലുള്ള മുസ്‌ലിംകളെല്ലാംതന്നെ ശൂദ്രന്മാരും മ്ലേച്ഛന്മാരുമാണെന്നും അവർക്ക് യാതൊരു പൗരാവകാശങ്ങളുമില്ലെന്നും പ്രഖ്യാപിക്കുവാനുള്ള അവകാശം നിങ്ങൾ അവർക്ക് (ഹിന്ദുക്കൾക്ക്) വകവെച്ചുകൊടുക്കുമോ?

അവരങ്ങനെ ചെയ്യാൻ പോകുന്നതിനു മുമ്പായിത്തന്നെ അവരുടെ രാഷ്ട്രീയമേധാവിത്വത്തെ അവസാനിപ്പിക്കാൻ ഞങ്ങൾ അങ്ങേയറ്റം ശ്രമിക്കുന്നതായിരിക്കും. നാം ഇന്ത്യയ്ക്കെതിരിൽ വളരെ ശക്തന്മാരാണ്. ഇന്ത്യ അങ്ങനെ ചെയ്യാതിരിക്കുന്നതിന് തക്കവണ്ണം

നാം ശക്തരാകയും ചെയ്യും.

⇔ മതം പ്രബോധിക്കുകയെന്നത് മുസൽമാന്റെ മതധർമ്മങ്ങളിൽപെട്ടതാണോ?

അതെ.

⇔ തങ്ങളുടെ മതത്തെ പരസ്യമായി പ്രബോധിക്കുകയെന്നത് ഇന്ത്യയിലെ മുസ്ലിംകളുടെ മതപരമായ കടമകളിൽപെട്ടതാണോ?

അവർക്ക് അവകാശം ഉണ്ടായിരിക്കേണ്ടതാണ്.

⇔ ഇന്ത്യ അതിന്റെ ഭരണം മതാടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുകയും അവിടത്തെ മുസ്ലിംപൗരന്മാർക്ക് മതത്തെ പ്രബോധിക്കുവാനുള്ള അവകാശം നിഷേധിക്കുകയും ചെയ്താലോ?

ഇന്ത്യ അത്തരം ഒരു നിയമം ഉണ്ടാക്കുകയാണെങ്കിൽ, എന്നെപ്പോലെ 'വിപുലീകരണപ്രസ്ഥാന'ത്തിൽ വിശ്വസിക്കുന്ന ഒരുവൻ, ഇന്ത്യയിലേക്ക് മാർച്ച് ചെയ്യുകയും അതിനെ കീഴടക്കുകയും ചെയ്യും.

ഇങ്ങനെ, മതവ്യത്യാസത്തെ നിദാനമാക്കിയുള്ള വിവേചനനയത്തിന്റെ പ്രത്യാഘാതങ്ങളെ സംബന്ധിച്ച ചോദ്യത്തിനുള്ള മറുപടിയാണിത്.

മാസ്റ്റർ താജുദ്ദീൻ അൻസാരി.

⇔ നിങ്ങൾ പാക്കിസ്ഥാനിലെ മുസ്ലിംകൾ സ്വീകരിച്ചുകാണാനിച്ഛിക്കുന്ന അതേ ആദർശങ്ങൾ തന്നെയാണോ ഇന്ത്യയിലെ നാലുകോടി മുസ്ലിംകളും സ്വീകരിക്കേണ്ടതിന് ആഗ്രഹിക്കുന്നത്?

ആ അഭിപ്രായം അവർ സ്വീകരിക്കുകയാണെങ്കിൽ, ഒരൊറ്റ മിനുട്ടുപോലും അവർക്ക് ഇന്ത്യയിൽ ജീവിച്ചുകൂടാ.

⇔ ഒരു മുസൽമാന്റെ ആദർശങ്ങൾ സ്ഥലകാലഭേദമനുസരിച്ച് മാറിക്കൊണ്ടിരിക്കുമോ?

ഇല്ല.

⇔ എന്നാൽ പിന്നെ ഇന്ത്യയിലെ മുസ്ലിംകൾക്ക് നിങ്ങൾ സ്വീകരിച്ചിരിക്കുന്ന അതേ ആദർശങ്ങൾ എന്തുകൊണ്ട് സ്വീകരിച്ചുകൂടാ?

അതിന്നുത്തരം അവർതന്നെ പറയണം.

ഏതൊരഭിപ്രായത്തെ ന്യായീകരിച്ചുകൊണ്ടാണോ ഞങ്ങളുടെ മുമ്പിൽ ഈ മൊഴികൾ നൽകപ്പെട്ടിരിക്കുന്നത് ആ അഭിപ്രായം ഇന്ത്യൻ മുസ്ലിംകൾ സ്വീകരിക്കുകയാണെങ്കിൽ, ഇന്ത്യയിലെ സർക്കാറുദ്യോഗങ്ങൾ വഹിക്കുന്നതിന് അവർ തികച്ചും അനർഹരായിത്തീരും. ഇന്ത്യയിലെന്നല്ല, അമുസ്ലിംകളുടെ ഭരണത്തിൻ കീഴിൽ ജീവിക്കുന്ന മറ്റു രാജ്യങ്ങളിലും. എല്ലായിടത്തും മുസ്ലിംകൾ എല്ലായ്പ്പോഴും സംശയിക്കപ്പെട്ടുതുടങ്ങും. അവരെ സൈന്യത്തിലെടുക്കുകയില്ല. എന്തെന്നാൽ, ഈ തത്വമനുസരിച്ച് ഒരു മുസ്ലിംരാഷ്ട്രവും അമുസ്ലിംരാഷ്ട്രവും തമ്മിൽ യുദ്ധമുണ്ടായാൽ, അമുസ്ലിം രാജ്യത്തിലെ മുസ്ലിം പട്ടാളക്കാർ മുസ്ലിംരാജ്യത്തോട് ചേരുകയോ അഥവാ, തങ്ങളുടെ ഉദ്യോഗം രാജിവെക്കുകയോ വേണം. ഇതുസംബന്ധിച്ച് ചോദിച്ചപ്പോൾ താഴെപറയുന്ന സമാധാനമാണ് രണ്ട് മുസ്ലിംപണ്ഡിതന്മാർ നൽകിയിരിക്കുന്നത്.

മൗലാനാ അബുൽഹസനാത്ത്

⇔ ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ ഒരു യുദ്ധമുണ്ടാവുകയാണെങ്കിൽ ഇന്ത്യയിലെ മുസ്ലിംകളുടെ കടമ എന്തായിരിക്കും?

അവരുടെ കടമ വളരെ വ്യക്തമാണ്. അവർ നമ്മോടൊപ്പം ചേരുകയും നമുക്കെതിരിൽ ഇന്ത്യയ്ക്കുവേണ്ടി പൊരുതാതിരിക്കുകയും തന്നെ.

മൗലാനാ അബുൽഅഅ്ലാ മൗദൂദി

⇔ ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ യുദ്ധം ഉണ്ടായാൽ ഇന്ത്യൻ മുസ്ലിംകളുടെ കടമയെന്തായിരിക്കും?

അവരുടെ കടമ വളരെ വ്യക്തമാണ്. പാക്കിസ്ഥാന്നെതിരായി യുദ്ധം ചെയ്യാതിരിക്കുകയും പാക്കിസ്ഥാന്റെ രക്ഷയ്ക്ക് ഹാനികരമായി ഒന്നുംതന്നെ പ്രവർത്തിക്കാതിരിക്കുകയുമാണത്.

**യഥാർത്ഥ ഇസ്ലാമികവീക്ഷണം**

മുസ്ലിം പണ്ഡിതന്മാർ അന്വേഷണക്കോടതിയിൽ കൊടുത്തിട്ടുള്ള ഈ മൊഴികൾ ഇസ്ലാമിനേയും മുസ്ലിംകളേയും എത്രത്തോളം ബാധിക്കുമെന്ന് നോക്കേണ്ടതുണ്ട്. ഇന്നത്തെ മുസ്ലിംകളുടെ അവസ്ഥകളേയും അവശതകളേയും കണ്മുമ്പിൽ കണ്ടിട്ടും ഇപ്രകാരം പ്രസ്താവിക്കാൻ മുതിർന്ന ഈ പണ്ഡിതന്മാരെപ്പറ്റി എന്തു പറയാനാണ്!

ഇസ്ലാം സമാധാനത്തേയും നീതിയേയും സാഹോദര്യത്തേയും ഉപദേശിക്കുന്ന മതമാണെന്ന് ഇവർ പറയുന്നു. അങ്ങനെ ഉപദേശിക്കുന്ന മതത്തിന്റെ അദ്ധ്യാപനങ്ങളെന്നോണമാണിവർ ഇങ്ങനെയെല്ലാം പ്രസ്താവിച്ചിരിക്കുന്നത്. മുസ്ലിംഭരണത്തിനു കീഴിലുള്ള അമുസ്ലിം പ്രജകൾ ആ ഭരണത്തോടു കൂറുകാണിക്കുകയും അതിന്റെ ഭദ്രതയ്ക്ക് വിപരീതമായി ഒന്നും പ്രവർത്തിക്കാതിരിക്കുകയും വേണം. എന്നാൽ, അമുസ്ലിംരാഷ്ട്രങ്ങളിലുള്ള മുസ്ലിംകൾ അമുസ്ലിം ഭരണത്തോട് കൂറു കാണിക്കേണ്ടതില്ല; അതിന്റെ ഭദ്രതയ്ക്കും ക്ഷേമത്തിനുമായി അവർ ഒന്നും പ്രവർത്തിക്കാൻ പാടില്ല; അതിനെ തകിടംമറിക്കാൻ ആവുന്നതും ശ്രമിക്കണം. ഇതാണുപോലും ഇസ്ലാമിന്റെ അദ്ധ്യാപനം!

ഇന്ത്യയിലെ നാലുകോടി മുസ്ലിംകളോട് ഇവിടുത്തെ ഭൂരിപക്ഷസമുദായം എന്തുതന്നെ കാട്ടിക്കൂട്ടിയാലും അല്ല, മ്ലേച്ഛന്മാരോടും ശൂദ്രന്മാരോടുമെന്നപോലെ അവരോട് പെരുമാറിയാലും തങ്ങൾക്കതിൽ യാതൊരു വിരോധവും ഇല്ലെന്നും തങ്ങളുടെ ഭരണനയങ്ങളുടെ പ്രത്യാഘാതം മറ്റു രാജ്യങ്ങളെ എങ്ങനെ ബാധിക്കുമെന്ന് തങ്ങൾക്ക് നോക്കേണ്ടതില്ലെന്നും ഇവർ പറയുന്നു. തങ്ങൾ പാക്കിസ്ഥാനിൽ ഭൂരിപക്ഷമാണെന്നും തന്നിമിത്തം അവിടെ തങ്ങൾക്ക് തോന്നിയതുപോലെ ഭരണം നടത്താമെന്നുള്ള വിചാരത്തിൽ മതിമറന്ന ഇവർ തങ്ങളുടെ യഥാർത്ഥനിലയെപ്പോലും ഓർക്കാതെ എന്തെല്ലാമോ പറഞ്ഞുകളഞ്ഞു. ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെന്നോണം തങ്ങൾ അവതരിപ്പിച്ച സിദ്ധാന്തങ്ങളുടെ വിദൂരമോ സമീപസ്ഥമോ ആയ പ്രത്യാഘാതങ്ങളെക്കുറിച്ചുപോലും ഇവർ ചിന്തിച്ചില്ല. 30 കോടി മുസ്ലിംകൾ ചണ്ഡാലരേയും അധഃകൃതരേയും പോലെ ഇതരസമുദായങ്ങളുടെ ശാസനാനുവർത്തികളായിക്കഴിയേണ്ടിവന്നാലും, 30 കോടി

മുസ്ലിംകൾ ഇതരഭരണകൂടങ്ങൾക്ക് കീഴിൽ നരകിച്ചു ജീവിക്കേണ്ടിവന്നാലും തങ്ങൾക്ക് തങ്ങളുടെ 'ഹിറ്റ്ലറിസം' നടത്തണം എന്നല്ലേ ഇവർ പറയുന്നതിന്റെ അർത്ഥം? ഇത്തരം പണ്ഡിതന്മാരെ മുസ്ലിം സമുദായത്തിന് നേതാക്കന്മാരായി കിട്ടിയത് സമുദായത്തിന്റെ നിർഭാഗ്യമെന്നല്ലാതെ മറ്റെന്താണ് പറയുക!

ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ യുദ്ധമുണ്ടായാൽ ഇന്ത്യൻ മുസ്ലിംകൾ പാക്കിസ്ഥാനോടു ചേരണമെന്നതാണുപോലും ഇസ്ലാമിന്റെ കല്പന! അപ്പോൾ, പാക്കിസ്ഥാനിലെ അമുസ്ലിംകൾക്ക് ഇന്ത്യയേയും സഹായിക്കാൻ പാടുണ്ടല്ലൊ. പാക്കിസ്ഥാനിലെ അമുസ്ലിംകൾ പാക്കിസ്ഥാനിൽ അഞ്ചാംപത്തിപ്രവർത്തനം നടത്തുന്നതിനെ പാക്കിസ്ഥാൻ ഗവർമ്മെന്റിനു പൊറുപ്പിച്ചുകൂടെങ്കിൽ ഇന്ത്യയിലെ മുസ്ലിംകൾ ഇന്ത്യാഗവർമ്മെന്റിന്നെതിരായി പ്രവർത്തിക്കുന്നതെങ്ങനെ ഇവിടുത്തെ ഗവർമ്മെന്റ് പൊറുപ്പിക്കും? ആഭ്യന്തരഭദ്രതയേയും അന്താരാഷ്ട്രനീതിയേയും സാർവ്വദേശീയ സമാധാനത്തേയും കാംക്ഷിക്കുന്ന ഒരു ഭരണകൂടത്തിനും ഇവരിപ്പറയുന്ന അഭിപ്രായത്തെ പൊറുപ്പിക്കാനാവില്ലെന്നു ആർക്കാണറിഞ്ഞുകൂടാത്തത്? എല്ലാ സമുദായങ്ങളും മുസ്ലിംകളുടെ കീഴിൽ അടങ്ങിയൊതുങ്ങി ജീവിച്ചുകൊള്ളണമെന്നും മുസ്ലിംകൾ ആരുടെ കീഴിലും ഒതുങ്ങിജീവിക്കാൻ പാടില്ലെന്നും ഇവർ സിദ്ധാന്തിക്കുന്നത് നീതിമാന്മാരുടെ പക്കൽ ന്യായമായിരിക്കുന്നതെങ്ങനെ? ഇത് ശരിയാണെങ്കിൽ ഇസ്ലാം നീതിയ്ക്കും സമത്വത്തിനും സ്ഥാനം നൽകുന്ന മതമാണെന്നെങ്ങനെ പറയാം?

രസാവഹമായ മറ്റൊരു സംഗതികൂടി ഇവർ പറഞ്ഞിരിക്കുന്നു. ഇന്ത്യ അതിന്റെ കീഴിലുള്ള മുസ്ലിംകളോട് ഹിന്ദുധർമ്മമനുസരിച്ച് പ്രവർത്തിച്ചു തുടങ്ങുന്നതിന് മുമ്പായിത്തന്നെ ഇന്ത്യയെ തങ്ങൾ ആക്രമിച്ചു കീഴടക്കുമെന്നും തങ്ങൾക്കതിനുമാത്രം ശക്തിയുണ്ടെന്നും ഒരു മൗദൂദി വക്താവ് പ്രസ്താവിക്കുകയുണ്ടായി. സ്വന്തം നിലയെപ്പറ്റിത്തന്നെ നല്ലവണ്ണം ചിന്തിച്ചിരുന്നെങ്കിൽ ഇവരീ വങ്കത്തം പറയുമായിരുന്നില്ല. കുഴപ്പം വരുമ്പോൾ ജനങ്ങളെ മുമ്പിലാക്കി രക്ഷപ്പെടുകയും അധികാരത്തിന്നുവേണ്ടി തമ്മിലടിക്കുകയും ചെയ്യുന്ന ഇവരാണത്രെ ഇന്ത്യയെ ആക്രമിക്കാൻ വരുന്നത്! ഇന്ത്യയിലെ മുസ്ലിംകളുടെ നില ഇപ്പോൾ തന്നെ ശൂദ്രന്മാരേയും മ്ലേച്ഛന്മാരേയുംപോലെയാണെന്നാണല്ലൊ മൗദൂദി സാഹിബ് പറയുന്നത്! പിന്നെ എന്തുകൊണ്ടാണാവോ മൗദൂദികൾ ഇന്ത്യയെ ആക്രമിക്കാൻ വരാത്തത്?


ഞങ്ങൾ ഒരു കാര്യം വ്യക്തമാക്കാനാഗ്രഹിക്കുന്നു. മുസ്ലിംപണ്ഡിതന്മാർ കോടതിയിൽ പറഞ്ഞിട്ടുള്ളതുതന്നെയാണ് യഥാർത്ഥ ഇസ്ലാമികാദ്ധ്യാപനമെന്ന് അമുസ്ലിംകൾ ധരിക്കുന്നുവെങ്കിൽ അതബദ്ധമാണ്. ഈ പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുള്ളതല്ല യഥാർത്ഥ ഇസ്ലാമിന്റെ അദ്ധ്യാപനം. ഈ സംഗതി കോടതി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇസ്ലാം നീതിയേയും സമത്വത്തേയും അടിസ്ഥാനമാക്കിയുള്ള മതമാണെങ്കിൽ, ഈ പണ്ഡിതന്മാർ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ഇസ്ലാമികാദ്ധ്യാപനങ്ങളായിരിക്കാൻ നിർവ്വാഹമില്ല. മുസ്ലിം, പ്രതിജ്ഞയെ ലംഘിക്കുന്നവനല്ല. അതിനെ പാലിക്കുന്നവനാണ്. ഇന്ത്യയോട് കൂറ് പ്രഖ്യാപിച്ചിരിക്കുന്ന ഇന്ത്യയിലെ ഒരു മുസ്ലിംപൗരൻ ഇന്ത്യയോട് പൂർണ്ണനിലയിലും യഥാർത്ഥത്തിലുമുള്ള കൂറുള്ളവനായിരിക്കണം. പാക്കിസ്ഥാനും ഇന്ത്യയും തമ്മിൽ യുദ്ധമുണ്ടായാൽ ഇന്ത്യയിലെ മുസ്ലിംകൾ ഇന്ത്യയിൽ അഞ്ചാംപത്തി പ്രവർത്തനം നടത്തണമെന്നും പാക്കിസ്ഥാനെ സഹായിക്കണമെന്നും ഉള്ളതല്ല ഇസ്ലാമികാദ്ധ്യാപനം. തങ്ങൾ കൂറു പ്രഖ്യാപിച്ചിരിക്കുന്ന ഒരു വ്യവസ്ഥാപിത ഭരണകൂടത്തിന്നെതിരായി ഒന്നുംതന്നെ ചെയ്യരുതെന്നും ആ രാഷ്ട്രത്തിന്റെ രക്ഷയ്ക്കും ക്ഷേമത്തിന്നുമായി അയാൾ പൊരുതുകയാണ് വേണ്ടതെന്നുമാണ് ഇസ്ലാം പഠിപ്പിക്കുന്നത്. തങ്ങൾ മുസ്ലിംകളുടെ ഭാഗത്തുചേർന്നു യുദ്ധം ചെയ്യുകയില്ലെന്നു മക്കക്കാരുമായി ഒരു കരാർ ചെയ്തിരുന്ന രണ്ട് മുസ്ലിംകൾ മദീനയിൽ നബിതിരുമേനിയെ സമീപിച്ച് ബദ്ർ യുദ്ധത്തിൽ തിരുമേനിയോടൊപ്പം യുദ്ധം ചെയ്യാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടപ്പോൾ തിരുമേനി അതിന്നനുവദിക്കാതെ മക്കത്തേക്കുതന്നെ അവരെ തിരിച്ചയക്കുകയാണ് ചെയ്തത്. മക്കക്കാരുമായി അത്തരമൊരു പ്രതിജ്ഞ ചെയ്തിട്ടുണ്ടെങ്കിൽ അത് പാലിക്കുകതന്നെ വേണം എന്നു തിരുമേനി അവരോട് പറഞ്ഞു. ഇതിൽനിന്നും പ്രതിജ്ഞയെ ആ പുണ്യാത്മാവ് എത്രത്തോളം മാനിച്ചിരുന്നുവെന്ന് മനസ്സിലാക്കാം. അങ്ങനെയിരിക്കെ, ഇന്ത്യയോട് കൂറ് പ്രതിജ്ഞ ചെയ്ത ഇന്ത്യയിലെ മുസ്ലിംകൾ പാക്കിസ്ഥാനും ഇന്ത്യയും തമ്മിൽ യുദ്ധമുണ്ടായാൽ പാക്കിസ്ഥാന്റെ ഭാഗത്ത് ചേരണമെന്നതാണ് ഇസ്ലാമികാദ്ധ്യാപനമെന്ന് എങ്ങനെ പറയാം? മുസ്ലിം രാജ്യവുമായി സഖ്യത്തിലിരിക്കുന്ന ഒരമുസ്ലിംരാജ്യത്തോട് അതിന്നുകീഴിലുള്ള മുസ്ലിംകളെ സഹായിക്കാനായി യുദ്ധം ചെയ്യരുതെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. എന്നിരിക്കെ, ഒരു ഗവർമ്മെന്റിന്റെ കീഴിൽ താമസിച്ചുവരുന്ന മുസ്ലിംകൾ ആ ഗവർമ്മെന്റിന്നെതിരായി മറ്റൊരു ഗവർമ്മെന്റിനെ സഹായിക്കുകയെന്നത് ഇസ്ലാമികപാഠമായിരിക്കുന്നതെങ്ങനെ? നബിതിരുമേനി(സ) സ്വജീവിതമാതൃകകൊണ്ട് ഇസ്ലാമികാദ്ധ്യാപനങ്ങളെ പ്രവർത്തിച്ചുകാണിച്ചുതന്നിട്ടുണ്ട്. അതിന്നു വിപരീതമായി ആരെന്തുപറഞ്ഞാലും അത് ഇസ്ലാമികാദ്ധ്യാപനമായിരിക്കുന്നതല്ലതന്നെ.

അന്വേഷണകോടതിയിൽ ഇസ്ലാമികാദ്ധ്യാപനങ്ങളെന്നോണം മുസ്ലിംപണ്ഡിതന്മാർ നൽകിയ ഈ മൊഴികൾ മുസ്ലിംകൾക്ക് ഒരിക്കലുംതന്നെ ഗുണകരമോ സഹായകമോ ആയിട്ടുള്ളതല്ല. ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ച് അവജ്ഞയും തെറ്റിദ്ധാരണയും പരത്തുന്നതിന്നല്ലാതെ ഈ പ്രസ്താവനകൾ ഉപകരിക്കുകയുമില്ല. ഇത്തരം പണ്ഡിതന്മാരുടെ നേതൃത്വത്തിൽനിന്ന് അല്ലാഹു മുസ്ലിംലോകത്തെ രക്ഷിക്കട്ടെ! (ആമീൻ). (*അവലംബം: സത്യദൂതൻ, 1955 ലക്കം-8*)

●

അനുസ്മരണം

# വി.പി. അബ്ദുൽ ജലീൽസാഹിബ്



കൂടാളി ജമാഅത്തിന്റെ മുൻകാലപ്രസിഡന്റും സിയാഫത്ത് സെക്രട്ടറിയും, ഉമൂറെആമയും, കൂടാളി പൊതുജനവായനശാലയുടെ ആദ്യകാല പ്രവർത്തകനും, കൂടാളി സഹകരണബാങ്കിന്റെ ഒന്നാമത്തെ ഡയരക്ടർ ബോർഡ് അംഗവും, അറിയപ്പെടുന്ന ഒരു ശിക്കാരിയുമായിരുന്ന ജനാബ് വി.പി. അബ്ദുൽജലീൽ സാഹിബ്(85) 2006 മാർച്ച് 25-ന് നിര്യാതനായി. ഇന്നാ ലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ.

കൂടാളിയിലെ ആദ്യകാല അഹ്മദികളിൽ പ്രമുഖനായിരുന്ന മർഹൂം ശേഖ് അബ്ദുല്ലാഹ് സാഹിബിന്റെ സഹോദരി പരേതയായ മുബാറക്കാ ബീഗം സാഹിബയുടെയും മറ്റൊരു പ്രമുഖ അഹ്മദിയായ കുഞ്ഞാലി സാഹിബിന്റേയും ഏഴുമക്കളിൽ ഒരാളാണ് അന്തരിച്ച ജലീൽ സാഹിബ്. കടലായി ജമാഅത്തിന്റെ ദീർഘകാല പ്രസിഡന്റായിരുന്ന പരേതനായ വി.പി. അബ്ദുൽ ഹയ്യ് സാഹിബും, കൂടാളി ജമാഅത്തിന്റെ മാൽ സെക്രട്ടറിയും ഇമാമുസ്സലാത്തുമായിരുന്ന പരേതനായ വി.പി. മുഹമ്മദ് സാഹിബും ഇദ്ദേഹത്തിന്റെ സഹോദരന്മാരും, ഇപ്പോൾ ജീവിച്ചിരിപ്പുള്ള വി.പി. മർയം ബീവി സാഹിബ സഹോദരിയുമാണ്.

ചെറുപ്പകാലം മുതൽ അധ്വാനശീലനും വിവിധയിനം കാർഷികവൃത്തിയിൽ തൽപരനുമായിരുന്ന അദ്ദേഹം നാട്ടുകാർക്കിടയിൽ 'സാഹിബ്' എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ട ഒരു പൊതുജനസേവകനായിരുന്നു. ഉദാരമതിയായിരുന്ന ജലീൽ സാഹിബിന്റെ ഇരുചെവിയറിയാത്ത സഹായങ്ങളും, പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ അത് പരിഹരിക്കാനുള്ള കഴിവും ആത്മാർത്ഥമായ ശ്രമങ്ങളുമാണ് അദ്ദേഹത്തെ ആദരണീയനാക്കിത്തീർത്തത്.

കൂടാളിയിലെ മദ്റസ അഹ്മദിയ്യാ എന്ന പഴയ മിഷൻഹൗസിന്റെ നിർമ്മാണഘട്ടം മുതൽ കർമ്മരംഗത്ത് അദ്ദേഹം സേവനങ്ങൾ അർപ്പിച്ചുവന്നു. കെട്ടിടനിർമ്മാണത്തിനുവേണ്ടി അക്കാലത്തെ തെന്നിന്ത്യൻ അഹ്മദിയ്യാ മിഷനറി മർഹൂം മൗലാനാ ബി അബ്ദുല്ലാ സാഹിബ് എച്ച്.എ.(റഹ്) പലരിൽനിന്നായി ശേഖരിച്ചുകൊണ്ടുവരുന്ന പണം, അന്നത്തെ കൂടാളി ജമാഅത്തിന്റെ പ്രസിഡന്റ് സ്ഥാനവുംകൂടി വഹിച്ചിരുന്ന പരേതനായ ജനാബ് എൻ. ഹാമിദ് സാഹിബിന്റെ നിർദ്ദേശപ്രകാരം കോഴിക്കോട്ടും, മറ്റു സ്ഥലങ്ങളിലും പോയിവാങ്ങിക്കൊണ്ടുവരാറുള്ളത് ജലീൽ സാഹിബായിരുന്നു.

നേതൃത്വപാടവവും കർമ്മരംഗത്ത് കണിശക്കാരനുമായ അദ്ദേഹത്തിന്റെ പ്രോത്സാഹനം യുവാക്കൾക്ക് മാതൃകയായി പരിണമിച്ചു.പണ്ടുമുതലേ ഒരു മൊട്ടക്കുന്നിൽ സ്ഥിതിചെയ്യുന്ന കൂടാളിയിലെ അഹ്മദിയ്യാ ശ്മശാനത്തിൽ ഖബ്ർ കുഴിക്കുന്ന ക്ലേശകരമായ ജോലിക്ക് ശാരീരികമായി സ്വയം നേതൃത്വം നൽകി യുവാക്കളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

പ്രതിസന്ധികളോട് പ്രതികരിക്കാനുള്ള അദ്ദേഹത്തിന്റെ മനസ്സാന്നിധ്യത്തിന്റെ ഉദാഹരണമാണ് മട്ടന്നൂരിൽ കണ്ടത്. മട്ടന്നൂരിൽ ചേർന്ന അഹ്മദിയ്യാ സമ്മേളനം അലങ്കോലപ്പെടുത്താനും അവിടെ എത്തിച്ചേർന്ന പ്രതിനിധികൾക്ക് ഭക്ഷണം നല്കാതിരിക്കാൻ ഹോട്ടലുകൾ മുടക്കാനും എതിരാളികൾ സംഘടിതമായി ശ്രമിച്ചപ്പോൾ ആ വെല്ലുവിളി സധൈര്യം സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് പെട്ടെന്ന് ഭക്ഷണം പാചകം ചെയ്തെടുക്കാനുള്ള സംവിധാനമുണ്ടാക്കിയത്.

കൂടാളിയിലെ 'ഫസ്ലെ ഉമർ' ഇംഗ്ലീഷ് മീഡിയം സ്കൂളിന് സ്ഥലം കിട്ടാൻ താമസം നേരിട്ടപ്പോൾ ജലീൽ സാഹിബിന്റെ സ്വന്തം കെട്ടിടത്തിൽ വെച്ചാണ് സ്കൂളിന് ആരംഭമുഹൂർത്തം കുറിച്ചത്. കൂടാളിയിൽ പുതുതായി നിർമ്മിച്ച ബയ്തുസ് സുബ്ഹാൻ എന്ന പള്ളിയുടെ നിർമ്മാണപ്രവർത്തനത്തിൽ ശാരീരികവും സാമ്പത്തികവുമായി സ്തുത്യർഹമായ സേവനമാണ് അദ്ദേഹം നിർവ്വഹിച്ചത്. ഒരു വർഷക്കാലമായി രോഗാതുരനായികിടന്നപ്പോഴും കൂടാളി ജമാഅത്ത് പുതുതായി രൂപംനൽകിയ മിഷണറിക്വാർട്ടേർസ്, ലൈബ്രറി, റീഡിംഗ്റൂം, കമ്മ്യൂണിറ്റിഹാൾ തുടങ്ങിയ മിഷൻ കോംപ്ലക്സിന്റെ നിർമ്മാണപുരോഗതിയിലാണ് അദ്ദേഹം ശ്രദ്ധാലുവായത്. പൂർണ്ണമായും രോഗത്തിന്റെ പിടിയിലമർന്നപ്പോഴും പുതിയ കോംപ്ലക്സിന്റെ പണപ്പിരിവിലും, വർക്കിങ്ങ് കമ്മിറ്റിയുമായുള്ള കെട്ടിട നിർമ്മാണചർച്ചയിലും അദ്ദേഹം സജീവമായി പങ്കെടുക്കാറുണ്ടായിരുന്നു.

സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാനിൽനിന്നെത്തുന്ന ഔദ്യോഗിക ഭാരവാഹികളെയും, മുബല്ലിഗുമാരെയും മുഅല്ലിമീങ്ങളെയും മറ്റു അതിഥികളെയും സ്വീകരിക്കുന്നതിലും സൽക്കരിക്കുന്നതിലും അദ്ദേഹം ഏറെ സംതൃപ്തി പ്രകടിപ്പിച്ചു.

പരേതന്റെ ഭാര്യ ഇ.വി. ഫാത്തിമാസാഹിബ. മക്കൾ: അബ്ദുൽവാഹിദ്, അബ്ദുസ്സമദ്, അബ്ദുൽമാലിക്ക്, സാഹിദ, ആബിദ, സറീന, മെഹ്ബൂബ. മരുമക്കൾ: കെ.പി. അഹ്മദ്(കോഴിക്കോട്), ഇ.എം. അസ്ലം(കണ്ണൂർ), ബി. സാദിഖ് അഹ്മദ്(പഴയങ്ങാടി), വി.പി. ആശിഖ് (കടലായി), ബി. മൻസൂറ(പഴയങ്ങാടി), ബി. നസീമ (കോഴിക്കോട്), ഇ.വി. ശാഹിന(കൂടാളി).

വാക്കുകളേക്കാൾ കർമ്മങ്ങൾക്ക് പ്രാധാന്യം നൽകിയ വ്യക്തിത്വത്തിന്റെ ഉടമയായ പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

*കെ.പി. അഹ്മദ്, കൂടാളി*

മുഹമ്മദ് നബി(സ)യുടെ സമുദായത്തെ നീ നന്നാക്കി ത്തീർത്താലും. അതുകൊണ്ട് ഇവരുടെ പരിഷ്ക്കര ണത്തിന് ഒരുപാട് പ്രാർത്ഥന ആവശ്യമാണ്. പരിഷ്ക്ക രണം ഒരൊറ്റമാർഗ്ഗത്തിലൂടെ മാത്രമേ നടക്കുകയുള്ളൂ. അത് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുക എന്നതാ ണ്. ഭൗതികവും ആകാശീയവുമായ നാശത്തിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ഇതല്ലാത്ത മറ്റൊരു മാർഗ്ഗവും വിജയിക്കുകയില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനം മുഴു ലോകത്തിനും വേണ്ടിയുള്ളതാണ്. വെറും മുസ്ലിം കൾക്കുവേണ്ടി മാത്രമുള്ളതല്ല. അമുസ്ലിംകൾക്ക് വേണ്ടിയും നാം പ്രാർത്ഥിക്കേണ്ടതാണ്. ഈ സമ്പ ന്നരാഷ്ട്രം ദരിദ്രരാഷ്ട്രങ്ങളിൽനിന്ന് നേട്ടങ്ങൾ കൊയ്യു ന്നതിനുവേണ്ടി തങ്ങളുടെ കീഴിൽ അവരെ കൊണ്ടു വരാൻ ആഗ്രഹിക്കുന്നത് അക്രമമാണ്. അക്രമിക ളേയും സഹായിക്കണമെന്ന് തിരുനബി വചനത്തിൽ പറഞ്ഞിരിക്കുന്നു. അക്രമികളെ സഹായിക്കുന്നത് അവരുടെ കൈകൾ തടഞ്ഞുകൊണ്ടാണ്. കൈകൊണ്ട് അവരെ തടയാൻ നമുക്ക് സാധ്യമല്ല. അതിനുള്ള ഒരു മാർഗ്ഗം പ്രാർത്ഥനയാണ്. അതുകൊണ്ട് സകല മനു ഷ്യർക്കുവേണ്ടിയും പ്രാർത്ഥിക്കുക.

സമാധാനം സ്ഥാപിക്കുന്നതിനെ കുറിച്ച് രണ്ടാം ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മ ദ്(റ) മനോഹരമായ ഒരു കാര്യം പറയുകയുണ്ടായി. "ദേശത്തോടുള്ള സ്നേഹവും മനുഷ്യകുലത്തോടുള്ള സ്നേഹവും ഒരിടത്ത് സമ്മേളിക്കണമെന്ന കാര്യം ലോകം മനസ്സിലാക്കാത്തിടത്തോളംകാലം സമാധാനം സ്ഥാപിതമാവുകയില്ല." മനുഷ്യകുലത്തിന്റെ നേട്ടം ആഗ്ര ഹിക്കുമ്പോൾ വെറും തന്റെ ദേശത്തിന്റെ നേട്ടം മാത്ര മാഗ്രഹിക്കാതെ മുഴുവൻ മനുഷ്യകുലത്തിന്റെയും ചിന്തയുണ്ടായിരിക്കണം. അപ്പോഴാണ് സമാധാനം സ്ഥാപിതമാവുക.

ഇതിന് അല്ലാഹു ഇവർക്ക് സൗഭാഗ്യം നൽകുമാറാക ട്ടെ. ഇല്ലെങ്കിൽ, അതിക്രമം പരിധി ലംഘിക്കുമ്പോൾ അല്ലാഹു തന്റെ ലാത്തിവീശാൻ തുടങ്ങുന്നു. ആപത്തു കളുടെയും പ്രളയങ്ങളുടെയും നാശങ്ങളുടേയും രൂപ ത്തിൽ തന്റെ പ്രവർത്തനം അവൻ കാണിക്കുന്നു.

●

| | | | | |
|---|---|---|---|---|
| 15817 | ഐ.കെ. ഫിറോസ് | s/o കെ.ബി. ഇസ്മാഈൽ | എറണാകുളം | 8.4.05 |
| 15818 | ലുഖ്മാൻ അഹ്മദ് ഗോറി | s/o അനീസ് അഹ്മദ് ഗോറി | എറണാകുളം | 9.4.05 |
| 15819 | കെ.എ.നിസാർ അഹ്മദ് | s/o കെ.കെ. അബ്ദുല്ല | എറണാകുളം | 9.4.05 |
| 15820 | പി.എ. ശൗക്കത്ത് | s/o പി.എം. അലി | എറണാകുളം | 10.4.05 |
| 15821 | പി.എ. നഫീസ | w/o ബി.എച്ച്. അബ്ദുസ്സത്താർ | എറണാകുളം | 9.4.05 |
| 15822 | പി.അമത്തുൽ ഹഫീസ് | w/o ഇ. അബ്ദുർറഹിമാൻ | കരുളായി | 1.4.05 |
| 15823 | എ.പി. സഫിയ | w/o അഹ്മദ് റശീദ് | കരുളായി | 1.4.05 |
| 15824 | ടി.കെ. ആമിന | w/o ടി.കെ. ബീരാൻകുട്ടി | കരുളായി | 1.4.05 |
| 15825 | ടി. മുഹമ്മദ് | s/o ടി. കോയണ്ണി | മുറിയക്കണ്ണി | 4.4.05 |
| 15826 | പി.എച്ച്. നുസ്റത്ത്ജഹാൻ | d/o ടി. മുഹമ്മദ് | മുറിയക്കണ്ണി | 4.4.05 |
| 15870 | വി. മുഹമ്മദ് റഈസലി | s/o വി. മുഹമ്മദ് അലി | കൂടാളി | 1.4.05 (6-7) |
| 15891 | എം.എം. മുംതാസ് | w/o സി.കെ. സഫറുല്ലാഹ് | കൊടുങ്ങല്ലൂർ | 7.5.05 |
| 15892 | ടി.എ.റാഫിഅ | w/o മുഹമ്മദ് സ്വാലിഹ് | പത്തപ്പിരിയം | 11.4.05 |
| 15893 | എം.പി. മുഹമ്മദ് | s/o ഫഖ്റുദ്ദീൻ | പത്തപ്പിരിയം | 1.4.05 |
| 15894 | സി.എച്ച്. മുഹമ്മദ് സ്വാലിഹ് | s/o സി.എച്ച്. അബ്ദുർ റഹ്മാൻ | പത്തപ്പിരിയം | 1.4.05 (15) |
| 15895 | എ.കെ. സ്വബാഹ് | s/o വീരാൻ | പത്തപ്പിരിയം | 1.4.05 |
| 15896 | പി.പി.അബ്ദുൽഅമീർ | s/o കുഞ്ഞിരായിൻ | പത്തപ്പിരിയം | 1.4.05 |
| 15897 | പി.പി. ഹംസ | s/o കെ. ബാവ | പത്തപ്പിരിയം | 1.4.05 |
| 15898 | എൻ. അബ്ദുല്ലാഹ് | s/o മുഹമ്മദ് | പത്തപ്പിരിയം | 1.4.05 |
| 15899 | പി. നസീറ | w/o അബ്ദുൽജബ്ബാർ | പള്ളിപ്പുറം | 6.4.05 |
| 15900 | സി. അബ്ദുൽജബ്ബാർ | s/o സി. മുഹമ്മദ്കുട്ടി | പള്ളിപ്പുറം | 6.4.05 |
| 15902 | ടി.എം. റസിയ | w/o ടി. മുഹമ്മദ് | പള്ളിപ്പുറം | 5.4.05 |
| 15903 | ടി. മുഹമ്മദ് | s/o ടി. ഹൈദർ | പള്ളിപ്പുറം | 5.4.05 (16) |

(ബദ്ർ പത്രത്തിന്റെ ലക്കം നമ്പറാണ് അവസാനം കൊടുത്തിരിക്കുന്നത്. വസിയ്യത്ത് അംഗീകരിക്കുന്നതിനു മുമ്പേ ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് കേന്ദ്രത്തിൽ അറി യിച്ച് തിരുത്താൻ വേണ്ടിയാണ്. അതിനാൽ വസിയ്യത്ത് ചെയ്ത മൂസിമാർ തങ്ങളുടെ വസിയ്യത്ത് പ്രസിദ്ധീ കരിച്ചിട്ടുള്ള ബദ്ർ പത്രം നോക്കി തങ്ങൾ എഴുതിക്കൊടുത്ത രേഖകൾ ശരിയാണോ എന്ന് പരിശോധിക്കു ക. എന്തെങ്കിലും നീക്കാനോ ചേർക്കാനോ ഉണ്ടെങ്കിൽ സെക്രട്ടറി ബിഹിശ്തി മഖ്ബറയെ അറിയിക്കുക.)

# ലക്ഷദ്വീപിന്റെ തലസ്ഥാനത്ത് അഹ്മദിയ്യത്തിന്റെ ശീതളധ്വനി

ലക്ഷദ്വീപിന്റെ തലസ്ഥാനമായ കവരത്തിയിൽ അഹ്മദിയ്യത്തിന്റെ ശീതളധ്വനി മുഴങ്ങിക്കേട്ട ദിനങ്ങളായിരുന്നു ഇക്കഴിഞ്ഞ മാർച്ച് ഒന്നുമുതൽ മൂന്നുവരെയുള്ള ദിനങ്ങൾ.

കേരളക്കരയിൽനിന്നും ക്ഷണിക്കപ്പെട്ട അഹ്മദിയ്യത്തിന്റെ പടനായകന്മാരിൽ മുൻനിരക്കാരിലൊരാളായ മൗലവി മഹ്മൂദ് അഹ്മദ്, ദ്വീപുകാരനാണെങ്കിലും ഇപ്പോൾ കേരളത്തിലെ പ്രബോധനരംഗത്ത് കാലുറപ്പിച്ചുകഴിഞ്ഞ മൗലവി ഹിദായത്തുല്ലാഖാൻ സഖാഫി എന്നിവരുടെ സജീവസാന്നിധ്യം കവരത്തിയിലെ അംഗുലിപരിമിതരായ അഹ്മദികളിൽ അനൽപമായ ആവേശംപകർന്നു. ഒന്നാം തിയ്യതി രാവിലെ 'എം.വി. ടിപ്പുസുൽത്താൻ' എന്ന കപ്പലിൽ കവരത്തിയിലെ ജെട്ടിയിൽ കാലെടുത്തുവെക്കുമ്പോൾ കവരത്തി ജമാഅത്ത് പ്രസിഡന്റ് അബ്ദുൽഖയ്യൂം സാഹിബിന്റെ നേതൃത്വത്തിൽ അഹ്മദികൾ നിറഞ്ഞആഹ്ലാദചിത്തരായി അവരെ സ്വീകരിക്കാൻ കാത്തുനിൽക്കുകയായിരുന്നു.

കഴിഞ്ഞവർഷം ഇദംപ്രഥമമായി നടത്തിയ അൻസാറുല്ലാ-ലജ്നാ സംയുക്തഇജ്തിമാക്ക് ശേഷമുണ്ടായ പൊതുപരിപാടിയായിരുന്നു ഇത്. ഒന്നാം തിയ്യതി വൈകുന്നേരം ദ്വീപിന്റെ മുക്കിലും മൂലയിലും അനൗൺസുമെന്റുണ്ടായിരുന്നു. മഗ്രിബ് നിസ്കാരാനന്തരം കച്ചേരിജെട്ടി മൈതാനിയിൽ പഞ്ചായത്ത് സ്റ്റേജിൽ നടന്ന പൊതുയോഗത്തിൽ മൗലവി മഹ്മൂദ് അഹ്മദ് സാഹിബ്, മൗലവി ഹിദായത്തുല്ലാഖാൻ സഖാഫി എന്നിവർ റസൂൽ(സ) തിരുമേനിയുടെ സംഭവബഹുലമായ ജീവിതത്തിൽനിന്നുള്ള അനർഘങ്ങളായ മണിമുത്തുകൾ ശ്രോതാക്കൾക്ക് മുമ്പിൽ വാരിവിതറിയപ്പോൾ മുന്നൂറോളം വരുന്ന ശ്രോതാക്കളുടെ മനസ്സ് 1400 വർഷങ്ങൾക്കപ്പുറമുള്ള അറേബ്യൻ മണലാരണ്യത്തിൽ തിരുനബിയോടും സഖാക്കളോടുമൊപ്പം സഹവസിക്കുകയായിരുന്നു.

'രങ്കീലാറസൂൽ'തൊട്ട് സാത്താനിക്ക് വേഴ്സസും കാർട്ടൂൺ ചിത്രവും വരെയുള്ള റസൂൽ(സ)ക്ക് നേരെ നടന്ന ബീഭത്സമായ നിരവധി വിമർശനകൂരമ്പുകളെ ഇസ്ലാമികാദ്ധ്യാപനമനുസരിച്ച് ആശയയുദ്ധത്തിലൂടെ മുനയൊടിക്കുന്ന രീതിയാണ് അഹ്മദികളുടെ ഇത്തരം സംഭവങ്ങളോടുള്ള പ്രതികരണമെന്ന് പ്രസംഗകർ ചൂണ്ടിക്കാട്ടി. ഇതിന്റെ പേരിൽ തെരുവുയുദ്ധങ്ങൾ നടത്തി, വഴിയാത്രക്കാർക്കും പൊതുമുതലിനും ഹാനിവരുത്തുന്ന അനഹ്മദി മുസ്ലിംകളുടെ പ്രതിഷേധരീതി ഇസ്ലാമികാദ്ധ്യാപനത്തിനും തിരുനബിയുടെ നടപടിക്രമങ്ങൾക്കും വിരുദ്ധമാണെന്നവർ സമർത്ഥിച്ചു.

രണ്ടാമത്തേയും മൂന്നാമത്തേയും ദിവസങ്ങളിൽ നുബുവ്വത്ത്, ഈസാനബിയുടെ മരണവും പുനരാഗമനവും, സത്യസാക്ഷ്യം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ നടത്തി. മൗലവിമാർ പിറ്റേദിവസം മുതൽ കൽപേനിയിലും പ്രഭാഷണപരമ്പരകൾ നടത്തി.

●

# ഏകദിന തർബിയ്യത്ത് ക്യാമ്പ്

**മു**റിയക്കണ്ണി മജ്ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ തിരുവാഴാംകുന്ന് അഹ്മദിയ്യാ മുസ്ലിം ഇൻഫർമേഷൻ സെന്ററിൽ 26.3.06-ന് ഏകദിന തർബിയ്യത്ത് ക്യാമ്പ് നടക്കുകയുണ്ടായി.

രാവിലെ 9.45-ന് ആരംഭിച്ച ഉദ്ഘാടന സെഷനിൽ കെ. ബഷീർ സാഹിബ് ഖുർആൻ പാരായണവും സയീം സാഹിബ് മജ്ലിസ് അൻസാറുല്ലാഹ് പ്രതിജ്ഞയും നിർവ്വഹിച്ചു. പി. അബ്ദുസ്സലാം സാഹിബ് പദ്യം ചൊല്ലി. പാലക്കാട് ഇലാഖ നാസിം എം.കെ.അബ്ദുൽ അസീസ് സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജമാഅത്ത് പ്രസിഡന്റ് ടി. രായുസാഹിബ് ആശംസകളർപ്പിച്ചു. യോഗത്തിൽ മജ്ലിസ് അൻസാറുല്ലാ സയീം എ.പി. മുഹമ്മദ് ഇസ്മായീൽ സാഹിബ് അദ്ധ്യക്ഷനായിരുന്നു.

തുടർന്ന് നടന്ന തർബിയ്യത്ത് സെഷനിൽ മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ്, ധനത്യാഗം എന്ന വിഷയത്തെക്കുറിച്ചും മൗലവി ടി. ശഫീഖ് അഹ്മദ് സാഹിബ് ദീനീബോധം എന്ന വിഷയത്തെക്കുറിച്ചും ക്ലാസ്സുകളെടുത്തു.

നമസ്ക്കാരത്തിനും ഭക്ഷണത്തിനുംശേഷം 2.30-ന് പഠനസെഷൻ ആരംഭിച്ചു. ഉച്ചക്ക് മുമ്പ് നടന്ന ക്ലാസ്സുകളെ ആസ്പദമാക്കി മൗലവി ഹിദായത്തുല്ലാ സാഹിബ് സഖാഫി അൻസാർ സഹോദരന്മാർക്കുവേണ്ടി ക്വിസ് മത്സരം നടത്തുകയുണ്ടായി. മത്സരത്തിൽ ടി. കുഞ്ഞീതുമാസ്റ്റർ, ടി. മുഹമ്മദ് സാഹിബ് എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. ശേഷം 'ഖിലാഫത്തിനോടുള്ള പ്രതിബദ്ധത' എന്നതിനെക്കുറിച്ച് മൗലവി കെ. ഖമറുദ്ദീൻ സാഹിബും, 'അൻസാറുല്ലാഹ് ലക്ഷ്യവും കർത്തവ്യങ്ങളും' എന്നതിനെക്കുറിച്ച് മൗലവി ഹിദായത്തുല്ലാ സാഹിബ് സഖാഫിയും പ്രഭാഷണങ്ങൾ നടത്തി. സയീം സാഹിബിന്റെ നന്ദിക്കുശേഷം പ്രസിഡന്റ് സാഹിബിന്റെ ദുആയോടെ 4 മണിക്ക് ക്യാമ്പ് അവസാനിച്ചു.

ക്യാമ്പിൽ പങ്കെടുത്ത അൻസാർ സഹോദരങ്ങൾക്ക് രുചികരമായ അന്നപാനീയങ്ങൾ തയ്യാർ ചെയ്തത് ഖാദീം സഹോദരങ്ങളായിരുന്നു.

●

# സിദ്ദീഖ് സാഹിബിന്റെ വേർപാട്

20.5.06-ന് ചേലക്കരയിൽനിന്ന് കണ്ണൂരിലേക്കുള്ള യാത്രാമദ്ധ്യേ കൊയിലാണ്ടിക്കടുത്തുവെച്ചാണ് ടി.കെ. സിദ്ദീഖ് സാഹിബിന്(47) അപകടം സംഭവിച്ച വിവരം അറിഞ്ഞത്. അദ്ദേഹത്തിനേറ്റ പരിക്ക് മരണത്തിലേക്ക് എത്തിക്കുന്നത്ര ഗുരുതരമാണെന്ന് അപ്പോൾ തോന്നിയില്ല. 21-ാം തിയ്യതി രാവിലെ എല്ലാവരേയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് അദ്ദേഹം തന്റെ രക്ഷിതാവിലേക്ക് യാത്രയായി. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ. അല്ലാഹുവിന്റെ തൃപ്തിയിൽ നമ്മൾ സംതൃപ്തരാണ്.

കരുളായിയിലെ ആദ്യ അഹ്മദി ടി.കെ. കുഞ്ഞാലൻ ഹാജി സാഹിബിന്റെ മൂത്തമകനായ ടി.കെ. ബീരാൻ കുട്ടി സാഹിബിന്റെ മകനാണ് സിദ്ദീഖ് സാഹിബ്. ശാരീരികമായും സാമ്പത്തികമായും ഇസ്‌ലാമിനുവേണ്ടി എന്നും സേവനം ചെയ്ത, ചെയ്തുകൊണ്ടിരിക്കുന്ന ഒരു കുടുംബത്തിലെ അംഗമാണദ്ദേഹം. നബി(സ) തിരുമേനിയുടെ വാഗ്ദാനമനുസരിച്ച് ആഗതരായ മഹ്ദി മസീഹ്(അ)നോടും അവിടന്ന് സ്ഥാപിച്ച ജമാഅത്തിനോടും ഖിലാഫത്തിനോടും ഖലീഫമാരോടും പ്രത്യേകമായൊരു ആത്മീയബന്ധം ഈ കുടുംബം ശക്തമായനിലയിൽ പുലർത്തിപ്പോരുന്നു. ഈ കുടുംബത്തിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയാത്തവരായി ആരുംതന്നെയില്ലെന്ന് പറയാം.

സിദ്ദീഖ് സാഹിബ് ജമാഅത്തിനോട് വളരെയധികം കൂറും ആത്മാർത്ഥതയും പുലർത്തിയിരുന്ന വ്യക്തിയാണ്. സയീം അൻസാറുല്ലാഹ് ആയി പ്രവർത്തിച്ചിരുന്ന അദ്ദേഹം വഫാത്താകുമ്പോൾ ജമാഅത്തിന്റെ ജനറൽ സെക്രട്ടറിയും സെക്രട്ടറിമാലും, ഫസ്‌ലെ ഉമർ ഇംഗ്ലീഷ്മീഡിയം സ്കൂളിന്റെ അഡ്മിനിസ്ട്രേറ്ററുമായിരുന്നു. ബി.എം. കോയാസാഹിബ് മജ്‌ലിസ് അൻസാറുല്ലാഹ് നാസിം കേരള ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ സംസ്ഥാനസമിതിയിൽ തജ്നീദ് സെക്രട്ടറിയായി സേവനം അനുഷ്ഠിക്കാനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. മലപ്പുറം മേഖലാ അൻസാറുല്ലായുടെ നടപ്പുവർഷത്തെ നായിബ് നാസിം ഈഥാർ, സെക്രട്ടറി സിഹ്ഹത്തെ ജിസ്മാനി, സെക്രട്ടറിമാൽ എന്നീ സ്ഥാനങ്ങൾ കേന്ദ്രത്തിൽനിന്ന് അംഗീകരിച്ചുവന്നപ്പോഴാണ് അദ്ദേഹത്തിന്റെ വേർപാട് ഉണ്ടായത്.

തനിക്കറിയുന്ന രീതിയിൽ താനുൾക്കൊണ്ട സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. അതിഥിസൽക്കാരപ്രിയനായിരുന്നു അദ്ദേഹം. സാധുക്കളേയും വിധവകളേയും രോഗികളേയും ആരോരുമറിയാതെ അദ്ദേഹം സഹായിച്ചിരുന്നു.

അനഹ്മദികളോടും അമുസ്‌ലിംകളോടും അദ്ദേഹത്തിന്റെ ബന്ധം വളരെ സുദൃഢമായിരുന്നു. അനഹ്മദികളായ നൂറുകണക്കിനാളുകളാണ് അദ്ദേഹത്തിന്റെ ജനാസയിൽ പങ്കെടുത്തത്. എന്നല്ല, ഖബറടക്കം ചെയ്യുന്നതുൾപ്പെടെയുള്ള എല്ലാ കർമ്മങ്ങളിലും അവ



**സുദൃഢമായ ആത്മബന്ധം: വാഗ്ദത്ത മഹ്ദി മസീഹിന്റെ പൗത്രനും ജമാഅത്തിന്റെ അഖിലേന്ത്യാ അദ്ധ്യക്ഷനുമായ ഹസ്റത്ത് മിർസാ വസിം സാഹിബിനോടൊത്ത് സിദ്ദീഖ് സാഹിബ്**

രുടെ സജീവസാന്നിധ്യം അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ വിളിച്ചോതുന്നു. ഹുസൂറിന്റെ ആഹ്വാനപ്രകാരം അദ്ദേഹം 1.04.05-ന് വസിയ്യത്ത് പദ്ധതിയിൽ അംഗമായി. (നമ്പർ 15789 ബദ്ർ 2006, ലക്കം 3) ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചന്ദ കൊടുക്കുന്നവരിൽ ഒരാളായിരുന്നു അദ്ദേഹം. മുബല്ലിഗുമാരേയും മുഅല്ലിമുമാരേയും മറ്റ് ദീനീസേവനം ചെയ്യുന്നവരേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. ജനാസ നാട്ടിലെത്തിയപ്പോൾ കടകളും മറ്റു സ്ഥാപനങ്ങളും അടച്ച് തങ്ങളുടെ പ്രിയങ്കരനായ സിദ്ദീഖിനെ നാട്ടുകാർ ആദരിച്ചു. സഹോദരൻ ടി.കെ. മഹ്മൂദ് സാഹിബ് മയ്യിത്ത് നിസ്കാരത്തിനും പിതൃസഹോദരനായ ടി.കെ. മുഹമ്മദ് കുഞ്ഞുസാഹിബ് ഖബ്റിടത്തിൽ ദുആയ്ക്കും നേതൃത്വം നല്കി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നൂറുകണക്കിന് സഹോദരീസഹോദരന്മാർ തങ്ങളുടെ ആത്മീയസഹോദരന്റെ മയ്യിത്ത് സംസ്കരണ ചടങ്ങിൽ പങ്കെടുക്കുവാൻ എത്തിയിരുന്നു.

നിശ്ശബ്ദമായ സൽകർമ്മങ്ങൾകൊണ്ട് നാട്ടുകാരുടേയും സുഹൃത്തുക്കളുടേയും ജമാഅത്തംഗങ്ങളുടേയും ഹൃദയങ്ങളെ ആകർഷിച്ച പരേതന് അല്ലാഹു മഗ്ഫിറത്ത് നല്കുമാറാകട്ടെ. സ്വർഗ്ഗത്തിൽ അനുയോജ്യമായ സ്ഥാനം നല്കുമാറാകട്ടെ. തന്റെ പിതാവ് ജമാഅത്തിനുവേണ്ടി ചെയ്ത സേവനം തങ്ങൾക്കും ചെയ്യാൻ ഭാഗ്യം കിട്ടുന്നതിനുവേണ്ടി ദുആ ചെയ്യാൻ മൂത്തമകൾ ഫാനിദ വിങ്ങിപ്പൊട്ടുന്ന ഹൃദയത്തോടെ പറഞ്ഞത് ഇവിടെ സ്മരിക്കുകയാണ്. അല്ലാഹു ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.

മാതാവ് ഇമ്മാത്തുകുട്ടി, ഭാര്യ എം.കെ. മുഹമ്മദ് ബഷീർസാഹിബിന്റെ മകളും വാണിയമ്പലം സി.കെ. അലവി സാഹിബിന്റെ ദൗഹിത്രിയുമായ നസീമ. മക്കൾ: ഫാനിദ സിദ്ദീഖാ, നിശാനാ സിദ്ദീഖാ, ശിഫാനാ സിദ്ദീഖാ. സഹോദരങ്ങൾ: ടി.കെ.മഹ്മൂദ്, ഫാത്തിമ, ഖദീജ, റാബിയാ, മർയം, സുലേഖ, റഹ്മത്ത്, ഉമ്മുസൽമ, ശാഹിദ. മരുമക്കൾ: അബൂബക്കർ, ജലാൽ.ടി.എം., പി. അബ്ദുൽ കരീം, സുലൈമാൻ, മുഹ്‌യിദ്ദീൻകുഞ്ഞ്, അബ്ദുർറഹീം, മുഹമ്മദ് ഇസ്മായീൽ (രാജു), സുഹ്റ. (*മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ*)